# സത്യദൂതൻ

2024 ജൂൺ | ലക്കം 06

വില ₹ 30



## അഹ്മദികളും ഹജ്ജും

## മതരൂപീകരണത്തിൽ മൂന്ന് നീതി തത്ത്വങ്ങളുടെ പങ്ക്

## ഇസ്റയേലിനുണ്ടായ രണ്ട് വൻ തിരിച്ചടികൾ

ഉടൻ പുറത്തിറങ്ങുന്നു!!

ഖുർആനിക ദർശനങ്ങളുടെ
അകം പൊരുൾ തുറന്നു കാട്ടുന്ന കൃതി.

# കേവലനീതി കാരുണ്യം ബന്ധുത്വം
# മൂന്ന് സക്രിയ തത്വങ്ങൾ

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
(ഖലീഫത്തുൽ മസീഹ് IV)

വിവ: എ. എം മുഹമ്മദ് സലീം

*മനുഷ്യനിലും പ്രകൃതിയിലും പ്രതിഫലിക്കുന്ന
ദൈവികഗുണങ്ങളുടെ
അസാധാരണവും അത്യുജ്ജ്വലവുമായ
ആവിഷ്ക്കാരം*

# അകം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7** **ഉഹുദ്-ഹംറാഉൽ അസദ് യുദ്ധങ്ങളുടെ പരിണിതഫലങ്ങൾ**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു)

2024 മെയ് 3 ന് മസ്ജിദ് മുബാറകിൽ നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.



**11** **മതരൂപീകരണത്തിൽ മൂന്ന് നീതി തത്ത്വങ്ങളുടെ പങ്ക്**

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് رحمه الله

**16** **ഉച്ചനേരത്തെ ലഘു നിദ്ര.**

ഡോ. സെർമദ് & പ്രൊഫ. അമ്തുൽ റസാഖ്



**18** **യേശു കുരിശിൽ ബോധശൂന്യനാകുകയാണുണ്ടായത്.**

എ. എം മുഹമ്മദ് സലീം

**24** **അഹ്മദികളും ഹജ്ജും**

ഹ്ദറത്ത് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി رضی الله عنه



**26** **വാഗ്ദത്ത മസീഹിന്റെ ആത്മീയ വിപ്ലവം.**

മഹ്മൂദ് കൽക്കുളം

**28** **ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**

ഖലീഫത്തുൽ മസീഹ് അവ്വൽ رضی الله عنه

ഇബ്നു വഫാ ബേപ്പൂർ



**37** **കുറിപ്പുകൾ**

**ഇറാൻ പ്രസിഡണ്ടിന് ആദരഞ്ജലികൾ**

മുസാഫിർ



**39** **ഇസ്റയേലിനുണ്ടായ രണ്ട് വൻ തിരിച്ചടികൾ**

മുസാഫിർ



لا اله الا الله محمد رسول الله

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം

2024 – ജൂൺ
ഹി.ശ. 1404– ഇഹ്സാൻ
1445 ദുൽഖഅ്ദ – ദുൽഹിജ്ജ
പുസ്തകം 96 ലക്കം 06
വില 30 രൂപ



എഡിറ്റർ
**എ.എം.മുഹമ്മദ് സലീം**
**ഫോൺ : 8907 182 933**
Email: salimqld@gmail.com

ചീഫ് എഡിറ്റർ
**എച്ച്.ശംസുദ്ദീൻ**
**ഫോൺ : 9946 021 252**

മാനേജർ
**വി.എം.മാലിക് അമീൻ**
**ഫോൺ : 9895 867 185**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്
എറണാകുളം നോർത്ത്, കൊച്ചി–682018



**Printed & Published by**
B.B.Ahmad Kabeer,
for the Kerala
Ahmadiyya Muslim Jama-ath

**Printed at**
A-One Offset Prints,
Ramanattukara,
Calicut, Kerala - 673 633

**Published at**
Masjid Umar, St. Benedict Road,
Ernakulam, Kochi-18.

**Edited by** A.M. Muhammed Salim.

**Design:** HA *Creative Graphics*

## വിശുദ്ധ ഖുർആനിൽ നിന്ന്

വിശ്വസിച്ചവരേ! അല്ലാഹുവിനുവേണ്ടി സാക്ഷികളായിക്കൊണ്ട് നീതിയെ ശക്തമായി നിലനിറുത്തുന്നവരാകുവിൻ; നിങ്ങൾക്കു തന്നെയോ, മാതാപിതാക്കൾക്കോ, അടുത്ത ബന്ധുക്കൾക്കോ എതിരായി സാക്ഷ്യം നല്കേണ്ടി വാലും ശരി. ധനികനാകനായാലും ദരിദ്രനായാലും അല്ലാഹു തന്നെയാണ് രണ്ടുപേരുടേയും രക്ഷാധികാരി. സ്വേച്ഛകളെ പിൻപറ്റരുത്; നിങ്ങൾ നീതിയിൽ നിന്ന് പിന്മാറാതിരിക്കാൻ. (4:136).





## നബിവചനം

അബൂഹുറൈറയിൽ നിന്നും നിവേദനം ചെയ്യുന്നു:
തിരുനബി(സ) ഇങ്ങനെ അരുൾ ചെയ്തു: ഏതൊരാൾ മനുഷ്യനോട് നന്ദി കാണിക്കുന്നില്ലയോ അയാൾ അല്ലാഹുവിനോടും നന്ദി കാണിക്കുകയില്ല. (തിർമിദി)

## വാഗ്ദത്ത മസീഹിന്റെ വചനം

ഇക്കാലത്ത് അമുസ്‌ലിം ഭരണാധികാരികൾ ഇസ്‌ലാമിന്റെ കാര്യത്തിൽ ഇടപെടുന്നില്ല എന്നത് പ്രത്യക്ഷമാണ്. ഇസ്‌ലാമിന്റെ അടിസ്ഥാന കർമ്മാനുഷ്ഠാനങ്ങളെ അവർ നിരോധിച്ചിട്ടില്ല. നവമുസ്‌ലിംകളെ അവർ കൊന്നുകളയുന്നുമില്ല. അവരെ തുറുങ്കിലടച്ചു ഭേദ്യം ചെയ്യുന്നില്ല. അങ്ങനെയിരിക്കെ ഇസ്‌ലാമിന്റെ വാൾ എന്തിന്ന് ചുഴറ്റപ്പെടണം? മത കാര്യങ്ങളിൽ ഇസ്‌ലാം ഒരിക്കലും ബലപ്രയോഗത്തെ അനുകൂലിച്ചിട്ടില്ല. വിശുദ്ധ ഖുർആനും ഹദീസു കളും ചരിത്രരേഖകളും സൂക്ഷ്മമായി പരിശോധിച്ചിരുന്നെങ്കിൽ മതധർമ്മം വളർത്താനായി ഇസ്‌ലാം വാൾ ചുഴറ്റി എന്ന ആരോപണം തികച്ചും അടിസ്ഥാനരഹിതമാണെന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ടാകില്ല.
(മസീഹ് ഹിന്ദുസ്ഥാൻ മെ)



# മതം മനുഷ്യ സമൂഹത്തെ സേവിക്കാനുള്ളതാണ്.

മതം എന്നത് സ്രഷ്ടാവുമായുള്ള ബന്ധം മാത്രമല്ല. സൃഷ്ടികളോടുള്ള കടപ്പാട് കൂടിയാണ്. മനുഷ്യവംശത്തെ മത വംശ ഭാഷാ ദേശ പരിഗണന കൂടാതെയും കലവറയില്ലാതെയും പ്രത്യുപകാരം കാംക്ഷിക്കാതെയും ദൈവ പ്രീതിക്കായി സേവിക്കുക എന്നതാണ് ഖുർആന്റെ പാഠം. നമ്മുടെ ലോകത്ത് നിന്നും അതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഈ കർമ്മമാർഗത്തിലേക്ക് മനുഷ്യരാശിയെ വീണ്ടും വഴി നടത്തുക എന്നത് കൂടിയാണ് വാഗ്ദത്ത മസീഹിന്റെ ആവിർഭാവത്തിന്റെ ഉദ്ദേശ്യങ്ങളിലൊന്ന്. ഖുർആൻ പറയുന്നു: 'അല്ലയോ ഗുണകാരികളെ നിഷ്ക്കളങ്കതയെ ആശ്രയിച്ചായിരിക്കേണ്ടുന്ന ദാന ദർമ്മങ്ങളെ നിങ്ങൾ സഹായിച്ചവരെ ഉപകാര ബാദ്ധ്യതയെക്കുറിച്ച് ഓർമ്മപ്പെടുത്തിയും അവരെ ദ്രോഹിച്ചും നിങ്ങൾ നിഷ്ഫലമാക്കല്ല ' (2:264) ഈ വചനത്തെ വ്യഖ്യാനിച്ചു കൊണ്ട് വാഗ്ദത്ത മസീഹ് പറയുന്നു. 'ഉപകാരം ചെയ്കയാണെന്ന വിചാരവും കൃതജ്ഞതാ പ്രതീക്ഷയും കൂടാതെ അനുകമ്പാവേശത്തോടു കൂടി ഏറ്റവുമടുത്ത ബന്ധുക്കൾക്കെന്നപോലെ അന്യർക്ക് നന്മചെയ്യലാകുന്നു. അതായത് അമ്മ സ്വന്തം മക്കൾക്ക് വാത്സല്യാതിരേകത്താൽ ഫലകാംഷ കൂടാതെ നന്മ ചെയ്യുന്നത് പ്രകാരം അന്യർക്ക് ഉപകാരം ചെയ്യുക തന്നെ. ഇത് പരോപകാരതയുടെ പരമമായ നിലയാകുന്നു '*(ഇസ്ലാം മതതത്വജ്ഞാനം)*

മതങ്ങൾക്കതീതരായി മനുഷ്യരെല്ലാം ദൈവത്തിന്റെ സൃഷ്ടികൾ എന്ന നിലക്ക് ഒന്നാകുന്നു. റസൂൽ തിരുമേനി(സ) തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ നടത്തിയ ഹൃദയസ്പൃക്കായ ഉപദേശവും അതായിരുന്നു. 'ജനങ്ങളെ നിങ്ങളുടെ ദൈവം ഏകനാകുന്നു. നിങ്ങളുടെ ആദിപിതാവും ഒരാളാണ്. നിങ്ങളെല്ലാം ആദമിന്റെ മക്കളാണ്. ആദമാകട്ടെ മണ്ണിൽനിന്നും സൃഷ്ടിക്കപ്പെട്ടു' ദുർബലരോടും ബലഹീനരോടുമുള്ള റസൂൽ തിരുമേനി(സ)യുടെ അനുരക്തിയും അവരെക്കുറിച്ചുള്ള സഹാനുഭൂതിയും ആശങ്കയും നിസ്സീമമാണ്. അവിടുന്ന് അരുളുകയുണ്ടായി 'പ്രാകൃതരെപോലെ മുടിചീകാതെ പൊടി പാറിയ മുടിയോടുകൂടിയ എത്രയോ ആളുകളുണ്ട്. അവജ്ഞയാൽ വാതിലുകൾ അവർക്ക് നേരെ കൊട്ടിയടക്കപ്പെടുന്നു. അല്ലാഹുവിന്റെ പേരിൽ അവരൊന്ന് ആണയിട്ടാൽ അല്ലാഹു അവരുടെ വാക്കുകൾ സക്ഷാത്ക്കരിക്കും' *(മുസ്ലിം)* 'നിങ്ങൾ എന്നെ ദുർബ്ബലരുടെയു ദരിദ്രരുടേയും ഇടയിൽ അന്വേഷിക്കുക. തീർച്ചയായും നിങ്ങൾക്ക് ഭക്ഷണം നല്കപ്പെടുന്നതും നിങ്ങളുടെ ഇടയിൽ ബലഹീനർ നിമിത്തമാണ്.'*(തിർമിദി)*

വികാര സാന്ദ്രമായ മതങ്ങൾക്ക് കാരുണ്യത്തിന്റെ മഹാപ്രവാഹങ്ങൾ സൃഷ്ടിക്കാനാകും. പരിശുദ്ധമായ ലക്ഷ്യങ്ങളോടുള്ള പ്രതിബദ്ധതയാണ് പരിശുദ്ധമായ ഉറവിടങ്ങളിലേക്ക് മനുഷ്യനെ ആനയിക്കുന്നത്. നന്മയുടെ അദ്ധ്യാപനങ്ങളും പാവനമായ മാതൃകകളും നിറഞ്ഞതാണ് പരിശുദ്ധമായ മതത്തിന്റെ ഉറവിടങ്ങൾ. കുഞ്ഞിന്റെ കരച്ചിൽ കേൾക്കുമ്പോൾ മാതാവിന്റെ സ്തനങ്ങളിൽ പാൽ നിറയുന്നത് പോലെ ദുരിതങ്ങളിലും ദുഖങ്ങളിലും വേദനകളിലും അകപ്പെട്ട മാനവരാശിയുടെ ദീനരോദനങ്ങൾ കേൾക്കുമ്പോൾ മനുഷ്യതീരങ്ങളിലേക്ക് നിസ്തുല സ്നേഹത്തിന്റെ മഹാപ്രവാഹമായി ഈ ഉറവിടങ്ങളിൽ നിന്നും കരുണയും അനുകമ്പയും ഒഴുകണം. വാഗ്ദത്ത മസീഹ് പറയുന്നു: 'ഒരു മതാവ് തന്റെ മക്കളോട് എപ്രകാരം വാത്സല്യം കാണിക്കുന്നുവോ അപ്രകാരമല്ല, അതിലും കൂടുതലായുള്ള സ്നേഹമാണെനിക്ക് മനുഷ്യകുലത്തോടുള്ളത്. സത്യത്തെ ഞെക്കിക്കൊല്ലുന്ന വ്യാജ വിശ്വാസങ്ങളുടെ ശത്രുവാണ് ഞാൻ. മനുഷ്യരോടുള്ള സഹാനുഭൂതി എന്റെ കർത്തവ്യധർമ്മമാകുന്നു.' *(അർബയീൻ. പേ.2).* തീർച്ചയായും ലോകത്തുള്ള എല്ലാ മതങ്ങൾക്കും മനുഷ്യാനുകമ്പ പ്രകടിപ്പിക്കാനുള്ള ശേഷിയുണ്ട് അവർ അവരുടെ ഈ കൃത്യം പ്രാവർത്തികമാക്കിയാൽ ലോകം എത്ര നന്നായേനെ.



# സ്വർഗം:

# വിശ്വാസത്തിന്റെയും സൽക്കർമ്മങ്ങളുടെയും പ്രതിഫലനം

**ഹദ്റത്ത് അഹ്മദ്** ؑ

*മുത്തഖീങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗത്തിന്റെ ഉപമ ഇതാകുന്നു (13:36)*

ഇതൊരു ഉപമയാണ്. യാഥാർത്ഥ്യമല്ല. വിശുദ്ധ ഖുർആന്റെ ഈ വാക്കുകളിൽ നിന്നും മനസ്സിലാവുന്നത് ആ സ്വർഗം മറ്റെന്തോ ആണെന്നാണ്. ബാഹ്യവും ശാരീരികവും മൗലികവുമായ ഈ അനുഗ്രഹങ്ങളെ സ്വർഗത്തിലെ അനുഗ്രഹമായി അനുമാനിക്കാൻ പാടില്ലെന്ന് ഹദീസിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. കാരണം സ്വർഗത്തിലെ അനുഗ്രഹങ്ങൾ ഒരു കണ്ണിന്നും കാണുവാനോ ഒരു കാതിന്നും കേൾക്കുവാനോ സാധിക്കുന്നതല്ല. എന്ന് ഹദീസിൽ വന്നിട്ടുണ്ട്. എന്നാൽ സ്വർഗിയാനുഗ്രഹങ്ങളെ കുറിച്ച് പറയപ്പെട്ട ഉപമകൾ(ഉദാഹരണങ്ങൾ) നമുക്ക് കാണുവാനും കേൾക്കുവാനും സാധിക്കുന്നു. ഒരു സ്ഥലത്ത് അല്ലാഹു സ്വർഗ്ഗത്തെക്കുറിച്ച് പ്രതിപാദിച്ച് കൊണ്ട് പറയുന്നു.

*സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവരെ സുവിശേഷമറിയിക്കുക. അവർക്ക് സ്വർഗവും താഴോരത്തുകൂടി ഒഴുകികൊണ്ടിരിക്കുന്ന അരുവികളുമുണ്ട്. (2: 26)*

ഈ വചനങ്ങളിൽ വിശ്വാസത്തെ സ്വർഗത്തിന്റെയും സൽക്കർമ്മങ്ങളെ ഒഴുകിക്കൊണ്ടിരിക്കുന്ന അരുവികളുടെയും സ്ഥാനത്ത് ഉപമിച്ചിരിക്കുന്നു. അതായത് വിശ്വാസത്തിന്റെ ഫലം സ്വർഗവും സൽക്കർമ്മങ്ങളുടെ ഫലം അരുവികളുമാണ്. എപ്രകാരം ഒരു ഉദ്യാനം അരുവിയും ജലസേചനവുമില്ലാതെ ശുഷ്ക്കിച്ച് പോകുകയും സ്ഥിരത ഇല്ലാതായിത്തീരുകയും ചെയ്യുന്നുവോ അതേ പ്രകാരം സൽക്കർമ്മങ്ങൾ ഇല്ലാത്ത ഈമാൻ പ്രയോജനകരമായിരിക്കില്ല. മറ്റൊരു സ്ഥലത്ത് ഈമാനെ (വിശ്വാസം) വൃക്ഷമായി സദൃശീകരിച്ചിരിക്കുകയാണ്. അതായത് ഈമാൻ വൃക്ഷമായും സൽക്കർമ്മങ്ങൾ ആ വൃക്ഷത്തിന് ജലസേചനം നല്കുന്നവയുമാണ്.

ചുരുക്കത്തിൽ ഈ വിഷയത്തിൽ എത്രകണ്ട് ഗഹനമായി ചിന്തിക്കുന്നുവോ അതിലടങ്ങിയിരിക്കുന്ന ദിവ്യജ്ഞാനങ്ങൾ ഗ്രാഹ്യമായിതീരുന്നതാണ്. എപ്രകാരം ഒരു കർഷകൻ ബീജാവാപം ചെയ്യുന്നുവോ അതേ പ്രകാരം ആത്മീയ കർഷകന് ആത്മീയമായ ബീജാവാപം എന്ന ഈമാന്റെ ആവശ്യമുണ്ട്. എപ്രകാരം ഒരു കർഷകൻ തന്റെ വയൽ തോട്ടം എന്നിവക്ക് ജലസേചനം നല്കുന്നുവോ അതേ പ്രകാരം ആത്മീയമായ ഉദ്യാനത്തിന് ജലസേചനത്തിനായി സൽക്കർമ്മങ്ങൾ ചെയ്യേണ്ടതുണ്ട്.

ഓർത്തുകൊള്ളുക, സൽക്കർമങ്ങളില്ലാത്ത വിശ്വാസങ്ങൾ അരുവിയോ ജലസേചനമോ ഇല്ലാതെ നിഷ്ഫലവും ശുഷ്ക്കവുമായ ഉദ്യാനം പോലെയാണ്. ഒരു വൃക്ഷം എത്രന്നെ ഉത്തമവും ശ്രേഷ്ഠവുമായിരുന്നാലും ഉത്തമമായ പഴങ്ങൾ തരുന്നതയാലും അതിന്റെ ഉടമസ്ഥൻ ജലസേചന കാര്യത്തിൽ അശ്രദ്ധ കാണിക്കുകയാണെങ്കിൽ അതിന്റെ പരിണതഫലം എന്താണെന്ന് ആർക്കുമറിയാവുന്നതാണ്. ഇതേ അവസ്ഥതന്നെയാണ് ആത്മീയ ജീവതത്തിൽ ഇമാൻ എന്ന വൃക്ഷത്തിന്റേയും. ഈമാൻ ഒരു വൃക്ഷമാണ്. അതിനായി മനുഷ്യന്റെ സൽമ്മർമ്മങ്ങൾ അതിന്റെ ജലസേചനത്തിന്നായി ആത്മീയ രീതിയിൽ അരുവികളായി മാറിക്കൊണ്ട് ജലസേചനം നടത്തുന്നു, ആത്മീയാനുഗ്രഹങ്ങളുടെയും ഔദാര്യങ്ങളുടെയും മനോഹരമായ ഫലങ്ങൾ കരഗതമാകുന്നതിന്നായി വളരെയേറെയധികം തീവ്രയത്നം നടത്തേണ്ടിയിരിക്കുന്നു എപ്രകാരമെന്നാൽ അല്ലാഹു പറയുന്നു:

*നമ്മുടെ മാർഗത്തിൽ തീവ്രയത്നം ചെയ്യുന്നവനെ നാം നമ്മുടെ മാർഗത്തിലേക്ക് നയിക്കുന്നതാണ്.*

*(മൽഫൂസാത്ത് 10: 394– 396)*

# ഉഹുദ്–ഹംറാഉൽ അസദ് യുദ്ധങ്ങളുടെ പരിണിതഫലങ്ങൾ

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...)
2024 മെയ് 3 ന് മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.



**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹുല്ലാഹു)

ഹംറാഉൽ അസദ് യുദ്ധത്തെ സംബന്ധിച്ചാണ് പറഞ്ഞുവന്നിരുന്നത്. ഉഹുദിൽനിന്ന് മദീനയിലേക്കുള്ള തിരിച്ചുവരവും ഹംറാഉൽ അസദിനെയും പറ്റി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പരാമർശിച്ച കാര്യങ്ങൾ വിവരിക്കുന്നതാണ്.

ഉഹുദ് യുദ്ധത്തിൽനിന്ന് തിരിച്ചുവന്ന രാത്രി വളരെ ഭയമുളവാക്കുന്നതായിരുന്നു. ഖുറൈശി സൈന്യം മക്കയിലേക്ക് തിരിച്ചെങ്കിലും അത് മുസ്‌ലിംകളെ അശ്രദ്ധയിലാക്കാനുള്ള ലക്ഷ്യത്തോടെയാണോ എന്നുള്ള ആശങ്ക ഉണ്ടായിരുന്നു. അതുകൊണ്ട് അന്ന് രാത്രി മദീനയിൽ കാവലിനുള്ള സംവിധാനം ചെയ്തിരുന്നു. നബി(സ)ന്റെ വീടിന് രാത്രി സമയത്ത് സഹാബാക്കൾ പ്രത്യേകമായും കാവൽ നിന്നിരുന്നു. രാവിലെ ആയപ്പോൾ ഈ ആശങ്ക അസ്ഥാനത്തല്ലെന്ന് മനസ്സിലായി. ഖുറൈശി സൈന്യം മദീനക്ക് ഏതാനും മൈൽ അകലെ തമ്പടിച്ചിട്ടുണ്ടെന്ന് ഫജ്ർ നമസ്കാരത്തിനു മുമ്പ് തന്നെ നബി(സ)നു അറിയിപ്പ് കിട്ടുകയുണ്ടായി. കൂടാതെ ഖുറൈശി മൂപ്പന്മാർക്കിടയിൽ, ചൂടുപിടിച്ച ചർച്ചകൾ നടന്നിരുന്നു. ഒരു കൂട്ടർ പറഞ്ഞു: നിങ്ങൾക്ക് മുഹമ്മദ്(സ)നെ വധിക്കാനോ മുസ്‌ലിം സ്ത്രീകളെ ബന്ദിയാക്കാനോ സമ്പത്ത് സ്വന്തമാക്കാനോ കഴിഞ്ഞില്ല; നിങ്ങൾ അവരെ പരാ ജയപ്പെടുത്തിയ സ്ഥിതിക്ക് പൂർണമായും നശിപ്പിക്കാമായിരുന്നു. പക്ഷെ നിങ്ങൾ അവരെ വെറുതെ വിട്ടു തിരിച്ചുവന്നു. അങ്ങനെ ഇനിയും അവർ ശക്തി സംഭരിക്കും; അതുകൊണ്ട് തിരിച്ചു പോയി മദീനയെ ആക്രമിച്ചു മുസ്‌ലിംകളെ വേരോടെ പിഴുതെറിയുക. എന്നാൽ മറ്റു ചിലർ പറഞ്ഞു: നിങ്ങൾക്ക് ഒരു വിജയം ലഭിച്ചു കഴിഞ്ഞിരിക്കുന്നു. അതിനെ വിലപ്പെട്ടതായി ഗണിച്ചുകൊണ്ട് തിരിച്ചു പോകുന്നതാണ് നല്ലത്. അല്ലെങ്കിൽ ഇപ്പോൾ കിട്ടിയ മേന്മയും നഷ്ടപ്പെടുന്നതാണ്. ഈ വിജയം പരാജയത്തിൽ കലാശിക്കുകയും ചെയ്യും.

ഈ സംഭവങ്ങൾ അറിഞ്ഞപ്പോൾ നബി(സ) മുസ്‌ലിംകളോട് തയ്യാറാകാനും ഉഹുദിൽ വരാത്തവർ ആരും വരേണ്ടെന്നും കൽപ്പന പുറപ്പെടുവിച്ചു. അങ്ങനെ ഉഹുദിലെ വീരയോദ്ധാക്കൾ അവരുടെ മുറിവുകൾ കെട്ടി തങ്ങളുടെ യജമാനന്റെ കൂടെ പുറപ്പെട്ടു. അവർ എട്ട് മൈൽ ദൂരം പിന്നിട്ടു ഹംറാഉൽ അസദിൽ എത്തിയപ്പോൾ നബി(സ) തീ കത്തിക്കുക എന്ന കൽപ്പന നൽകി. അങ്ങനെ (ഹംറാഉൽ അസദ് മൈതാനത്തിൽ) 500 അഗ്നി ജ്വാലകൾ ഉയർന്നു. ഈ അവസരത്തിലാണ് മുശ്‌രിക് നേതാവായ മഅ്ബദ് നബി(സ)ന്റെ സവിധത്തിൽ ഹാജരായതും പിന്നെ ഈ കാര്യങ്ങൾ അബൂസുഫ്‌യാന്റെയും ഖുറൈശി നേതാക്കളുടേയും അടുക്കലെത്തി അവരെ ഭീതിപ്പെടുത്തി അവരുടെ ധൈര്യത്തെ ചോർത്തിക്കളഞ്ഞതും. അങ്ങനെ അവർ മദീനയെ ആക്രമിക്കാനുള്ള ഉദ്ദേശ്യം ഒഴിവാക്കി മക്കയിലേക്ക് പുറപ്പെട്ടു.

അതിനുശേഷം നബി(സ) രണ്ടുമൂന്നു ദിവസം ഹംറാഉൽ അസദിൽ തങ്ങുകയും അഞ്ചു ദിവസത്തെ അഭാവത്തിനുശേഷം മദീനയിൽ തിരിച്ചെത്തുകയുമുണ്ടായി.

ഉഹുദ് യുദ്ധത്തിന്റെ പരിണിതിയെ പറ്റി നീണ്ട ചർച്ചകൾ നടന്നിട്ടുണ്ട്. ചില ചരിത്രകാരന്മാർ ഉഹുദ് യുദ്ധത്തെ പരാജയമായി ഗണിക്കുന്നു. പലരും അത് മുസ്‌ലിംകളുടെ വിജയമാണെന്നു പറയാൻ മടിക്കുന്നു. മറ്റു ചിലർ ഇതിനു രണ്ടിനുമിടയിൽ അഭിപ്രായമുള്ളവരാണ്. വേറെ

ചിലർ ഒരു പരാജയത്തിനു ശേഷമുള്ള പൊതുവിലുള്ള വിജയമായി വിലയിരുത്തുന്നു. വാസ്തവത്തിൽ അക്കാലത്തുണ്ടായിരുന്ന യുദ്ധനിയമങ്ങളും സമ്പ്രദായങ്ങളുമനുസരിച്ച് നോക്കിയാൽ മുസ്‌ലിംകൾക്ക് പരാജയമുണ്ടായെന്ന് പറയാൻ കഴിയില്ല. കാരണം അബൂസുഫ്‌യാൻ മുദ്രാവാക്യവിളിയും കഴിഞ്ഞ് തന്റെ സൈന്യത്തെയുംകൂട്ടി മൈതാനത്തുനിന്ന് പോകുന്ന സമയത്തും മുസ്‌ലിംകൾ മൈതാനത്തു തന്നെ ഉണ്ടായിരുന്നു. അയാൾ ഇത് ബദ്‌റിന് പകരമുള്ള വിജയമാണെന്ന വീരവാദവും ഉയർത്തിയിരുന്നു. വാസ്തവത്തിൽ ഇത് എങ്ങനെയാണ് ബദ്‌റിന് പകരമാകുക? ബദ്‌റിൽ കാഫിരീംകളുടെ വലിയ വലിയ നേതാക്കന്മാർ കൊല്ലപ്പെടുകയും 70 പേർ ബന്ദികളാക്കപ്പെടുകയും സമരാർ ജിത സ്വത്ത് മുസ്‌ലിംകൾക്ക് ലഭിക്കുകയും ചെയ്തിരുന്നു. വിജയികളായ മുസ്‌ലിംകൾ നാട്ടുനടപ്പനുസരിച്ച് മൂന്ന് ദിവസം അവിടെ തങ്ങുകയുണ്ടായി. അതേ സമയം ഉഹുദിൽ ഇതിലെ ഒരു കാര്യം പോലും കാഫിരീംകൾക്ക് ലഭ്യമായില്ല. എന്നിരിക്കെ ഇതെങ്ങനെയാണ് ബദ്‌റിന് പകരമാകുക? ആദ്യഘട്ടത്തിൽ വ്യക്തമായ വിജയം കിട്ടിയ ശേഷം മുസ്‌ലിംകൾക്ക് വമ്പിച്ച ജീവനഷ്ടം ഉണ്ടായെന്നത് ശരിതന്നെ.

ഹദ്‌റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്[റ] എഴുതുന്നു: സ്ഥായിയായ പരിണിതിയുടെ അടിസ്ഥാനത്തിൽ ഉഹുദ് യുദ്ധത്തിന് ബദ്‌റിനെ അപേക്ഷിച്ച് ഒരു പ്രസക്തിയും ഇല്ല. എങ്കിലും ഈ യുദ്ധം താൽക്കാലികമായിട്ടാണെങ്കിലും മുസ്‌ലിംകൾക്ക് ചില നഷ്ടങ്ങൾ വരുത്തിവെക്കുകയുണ്ടായി. ഒന്ന്:- ഇതിൽ ചില വലിയ സ്വഹാബാക്കളടക്കം 70 പേർ ശഹീദാക്കപ്പെട്ടു. നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. രണ്ട്:- ബദ്ർ യുദ്ധം കാരണം അൽപം ഭീതിയിലായിരുന്ന മദീനയിലെ യഹൂദികളും മുനാഫിഖീംകളും ഇപ്പോൾ ധൈര്യമുള്ളവരായി മാറി, മൂന്ന്:- മക്കാ ഖുറൈശികൾ വളരെ ധൈര്യമുള്ളവരായി മാറി. തങ്ങൾ ബദ്‌റിനുള്ള പകരം വീട്ടിയെന്നും ഇനിയും കൂട്ടമായി ചേർന്ന് ആക്രമിക്കുകയാണെങ്കിൽ മുസ്‌ലിംകളെ പരാജയപ്പെടുത്താമെന്നും ധരിച്ചു തുടങ്ങി. നാല്:- അറേബ്യയിലെ സാധാരണ ഗോത്രങ്ങളും ഉഹുദിനുശേഷം തന്റേടത്തോടെ തലയുയർത്താൻ തുടങ്ങി. ഈ എല്ലാ ദോഷവശങ്ങൾ ഉണ്ടെങ്കിൽ പോലും പൊതുവായ ഒരു യാഥാർഥ്യമെന്തെന്നാൽ ഖുറൈശികൾക്ക് ബദ്ർ യുദ്ധത്തിലുണ്ടായ നഷ്ടം നികത്താൻ ഉഹുദിലെ വിജയം പര്യാപ്തമായിരുന്നില്ല. ഈ നഷ്ടവും ഒരു കണക്കിന് മുസ്‌ലിംകൾക്ക് ഗുണപ്രദമായിരുന്നു. നബി[സ]ന്റെ ഇച്ഛക്കും നിർദേശത്തിനും വിപരീതമായി ചുവടുവെക്കുന്നത് ഒരിക്കലും വിജയത്തിനും അഭിവൃദ്ധിക്കും കാരണമാകുന്നതല്ലെന്ന് പകൽ വെളിച്ചംപോലെ മുസ്‌ലിംകൾക്ക് ബോധ്യപ്പെടുകയും ചെയ്തു.

നബി[സ] മദീനയിൽ തന്നെ നിൽക്കാനാണ് അഭിപ്രായപ്പെട്ടത്. അതിന് ഉപോൽബലകമായി തന്റെ ഒരു സ്വപ്നവും കേൾപ്പിച്ചിരുന്നു. എന്നാൽ ആളുകൾ പുറത്തിറങ്ങി യുദ്ധം ചെയ്യാൻ ശാഠ്യം പിടിക്കുകയായിരുന്നു. നബി[സ] അവരെ മലയിടുക്കിൽ നിർത്തുകയും എന്ത് തന്നെ സംഭവിച്ചാലും അവിടെ നിന്ന് മാറരുതെന്ന് കൽപ്പിക്കുകയും ചെയ്തിരുന്നു. പക്ഷെ അവർ യുദ്ധമുതലുകൾ സ്വരുക്കൂട്ടാനുള്ള ചിന്തയിൽ പ്രസ്തുത സ്ഥലം ഒഴിവാക്കി താഴേക്ക് ഇറങ്ങി വന്നു. ഉഹുദിലെ പരാജയം ഒരു നിലക്ക് പ്രയാസകരമായിരുന്നുവെങ്കിലും മറുഭാഗത്ത് മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ഒരു വലിയ പാഠമായി തീരുകയും ചെയ്തു.

ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് തന്റെ ഒരു പ്രഭാഷണത്തിൽ ഉഹുദ് യുദ്ധത്തിലെ സംഭവങ്ങൾ വിശകലനം ചെയ്തുകൊണ്ട് അതിലെ ചില സംഗതികൾ വിവരിച്ചത് ഇങ്ങനെയാണ്. 1. മുസ്‌ലിംകളിലെ പരാജയ ബോധത്തെ പൂർണമായും ഇല്ലാതാക്കാൻ അവരെ കാലവിളംബം കൂടാതെ വീണ്ടും രണാങ്കണത്തേക്ക് ഇറക്കുകയല്ലാതെ മറ്റൊരു നല്ല ചുവടും ഉണ്ടായിരുന്നില്ല.

2. യുവാക്കളേയും പുതിയ യോദ്ധാക്കളെയും കൂടെ വരാൻ അനുമതി നല്കാതെ നബി[സ] തന്റെ നാഥനിൽ മാത്രമായിരുന്നു പ്രതീക്ഷയർപ്പിച്ചിരുന്നത് എന്ന് തെളിയിക്കുകയുണ്ടായി. 3. ഉഹുദ് മൈതാനത്തിൽ കാലിടറിയ സ്വഹാബാക്കളെ നബി[സ] സമാശ്വാസിപ്പിക്കുകയും അവരെ പൂർണ വിശ്വാസത്തിലെടുക്കുകയും ചെയ്തു. 4. നബി[സ]ന് അവരിൽ ഉണ്ടായിരുന്ന വിശ്വാസം ഒരിക്കലും വൈകാരിക തീരുമാനം അല്ലായിരുന്നു. കാരണം മുഹമ്മദ് മുസ്തഫാ[സ] ഉഹുദിന്റെ അടുത്ത ദിവസം തന്നെ ശത്രുക്കളെ പിന്തുടരാൻ തീരുമാനിച്ചത് തന്റെ ആളുകൾക്ക് മേലുള്ള ഒരു വലിയ ഔദാര്യമാകുന്നു. കാരണം ഒരിക്കലും ഒരു സൈന്യാധിപനും തന്റെ സൈന്യത്തിനുമേൽ ഇങ്ങനെ ചെയ്തിട്ടില്ല. അത് അവരുടെ വ്രണിത നിലപാടിന് വളരെ വേഗത്തിൽ പൂർണമയ ശമനം നല്കുകയുണ്ടായി. 5. നബി[സ]ന്റെ ഈ നീക്കം കേവലം മനഃശാസ്ത്ര പരവും ധാർമികപരവും ആയിരിന്നില്ലെന്നും മറിച്ച് സൈനികപരമായും വളരെ ഗുണപ്രദമായെന്ന് തെളിയിക്കുകയുണ്ടായി. നബി[സ] തന്റെ യുക്തിയും വിവേകവും മുഖേന മഹത്തായ വിജയങ്ങൾ സ്വായത്തമാക്കുകയുണ്ടായി.

ആ മഹാത്മാവ് തുടരുന്നു: ഏത് യുദ്ധം നോക്കിയാലും നബി[സ]ന്റെ ഏറ്റവും ഉന്നതവും അതുല്യവുമായ കഴിവുകൾ പ്രകടമാകുന്നുണ്ട്. അത് ഒരു സൈന്യാധിപൻ എന്ന നിലക്ക് തിരുനബി[സ]ൽ ഏറ്റവും പ്രകടമായ നിലയിൽ ഉണ്ടായിരുന്നു. എന്നാൽ നബി[സ]ന്റെ ആദ്യ

ശേഷം പേജ് 41 ൽ

# മതരൂപീകരണത്തിൽ മൂന്ന് നീതി തത്വങ്ങൾക്കുള്ള പങ്ക്



കാലഘട്ടങ്ങളിലൂടെ അവതീർണ്ണരായ പ്രവാചകന്മാർ നീതിയുടെ അദ്ധ്യാപനങ്ങൾ പ്രാഥമിക ഘട്ടത്തിൽ നിന്നും വികസിപ്പിച്ചു ഇസ്‌ലാമിക നിയമങ്ങളുടെ ഉന്നതമായ ശ്രേണിയിലേക്ക് അവയെ എങ്ങനെ എത്തിച്ചു എന്ന് കാണിക്കുന്നു.

**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്** (റഹ്)
**ഖലീഫത്തുൽ മസീഹ് നാലാമൻ**

**നീ**തിയുടെ തത്വങ്ങൾ മതത്തിന്റെ മേഖലയിൽ മനുഷ്യ സ്വഭാവത്തിലും ആരോപിക്കാവുന്നതാണ്. വിശുദ്ധ ഖുർആൻ വെളിപ്പെടുന്നതിന് മുമ്പുള്ള മതങ്ങളെപ്പറ്റി പരാമർശിച്ചുകൊണ്ട് നമുക്ക് ചർച്ച ആരംഭിക്കാം. മറ്റു വാക്കുകളിൽ പറഞ്ഞാൽ മനുഷ്യരാശിക്ക് സന്മാർഗദർശനത്തിന് ആദം നബി(അ)യിലൂടെ അവതീർണമായ ലോകത്തിലെ ആദ്യത്തെ മതത്തിൽ നിന്നും സമാരംഭിക്കാം. ആ സമൂഹത്തിലെ പ്രാഥമിക പാഠങ്ങളുമായി ബന്ധപ്പെട്ട് വിശുദ്ധ ഖുർആൻ പ്രതിപാദിച്ചിട്ടുള്ള ഒരു മതസമൂഹത്തിന്റെ പ്രാഥമിക അദ്ധ്യാപനങ്ങളിലാണ് നമ്മുടെ നമ്മുടെ ശ്രദ്ധ പതിയുക. വിശുദ്ധ ഖുർആനിലെ ആ പ്രാഥമിക മതസമൂഹത്തെ സംബന്ധിച്ച അദ്ധ്യാപനങ്ങൾ. മുഖ്യമായും സാമൂഹിക സാമ്പത്തിക നീതിയുമായി ബന്ധപ്പെട്ടതാണ്.

ആദമിന്റെ മതം ദൈവികാദ്ധ്യാപനങ്ങളുടെ അടിസ്ഥാനശില പാകിയത് ഘട്ടം ഘട്ടമായാണെന്ന് കാണാം. കാലക്രമമനുസരിച്ച് അവർ അതിന്റെ പരിവൃത്തി വിപുലപ്പെടുത്തുകയും കേവലം നീതിയെപറ്റിയുള്ള ചർച്ചയിൽ നിന്നും കടന്ന് കൂടുതൽ പുരോഗമനാത്മകമായ ഇഹ്സാനിലേക്കും ഈതാഇദിൽ ഖുർബായുടെ അദ്ധ്യാപനങ്ങളിലേക്കും പുരോഗമിക്കുകയുണ്ടായി. ചുരുക്കത്തിൽ ആദം നബി(അ)യുടെ കാലഘട്ടം മുതൽ മുഹമ്മദ് നബി (സ) യുടെ കാലഘട്ടം വരെ മതം സമ്പൂർണമായ ഒരു പരിപൂർത്തി എത്തുന്നതിനിടക്ക് മനുഷ്യ വികാസത്തിന്റെ വിവിധ ഘട്ടങ്ങളിൽ സുനിശ്ചിതമായ ഒരു പരിണാമ പ്രവണത ദർശിക്കാവുന്നതാണ്. മതങ്ങളെന്ന് വിളിക്കപ്പെടുന്ന മറ്റെല്ലാ രൂപങ്ങളും ഒരു പക്ഷേ മിത്തുകളും ഇതിഹാസങ്ങളുമായിരിക്കും. അല്ലെങ്കിൽ വെളിപാട് മതങ്ങളുടെ മനുഷ്യ കൃതങ്ങളായ ജീർണ രൂപങ്ങളായിരിക്കാം.

### ആദ(അ)മിന്റെ കാലം

പ്രവാചകത്വ സ്ഥാപനം അതാത് കാലത്തെ ജനങ്ങൾക്ക് ഉന്നതങ്ങളിൽ നിന്നും ജ്ഞാനോദയത്തിന്റേതായ ഒരു സന്ദേശം കൊണ്ടു വരുന്നതായി കാണപ്പെടുന്നു. അത് അക്കാലത്തെ ജനങ്ങൾ. അനുസരിക്കുകയോ അല്ലെങ്കിൽ അവരുടെ അബദ്ധങ്ങളുടെയും പാപങ്ങളുടെയും ഫലമായി സ്വാഭാവികമായ അനന്തരഫലം അനുഭവിക്കുകയോ ചെയ്യും. ചോദ്യമിതാണ്: ഇതിൽ പ്രവാചകന്മാർക്കുള്ള ആധികാരികമായ പങ്ക് എന്താണ്? എന്ത് തരത്തിലുള്ള നീതിയാണ് അവരിൽ ആരോപിക്കപ്പെടുക? ദിവ്യവെളിപാടുകളിലധിഷ്ഠിതമായ മതങ്ങൾ ആവിർഭവിക്കുന്നതിന് മുമ്പ് സമൂഹത്തിന് അവരുടെ നേതാക്കന്മാരെ തിരഞ്ഞെടുക്കാനുള്ള സമ്പൂർണ സ്വാതന്ത്ര്യമുണ്ടായിരുന്നു. അതായത് നേതാക്കന്മാരെ അവർക്ക് അനുസരിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യാം. അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് പെട്ടെന്ന് ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ അനുസരിക്കണം എന്ന് വരുന്നു? വിശുദ്ധ ഖുർആൻ ആദം(അ)നെ ചൂണ്ടിക്കാട്ടിക്കൊണ്ട് ഈ സമസ്യക്ക് ഉത്തരം കണ്ടെത്തുന്നു. ആദം(അ)മിന് സ്വയം തന്റെ മറ്റു അനുചരന്മാരുടെ മേൽ യാതൊരു വിധ വ്യക്തിപരമായ ഔന്നത്യവും ഉണ്ടായിരുന്നില്ല. അദ്ദേഹം തന്റെ സഹചരരുമായി സമത്വഭാവത്തോടെ സഹവർത്തിച്ചു വരികയായിരുന്നു. ആദമിന് അന്യരെ അനുസരിപ്പിക്കാനുള്ള മേധാശക്തിയുണ്ടായിരുന്നില്ല. എന്നാൽ അല്ലാഹു തന്റെ വചനവും അധികാരവും ആദമിൽ ഊതുകയുണ്ടായി. (സന്നിവേശിപ്പിക്കുകയുണ്ടായി). അതിന് ശേഷമാണ് ആദമിന് ആ മേധാശക്തി ലഭിച്ചത്. തദനുസൃതം പ്രവർത്തിക്കാൻ തുടങ്ങിയത്.

ഖുർആനിക സാങ്കേതികാർത്ഥ പ്രകാരം ദൈവത്തിന്റെ ഊത്ത് (നിശ്വാസം) എന്നത് മനുഷ്യനിലേക്കുള്ള ദൈവത്തിന്റെ വെളിപാടുകളുടെ പ്രവാഹമുണ്ടാകുക എന്നാണ് അർത്ഥമാക്കുന്നത്. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു:

**‘നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ അവസരം സ്മരിക്കുക. മുട്ടിയാൽ ശബ്ദമുണ്ടാക്കുന്ന രൂപപ്പെടുത്തിയ കറുത്ത കളിമണ്ണിൽ നിന്നും ഞാൻ മനുഷ്യനെ സൃഷ്ടിക്കാനുദ്ദേശിക്കുകയാണ്. അങ്ങനെ നാം അവനെ (തികവുറ്റ നിലയിൽ) രൂപപ്പെടുത്തുകയും എന്റെ**

**ചൈതന്യത്തിൽ നിന്ന് ഊതുകയും ചെയ്തു കഴിഞ്ഞാൽ നിങ്ങൾ അവനെ അനുസരിച്ചുകൊണ്ട് അവന് കീഴപ്പെടുവിൻ'** (സൂറ: അൽ ഹിജ്ർ15: 29 30)

സമാനമായൊരു പാരാമർശം സൂറ: അൽ കഹ്ഫിൽ പരിശുദ്ധ പ്രവാചകനെപറ്റി പറയുന്നിടത്ത് കാണാം.

**'പറയുക തീർച്ചയായും ഞാൻ നിങ്ങളെ പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങളുടെ ആരാധ്യൻ ഒരേയൊരു ആരാധ്യൻ മാത്രമാണെന്ന് എനിക്ക് ദിവ്യവെളിപാടുണ്ടായിരിക്കുന്നു.'** (അൽകഹ്ഫ് 18:111)

ദൈവത്തിന്റെ ഉഛ്വാസത്തിന്നുള്ള മുന്നുപാധി തഖ്വയാണ്. അതായത് അല്ലാഹുവിനോടുള്ള ഭയഭക്തിയാകുന്നു അത്. തഖ്വ എന്ന പദത്തിന്റെ യഥാർഥ അർഥത്തിൽ ഒരാൾ അല്ലാഹുവിനെ ഭയപ്പെടുന്നു എന്നതിനർത്ഥം അയാൽ വെളിപാടുകളുടെ സ്വീകർത്താവാകാൻ യോഗ്യനാണ് എന്നാണ്. അതുകൊണ്ടാണ് തഖ്വ, അതായത് തഖ്വ മാത്രമാണ് ബഹുമതിയുടെ അടയാളമാകുന്നത്.

നഫ്ഖെ റൂഹ് (സൂറ: ഹിജ്ർ വചനം: 30) *'ദൈവത്തിൽ നിന്നുള്ള ജീവന്റെ ഉച്ഛ്വാസം'* മനുഷ്യനെ സംബന്ധിച്ച് മാത്രമാണ് ഉപയോഗിക്കുന്നത്. മറ്റ് മൃഗങ്ങളുമായി ബന്ധപ്പെട്ട് ഉപയോഗിക്കാറില്ല. 'നഫ്ഖ്' എന്ന ക്രിയക്ക് എന്തിലെങ്കിലും ഊതുക എന്നാണ് അർത്ഥം. ഈ സാങ്കേതിക പദത്തിന്റെ പ്രാഥമികാർത്ഥം ജീവന്റെ ഊത്ത് എന്നാണ്. പക്ഷേ ഈ സന്ദർഭത്തിൽ മനുഷ്യ ജീവന് മാത്രമാണ് ഈ പ്രയോഗം ബാധകമാവുക. എല്ലാ ജീവജാലങ്ങൾക്കും ഒരു അഹവും ഒരു കേന്ദ്രബോധവുമുണ്ടായിരിക്കും. എന്നാൽ ഈ ബോധത്തിന് ഭൗതിക ജീവിതത്തിനുള്ള അതിജീവന ശേഷി ഉണ്ടായിരിക്കില്ല. റൂഹ് എന്നത് ആത്മാവ് എന്ന് വിവർത്തനം ചെയ്യണം. അത് എല്ലാ ജീവികൾക്കുമുള്ള ജീവൻ എന്നതിന്റെ വിപരീതമാണ്. ആത്മാവ് എന്നത് മനുഷ്യന് മാത്രം നല്കപ്പെടുന്ന ഒന്നാണ്.

വിശുദ്ധ ഖുർആനിൽ വ്യാപകമായി ഉപയോഗിച്ച മറ്റൊരു സാങ്കേതിക നാമം നഫ്സ് ആണ്. നഫ്സിന്റെ ലളിതമായ അർഥം ജീവൻ എന്നാണ്. എല്ലാ ജീവജാലങ്ങൾക്കും നഫ്സ്- ജീവൻ ഉണ്ട്. എന്നാൽ എല്ലാ ജീവജാലങ്ങൾക്കും റൂഹ് ഇല്ല. ഇതാണ് റൂഹും നഫ്സും തമ്മിലുള്ള അടിസ്ഥാന വ്യത്യാസം. റൂഹ് എന്നത് ബോധത്തിന്റെ കൂടുതൽ വികസിതമായ ദ്വിതീയ ഘട്ടമാണ്. അതിന്ന് മരണ സമയത്ത് ശരീരത്തിൽ നിന്ന് വേർപെട്ടതിന് ശേഷവും സ്വയം ജീവിക്കാനുള്ള ശേഷിയുണ്ട്. ഊർജ്ജത്തിന്റെ ഈ മാത്രയെ വിശദീകരിക്കാൻ സാധ്യമല്ല. കാരണം റൂഹിന്റെ പ്രകൃതി എന്താണെന്ന് മനസ്സിലാക്കാനുള്ള ഘട്ടത്തിൽ മനുഷ്യ വിജ്ഞാനം എത്തിയിട്ടില്ല. വിശുദ്ധ ഖുർആൻ മനുഷ്യന് മനസ്സിലാവാൻ വേണ്ടി റൂഹിനെ ദൈവത്തിന്റെ വചനമായി ലളിതമായി വിവരിക്കുന്നു.

നഫ്ഖിന്റെ കേന്ദ്ര അർഥം 'ദൈവത്തിൽ നിന്നുള്ള വെളിപാട്' എന്നാണ്. അതിനാൽ ദൈവത്തിൽ നിന്നുള്ള വെളിപാട് ഇറങ്ങുന്ന പ്രക്രിയയും അതേ സാങ്കേതിക പദത്തിന്റെ പരിധിയിൽ വരുന്നു. ആത്മാവിന്റെ സൃഷ്ടി എന്നത് ജീവന്റെ ക്രമേണയുള്ള പരിണാമാത്മകമായ ഒരു ഘട്ടത്തെ കുറിക്കുന്നു. അത് പുറമേനിന്നും വന്നതല്ല. എന്നാൽ അത് അല്ലാഹുവിനാൽ മനുഷ്യന് നൽകപ്പെട്ട പ്രാഥമികമായ ഉന്നത ശ്രേണിയാണ്. വെളിപാടുകളാകട്ടെ സാധാരണക്കാരുടെ വിതാനത്തിൽ നിന്നും ഉയർന്നു നിൽക്കുന്നു. ദൈവദാസരിൽ നിന്നും ദൈവം തിരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള രണ്ടാമത്തെ ഉന്നതമായ ശ്രേണിയാണ്. ദൈവിക വെളിപാടുകൾ ലഭിച്ചവരിൽ നിന്നും അടുത്ത പദവീക്രമത്തിലേക്ക് തിരഞ്ഞെടുക്കാൻ യോഗ്യതയുള്ള അവർ പ്രവാചകന്മാരുടെ ശ്രേണിയിൽ പെടുന്നു. ഇതിനെയാണ് പ്രവാചകത്വം എന്ന് വിളിക്കുന്നത്. അങ്ങനെയാണ് ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയായി ഉയർന്ന ശ്രേണീക്രമത്തിലേക്ക് നഫ്ഖെ റൂഹ് ലൂടെ സൃഷ്ടിക്കപ്പെടുന്നത്. അത് ഉയർന്ന ഒരു ക്രമത്തിലേക്കും കൂടുതൽ പരിശുദ്ധമായ അർഥ ധ്വനിയിലേക്കുമാണ് സൃഷ്ടിക്കപ്പെടുന്നത്. ഈ ഒരു വീക്ഷണകോണിൽ ദൈവത്തിന്റെ ഒരു പ്രവാചകനെ അനുസരിക്കേണ്ടതിന്റെ ആവശ്യകത അനീതിയോ അയുക്തികമോ അല്ല. കാരണം ഒരു പ്രവാചകൻ അനുസരണം ആവശ്യപ്പെടുന്നത് അദ്ദേഹം ദൈവത്തിന്റെ പ്രതിനിധി എന്ന നിലക്കാണ്.

അദ്ദേഹം ദൈവത്തെ പ്രതിനിധീകരിക്കാൻ യോഗ്യനാണ് എന്ന് ദൈവം സദാസമയവും വിശ്വസ്തതയോടെ കണക്കാക്കുന്നതിന്ന് കാരണം അദ്ദേഹത്തിന്റെ സത്യത്തോടുള്ള തികഞ്ഞ പ്രതിബദ്ധതയാണ്. അപ്രകാരം അയാൾക്ക് ദൈവവുമായോ അവന്റെ സന്ദേശവുമായോ മനുഷ്യ വംശവുമായോ ബന്ധപ്പെട്ട് എന്തെങ്കിലും വിധത്തിലുള്ള അനീതി നിർവഹിക്കാൻ സാദ്ധ്യമാകില്ല. എന്നാൽ ഇത് സംഭവിക്കുന്നത് അത്തരം വ്യക്തികളുടെ ഗുണങ്ങൾ ദൈവം അവരിൽ നട്ടു വളർത്തുകയും അത് തികവുറ്റ ഒരു അനുപാതത്തിലും സന്തുലനത്തിലും എത്തിച്ചേരുകയും ചെയ്യുമ്പോൾ മാത്രമാണ്. അതിന്ന് ശേഷം മാത്രമാണ് ദൈവം അദ്ദേഹത്തെ ഒരു ദിവ്യദൂതനായി വർത്തിക്കാൻ യോഗ്യനായി കണക്കാക്കുകയുള്ളു. അതോടെ ദൈവം അവന്റെ വിശ്വസ്ഥത അവനിൽ നിക്ഷേപിക്കുന്നു. ആ വിശ്വസ്തത ഒരിക്കലും തന്നെ ലംഘിക്കപ്പെടുകയുമില്ല. ഇത്തരം ദൈവത്തിന്റെ പ്രതിനിധികൾകളിൽ ചിലർ നിയമ വാഹകരായ പ്രവാചകന്മാരായിരിക്കും. അവർ ഒരു പുതുയുഗത്തിന്റെ കാഹളമൂത്തുകാ

രാണ്. ആ നിയമവാഹകനായ പ്രവാചകന്റെ കാലഘട്ടം അവസാനിക്കുന്നത്വരെ അദ്ദേഹത്തെ പുതിയ നിയമവാഹകരല്ലാത്ത പ്രവാചകന്മാർ അനുധാവനം ചെയ്യുന്നു. അവരും പ്രവചനാത്മകമായ വെളിപാടുകളുടെ സ്വീകർത്താക്കളായിരിക്കും. അവർ ദൈവത്തിന് വേണ്ടി മറ്റു ചില ധർമ്മങ്ങളും നിർവഹിക്കുന്നു. ദൈവത്തിലുള്ള വിശ്വാസം അങ്ങനെ പ്രബലപ്പെടുകയും സമൂഹത്തിന്റെ പരിഷ്ക്കരണം നടത്തുകയും ചെയ്യുന്നു.

വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ ദൈവത്തെ ആരാധിക്കൽ നിർദ്ദിഷ്ട പ്രാർത്ഥനകൾ നിർവഹിക്കൽ, നന്മക്ക് വേണ്ടി ചെലവ് ചെയ്യൽ. ഈ മൂന്ന് കാര്യങ്ങൾ എല്ലാ മതങ്ങൾക്കും പൊതുവായുള്ള അടിസ്ഥാന അദ്ധ്യാപനങ്ങളാണ്.

**അനുസരണത്തിൽ അല്ലാഹുവിനോട് ആത്മാർത്ഥത പുലർത്തുന്നവരും ഏകാഗ്രമാനസരുമായി അല്ലാഹുവിനെ ആരാധിക്കാനും നമസ്ക്കാരം നിലനിർത്താനും സക്കാത്ത് കൊടുക്കാനുനും വേണ്ടിയല്ലാതെ അവരോട് ആജ്ഞാപിക്കപ്പെട്ടിരുന്നില്ല. അതത്രെ സത്യപാതയിലുള്ള (ജനങ്ങളുടെ) മതം** (സൂറ: അൽ ബയ്യിന. 98:6)

### ആദമിന്റെ സ്വർഗം

ആദ(അ)മിന്ന് നൽകപ്പെട്ട സ്വർഗം ഈ സാർവ്വത്രിക നിയമത്തിൽ നിന്നും ഭിന്നമായ ഒന്നായിരുന്നില്ല. മേൽ പ്രതാവിച്ച ഖുർആനിക വചനം മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം വിവരിക്കുന്നു. അത്പോലെ മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം വിവരിക്കുന്നു. ഈ ബന്ധങ്ങൾ പാലിക്കപ്പെടേണ്ട നിയമങ്ങളെ സംബന്ധിച്ചും പ്രതിപാദിക്കുന്നു. ഉദാഹരണത്തിന്, ആദമിന് നൽകപ്പെട്ട നിയമം വിശുദ്ധ ഖുർആനിലെ രണ്ട് വചനങ്ങളിൽ വിവരിക്കുന്നു. ഈ വചനങ്ങളുടെ ആദ്യഭാഗം വ്യാപകമായി ഉദ്ധരിക്കപ്പെടുന്നതും വ്യാപകമായി തെറ്റിദ്ധരിപ്പിക്കപ്പെട്ടതുമാണ്. അത് ആദം(അ) പറഞ്ഞ വിലക്കുകളുമായി ബന്ധപ്പെട്ടതാണ്. അതായത് സ്വർഗത്തിലെ രണ്ട് തരം വൃക്ഷങ്ങളുമായി ബന്ധപ്പെട്ട വചനങ്ങളാണത്. ഒരു തരം വൃക്ഷത്തിന്റെ ഫലം അല്ലാഹു ആദമിനും ഹവ്വക്കും അനുവദിക്കപ്പെട്ടതാണ്. യാതൊരു വിലക്കുമില്ലാതെ സന്തോഷത്തോടെ അവർക്ക് അത് ഭക്ഷിക്കാം. പക്ഷേ മറ്റെതരം വൃക്ഷത്തെപറ്റി ദൈവം ആദ(അ)മിനെ താക്കീത് ചെയ്തു. ആ വൃക്ഷവുമായി അകലം പാലിക്കാനായിരുന്നു താക്കീത്. ഇത് ചീത്ത വൃക്ഷമായിട്ടാണ് വിവരിക്കപ്പെട്ടത്. സാധാരണക്കാർ ഭൗതികാർത്ഥത്തിലാണ് ഇതിനെപ്പറ്റി ചിന്തിക്കുന്നത്. അത് നാം ഭൂമിയിൽ സാധാരണ നമുക്കറിയുന്നത് പോലെ ഫലം തരുന്ന വൃക്ഷമാണെന്നാണ് ഗണിക്കുന്നത്. വിശുദ്ധ ഖുർആന്റെ ഈ വിവരണത്തിനോട് സമാനമായ വിവരണമാണ് പഴയ നിയമത്തിലും കാണുന്നത്. ആയതിനാൽ ഇസ്‌ലാം മതത്തിലേയും യഹൂദമതത്തിലേയും ക്രിസ്തു മതത്തിലേയും പണ്ഡിതന്മാർ ഖുർആനിലെ ഈ ആലങ്കാരിക പ്രയോഗത്തിന് ബൈബിൾ പഴയ നിയമത്തിന്റേത് പോലെയുള്ള അർത്ഥം നല്കാനുള്ള ശ്രമമാണ് നടത്തിയത്.

വിവിധ പണ്ഡിതന്മാർ ഇതിൽ നിന്നു നിഗമനം ചെയ്തെടുത്ത വിശദമായ വിവരണങ്ങളിലേക്ക് ഞാൻ പോകാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ സംശയലേശമന്യേ ഈ രണ്ടു വൃക്ഷങ്ങളെ പറ്റിയുള്ള പ്രതിപാദനവും ആദ(അ)മിന് നല്കപ്പെട്ട വിധി വിലക്കുകളടങ്ങിയ ദിവ്യനിയമങ്ങളെ പറ്റിയാണെന്ന കാര്യത്തിൽ സംശയമില്ല. ഇവിടെ പറയപ്പെട്ട ചീത്ത വൃക്ഷം എന്നത് പരസ്പരം പാലിക്കേണ്ട പൊതു ധാർമികാദ്ധ്യാപനങ്ങളും നീതി തത്ത്വങ്ങളും ലംഘിക്കുന്ന ഒരു മതസമൂഹത്തിന്റെ അദ്ധ്യാപനത്തിന്റെ ഭാഗങ്ങളെ സംബന്ധിച്ചാണ്. ദൈവം അവരുമായുള്ള സംസർഗ്ഗം നിരോധിക്കുകയുണ്ടായി. എന്തായിരുന്നാലും ഈ ധാർമികാദ്ധ്യാപനങ്ങൾ പരസ്പരം വ്യത്യസ്തത പുലർത്തുന്ന മനുഷ്യന്റെ നീതി സങ്കൽപ്പങ്ങളുടെയും ന്യായവാദങ്ങളുടെയും വ്യാഖ്യാനത്തിന്ന് വിട്ടുകൊടുത്തിട്ടില്ല. ഇത്തരം കാര്യങ്ങൾ സംഭവിക്കാതിരിക്കാൻ പ്രവാചകന്മാർക്ക് നല്കപ്പെട്ട അദ്ധ്യാപനങ്ങൾ വളരെ വ്യക്തവും സംഗ്രഹിതവുമാണ്.

സുഖദായകമായ ഫലം നൽകുന്ന മറ്റെ വൃക്ഷത്തിന്റെ ഫലം ആദമി(അ)നും ഹവ്വക്കും യഥേഷ്ടം ഭക്ഷിക്കാൻ അനുവദിക്കുകയും ചെയ്തിരിക്കുന്നു. ഇത് വ്യക്തമായും ആദമിന്റെ ദിവ്യനിയമങ്ങളിലെ ക്രിയാത്മകമായ കൽപ്പനകൾ ഉൾക്കൊള്ളുന്നതാണ്.

ഇവിടെ ജീവിതത്തിന്റെ അടിസ്ഥാനപരമായ പെരുമാറ്റച്ചട്ടങ്ങളുടെ വിശദാംശങ്ങൾ ഈ വചനങ്ങളിൽ സൂചിപ്പിച്ചിട്ടില്ല. ഇതിൽ നിന്നും ആദമിന്റെ സമൂഹത്തിൽ പരസ്പരം വ്യക്തികളുടെ മൗലികാവകാശങ്ങൾ ലംഘിക്കുന്നതിനെ വിലക്കിയിരിക്കുന്നതായി നമുക്ക് വളരെ വ്യക്തമായും അനുമാനിച്ചെടുക്കാം. ഇത്തരം ലംഘനങ്ങൾ അവർക്കിടയിൽ സമാധാന ഭംഗത്തിനും പല കഷ്ടനഷ്ടങ്ങൾക്കും കാരണമാകുമായിരുന്നു.

മറ്റൊരു വചനത്തിൽ നിന്നും ഇതേ വിഷയത്തിൽ ആ പ്രാക്തന സമൂഹത്തിലെ സാമ്പത്തിക നീതി നിയമങ്ങൾക്ക് അടിത്തറയിട്ടതായി കാണാം.

**തീർച്ചയായും നിനക്ക് ഇതിൽ വിശക്കേണ്ടതില്ല നഗ്നനാകേണ്ടതില്ല (അതിനെല്ലാം വ്യവസ്ഥ ചെയ്തിരിക്കുന്നു) തീർച്ചയായും നിനക്കതിൽ ദാഹമുണ്ടാകുകയില്ല. വെയിലിന്റെ ഉഷ്ണ മേൽക്കുകയുമില്ല.** (സൂറ: ത്വാഹ 20:119)

അതായത് സാമ്പത്തിക വീക്ഷണത്തിൽ നോക്കുമ്പോൾ ആദം (അ)മിന്റെ അദ്ധ്യാപനങ്ങൾ പ്രാഥമി

കമായ ഒരു സമൂഹ നിർമ്മിതിക്ക് മനുഷ്യന് നൽകപ്പെട്ട നാല് മുഖ്യ മൗലികാവകാശങ്ങൾ ഉൾക്കൊള്ളുന്നു. അവ ഇപ്രകാരമാണ്

1. എല്ലാ മനുഷ്യനും ഉചിതമായ രീതിയിൽ ഭക്ഷണം ലഭിക്കാനുള്ള അവകാശമുണ്ട്. ആരും തന്നെ വിശന്നിരിക്കാൻ പാടില്ല.

2 എല്ലാ മനുഷ്യനും വേണ്ട വിധം വസ്ത്രധാരണത്തിന്നുള്ള അവകാശമുണ്ട്.

3 എല്ലാ മനുഷ്യനും ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കണം.

4 ആരും തന്നെ പാർപ്പിടമില്ലാതെ ഇരിക്കാൻ പാടില്ല.

എന്തായാലും യാഥാസ്ഥിതികരായ പണ്ഡിതന്മാരെ സംബന്ധിച്ചിടത്തോളം ആദ(അ)മിന്റെ കഥയിൽ പ്രതിപാദിക്കപ്പെട്ട സ്വർഗം സത്യവിശ്വാസികൾക്ക് മരണാനന്തരം വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗം തന്നെയാണ്. ആരെങ്കിലും അത്തരത്തിലുള്ള സിദ്ധാന്തങ്ങൾ പരിഗണിക്കുകയാണെങ്കിൽ പരലോകത്ത് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗത്തിന്റെ വിവരണങ്ങളും ആദമിനും അദ്ദേഹത്തിന്റെ അനുയായികൾക്കും വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗവും തമ്മിലുള്ള വ്യത്യാസം കണ്ടാൽ അത്ഭുതപ്പെട്ടുപോകും. ഇത് എന്ത് തരത്തിലുള്ള സ്വർഗമായിരുന്നു? അവിടെ വിശപ്പ് അകറ്റാൻ വേണ്ടി മാത്രമുള്ള ഭക്ഷണവും കുടിവെള്ളവും ഉടുക്കാൻ വസ്ത്രവും തലക്ക് മുകളിൽ കൂരയും മാത്രമേ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളൂ. മരിച്ചതിന്ന് ശേഷം സാത്വികർക്ക് ലഭിക്കുന്ന സ്വർഗം അത്തരത്തിലല്ല ഖുർആനിൽ വിവരിക്കപ്പെട്ടിട്ടുള്ളത്. ലൗകിക ജീവിതത്തിലെ സന്തോഷങ്ങൾക്ക് പകരമായി ആരാണ് അത്തരത്തിലുള്ള ഒരു സ്വർഗം ആഗ്രഹിക്കുക.

വികസിത സമൂഹങ്ങളിലെ താഴെത്തട്ടിലുള്ള സാധാരണക്കാരായ ജനങ്ങൾ പോലും ആദം(അ) ബഹിഷ്കൃതനായ സ്വർഗത്തെക്കാൾ മികച്ച സ്വർഗം ആസ്വദിക്കുന്നവരാണ്!!. അത്തരം സ്വർഗത്തെ യാഥാസ്ഥിതികരായ മത പുരോഹിതന്മാർ പോലും എപ്പോഴെങ്കിലും ആഗ്രഹിക്കുമോ എന്ന് നാം സഗൗരവം സംശയിക്കുന്നു. ഒരു പരിത്യക്തയായ സ്ത്രീ, ഒരു വിലക്കപ്പെട്ട വൃക്ഷം, ചില വൃക്ഷങ്ങളിൽ തീർച്ചയായും ഫലങ്ങളുണ്ട്. പക്ഷേ ചുറ്റും എണ്ണമറ്റ പാമ്പുകളും.!! മതിയായ വസ്ത്രം നല്കുമെന്ന വാഗ്ദാനം ലംഘിക്കപ്പെട്ടു. ആദമും(അ)ന്റെയും അദ്ദേഹത്തിന്റെ പത്നിയും കണ്ണ് തുറന്നപ്പോൾ അവർ നഗ്നരായി കാണപ്പെട്ടു. വസ്ത്രം ഇല്ലായിരുന്നു. അവർക്ക് തലചായ്ക്കാൻ പാർപ്പിടമില്ലായിരുന്നു. അവർക്ക് നഗ്നത മറക്കാൻ സ്വർഗത്തിലെ വൃക്ഷത്തിൽ നിന്നു കൊഴിഞ്ഞു വീണ അൽപ്പം ഇലകൾ മാത്രമാണുണ്ടായിരുന്നത്. ഈ മഹത്തായ സ്വർഗത്തിൽ എത്തിച്ചേരാൻ ഏതെങ്കിലും സാത്വികനായ മനുഷ്യൻ യാചിച്ചു പ്രാർത്ഥിക്കുമോ!!. അഹോ കഷ്ടം, ഇത് സത്യവിശ്വാസികൾക്ക് അവരുടെ മഹത്തായ ത്യാഗത്തിന്റെ ഫലമായി വിശുദ്ധ ഖുർആനിൽ വാഗ്ദാനം ചെയ്ത സ്വർഗം ഇതല്ല.

ഇത് (ആദം(അ)ന്റെയും ഹവ്വായുടെയും സ്വർഗം) ശാസ്ത്രീയ സോഷ്യലിസത്തിന്റെ തത്ത്വശാസ്ത്ര പ്രകാരം കാറൽ മാർക്സ് വരച്ചു കാട്ടിയ സ്വർഗത്തേക്കാൾ കവിഞ്ഞ മറ്റൊന്നുമല്ല. ഇത് ആദമി(അ)ന്റെയും ഹവ്വയുടെയും കഥയിൽ മനുഷ്യന് ആദ്യമായി നൽകിയ വാഗ്ദാനമാണ്. ഇത് മനുഷ്യന് നല്കപ്പെട്ട ആദ്യത്തെ മനുഷ്യാവകാശങ്ങളിലെ ആദ്യത്തെ പ്രമാണമായി വിവരിക്കപ്പെടാവുന്നതാണ്. ശാസ്ത്രീയ സോഷ്യലിസക്കാർ വിഭാവന ചെയ്ത സ്വർഗത്തെക്കാൾ വികസിതമായതാണ് ഭൂമിയിലെ ആദമിന്റെ സ്വർഗം. സോഷ്യലിസ്റ്റ് തത്വശാസ്ത്രത്തിന്റെ സൂക്ഷ്മമായ പഠനം നമ്മുടെ വീക്ഷണത്തെ പൂർണമായും പിന്തുണക്കുന്നതാണ്. മാർക്സിസം ലെനിനിസത്തിൽ മൂന്ന് മൗലികാവകാശങ്ങളേ ഉള്ളടങ്ങിയിട്ടുള്ളൂ. അതിനപ്പുറം ഒന്നുമില്ല. അതിനപ്പുറമുള്ളതെല്ലാം ഐച്ഛികമാണ്. അത് നല്കാം നല്കാതിരിക്കുകയും ചെയ്യാം. ശാസ്ത്രീയ സോഷ്യലിസം വാഗ്ദാനം ചെയ്യുന്നത് എല്ലാവർക്കും ശരിയായ രീതിയിലുള്ള ഭക്ഷണം, ശരിയായ പാർപ്പിടം, ശരിയായ വസ്ത്രം എന്നിവ മാത്രമാണ്.

ഖുർആനിൽ പരാമർശിക്കപ്പെട്ട ഏറ്റവും അടിസ്ഥാനപരമായ സാമ്പത്തിക നീതി സോഷ്യലിസ്റ്റ് ആദർശങ്ങളേക്കാൾ എത്രയോ വിശാലമാണ്. സോഷ്യലിസ്റ്റ് ആശയങ്ങളിൽ കുടിവെള്ളം വാഗ്ദാനം ചെയ്യപ്പെട്ടിട്ടില്ല. ഒരു പക്ഷേ അത് വാഗ്ദാനം ചെയ്യപ്പെടാൻ മാത്രം പ്രാധാന്യമുള്ളതല്ല എന്ന് തെറ്റിദ്ധരിച്ചതാകാം. വിദഗ്ന്മാർ നല്കുന്ന വസ്തുതകളും കണക്കുകളും തികച്ചു വ്യത്യസ്തമായ മറ്റൊരു കഥയാണ് പറയയുന്നത്. ആഫ്രിക്കയിലും ഏഷ്യയിലും ജീവിക്കുന്ന വലിയ വിഭാഗം മനുഷ്യർ ചുരുങ്ങിയ ജലം കൊണ്ട് കഷ്ടിച്ച് ജീവിക്കുന്നവരാണ്. അത് തന്നെ പലപ്പോഴും ലഭ്യമല്ല. പലതും മനുഷ്യോപയോഗത്തിനും ആരോഗ്യത്തിനും പറ്റിയതല്ല. പിന്നീടാണ് ഐക്യരാഷ്ട്ര സഭയുടെ സുപ്രധാനമായ സംഘടനകളാണ് ശുദ്ധജലത്തിന്റെ ലഭ്യത ഒരു അവകാശമായെടുത്തത്. മനുഷ്യ സമൂഹത്തിന്റെ ഏറ്റവും പ്രാക്തന ഘട്ടത്തിൽപോലും വിശുദ്ധ ഖുർആന്റെ സ്വർഗീയ സങ്കൽപ്പത്തിന്റെ മേന്മ ആലോചിച്ചു നോക്കൂ. ശുദ്ധജലത്തിന്റെ പ്രാധാന്യം തിരിച്ചറിയപ്പെടുകയും അത് അനുവദിക്കപ്പെടുകയും ചെയ്യുകയുണ്ടായി.

## പ്രവാചകത്വ സ്ഥാപനത്തിന്റെ വികാസം

ആദമിന് ശേഷവും പ്രവാചകത്വം തുടർന്നുകൊണ്ടിരുന്നു. ആദം (അ) നു ശേഷവും നോഹ(അ)ക്ക് മുമ്പും പ്രവാചകന്മാർ ലോകത്ത് പ്രത്യക്ഷപ്പെട്ടു കൊണ്ടിരുന്നു. ഈ പ്രവാചകന്മാർ ഖുർആനിൽ പരാമർശി

ക്കപ്പെട്ടിട്ടില്ല. അതിന് കാരണം അവർ നിയമ ദാതാക്കളായ പ്രവാചകന്മാരല്ലാത്തതായിരിക്കാനാണ് സാദ്ധ്യത. നോഹയുടെ സമയം വരെ അബ്രഹാമിന്റെ നിയമമായിരുന്നു നിലവിലുണ്ടായിരുന്നത്.

ആദ(അ)മിന്റെ കാലം മുതൽ നോഹ(അ)യുടെ കാലം വരെ നാഗരികത ഗണ്യമായി പുരോഗമിച്ചതായി ചരിത്രം സാക്ഷ്യം നല്കുന്നു. മെസപ്പെട്ടോമിയയിലാണ് നോഹ പ്രത്യക്ഷപ്പെട്ടെതെങ്കിൽ, പൊതുസ്ഥലങ്ങളെല്ലാം വിദൂരദേശങ്ങളിൽ നിന്നും വണിക് സംഘങ്ങളെ ആകർഷിക്കുന്ന വികസിതമായ കച്ചവട കേന്ദ്രങ്ങളായി മാറി. അനുകൂലമായ കാലവസ്ഥ മെസെപ്പൊട്ടേമിയൻ (Mesopotamia)* ജനതയെ വേട്ടയാടി- കായ്കനികൾ ശേഖരിച്ച് കഴിയുന്ന വേരുകളില്ലാത്ത നാടോടി സംസ്ക്കാരത്തിൽ നിന്നും സ്ഥിരവാസത്തിന്റെ കാർഷിക വൃത്തിയുടെ സംസ്ക്കാരത്തിലേക്ക് പരിവർത്തിപ്പിച്ചു. ജലസേചനം ലോഹവിദ്യ, പാത്ര നിർമ്മാണം, മറ്റു കരകരകൗശല വസ്തു നിർമാണം, വാസ്തുനിർമാണവിദ്യ എന്നിവ ഉന്നതമായ രീതിയിൽ വികാസം പ്രാപിച്ചു. വിശുദ്ധ ഖുർആനിൽ പോംമ്പി (Pompeii)** യിൽ ഉള്ളത് പോലെയുള്ള ഒരു സമ്പന്ന സമൂഹം ഭൂകമ്പത്തിന് മുമ്പായി നിലനിന്നിരുന്നതായി ഖുർആൻ വിവരിക്കുന്നു. ഭൂകമ്പത്തിൽ അത് തുടച്ചുനീക്കപ്പെടുകയാണുണ്ടായത്.

ഈ വികസിത സമൂഹത്തിന്ന് മാറിയ സാഹചര്യങ്ങൾക്കും സമൂഹത്തിന്റെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾക്കും സ്വാഭാവികമായും കൂടുതൽ പുരോഗമിച്ച ദൈവിക അധ്യാപനം ആവശ്യമായി വന്നു. പക്ഷേ നാം വിശുദ്ധ ഖുർആനിൽ കാണുന്നത് എന്തെന്നാൽ നോഹയുടെ ജനത എല്ലാവിധ അതിക്രമങ്ങളും നടത്തി, സത്യപാതയിൽ നിന്ന് വ്യതിചലിക്കുകയും തികച്ചും പാപം നിറഞ്ഞ ഒരു ജനതയായി മാറുകയും ചെയ്തു. ഇതിൽ നിന്നും നമുക്ക് പാപത്തിന്റെ സങ്കൽപ്പം വ്യക്തമായും അനുമാനിക്കാൻ സാധിക്കുന്നതാണ്. ഒരു നിയമം കൂടാതെ പാപ സങ്കൽപ്പം സ്വീകരിക്കാൻ സാധ്യമല്ല. ദൈവിക നിയമങ്ങൾ ലംഘിക്കുന്നതാണ് മതപരമായ സങ്കേതികാർത്ഥത്തിൽ പാപം എന്ന് പറയുന്നത്.

ഇത് തന്നെയാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അവതരിച്ച വിവിധ പ്രവാചകന്മാർ അഭിസംബോധന ചെയ്ത മറ്റു ജനതകളുടെയും സ്ഥിതി. വിശുദ്ധ ഖുർആൻ അവരുടെ അധ്യാപനങ്ങൾ പൊതുവേ പരാമർശിക്കുക മാത്രമാണ് ചെയ്യുന്നത്. വിശദമായ വിവരണം ആവശ്യമില്ല. ഇബ്രാഹിം(അ) ഇസ്ഹാഖ്(അ) ഇസ്മായീൽ(അ) യഅ്ഖൂബ്(അ) യൂസുഫ്(അ) എന്നിവർ ഇബ്രാഹിമി(അ)ന്ന് നല്കപ്പെട്ട ആ നിയമത്തിൽ ഉൾപ്പെട്ടവരാണ്. മതത്തിന്റെ മുഖ്യപ്രമേയം തികഞ്ഞ സമർപ്പണത്തോടെ അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ അനുസരിച്ച് ദൈവത്തെ ആരാധിക്കുകയും ഇബ്രാഹിമിന്റെ(അ) മാർഗത്തിൽ ചരിക്കുകയും ചെയ്യുക എന്നതാണ്. ഇവിടെ ഉപയോഗിച്ചമില്ലത്ത് എന്ന പദത്തിന്റെ പരിധിയിൽ ഈ അർഥം ഉൾക്കൊള്ളുന്നു. എന്നിരുന്നാലും അധ്യാപനങ്ങളുടെ വിശദാംശങ്ങൾ വിവരിക്കപ്പെട്ടിട്ടില്ല. ഖുർആന് മുമ്പ് വെളിപ്പെട്ടതും എല്ലാ ദിവ്യനിയമങ്ങൾക്കും ബാധകവുമായ മാർഗദർശനാത്മകമായ ഒരു തത്ത്വം എന്താണെന്ന് വച്ചാൽ ദൈവം എല്ലായ്പ്പോഴും ജനങ്ങൾക്ക് വഹിക്കാൻ കഴിയുന്നത് മാത്രമേ ഭരമേൽപ്പിക്കുകയുള്ളൂ. ദൈവം ജനങ്ങളുടെ ആവശ്യമെന്താണോ അത്തരം സാമൂഹിക സാമ്പത്തിക ധാർമിക സാഹചര്യങ്ങളുമായിട്ടാണ് അവരുടെ മതാചാരങ്ങളെ ഇണക്കി നിർത്തുക.

ഇത് മൂസാനബി(അ)യുടെ കാലം എത്തുന്നത് വരെ തുടർന്നു. മൂസവീ നിയമം അതിന് മുമ്പുണ്ടായിരുന്ന പ്രവാചകന്മാരുടെ നിയമത്തെക്കാൾ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ആ നിയമത്തിലെ ചില വിലക്കുകൾ വിശദമാക്കുമ്പോൾ വിശുദ്ധ ഖുർആൻ യഅ്ഖൂബ് നബി(അ)യുടെ കാലത്തെ ഭക്ഷണത്തെ സംബന്ധിച്ചുള്ള നിബന്ധനകളിലേക്ക് വെളിച്ചം വീശുകയുണ്ടായി. വുശുദ്ധ ഖുർആൻ റസൂൽ തിരുമേനി(സ)യെ പല നിലക്കും മൂസാ നബി(അ)യോട് സാദൃശ്യപ്പെടുത്തി പറഞ്ഞിട്ടുണ്ട്. വീണ്ടും നാം ബൈബിൾ പഴയ നിയയമത്തിലും (ആവർത്തനം 18:18) ഈ സാദൃശ്യപ്പെടുത്തൽ കാണാം. അതായത് മൂസാ നബി(അ) തന്റെ സഹോദരന്മാർക്കിടയിൽ ജനിക്കുന്ന തന്നെ പോലെയുള്ള ഒരു ഭാവി പ്രവാചകനെ പറ്റി വിവരം നല്കിയിരിക്കുന്നതായി കാണാം.

എന്തുകൊണ്ടാണ് മൂസാ നബി(അ)യുടെ നിയമത്തെ സംബന്ധിച്ച് വിശദമായ വിവരം വിശുദ്ധ ഖുർആനിൽ നാം വായിക്കുന്നത്? അതേ സമയം ന്യായപ്രമാണ വാഹകനായ നൂഹ് നബി(അ) എന്ന മഹാനായ പ്രവാചകന്റെ നിയമത്തെ കുറിച്ച് തികഞ്ഞ മൗനം പാലിക്കുന്നു. ഈ ചോദ്യത്തിന് ഉത്തരം നല്കുമ്പോൾ നാം ഓർക്കേണ്ട സംഗതി എന്താണെന്ന് വച്ചാൽ, ഖുർആൻ പ്രകാരം പ്രവാചകനായ മുഹമ്മദ് നബി(സ)ക്ക് ശരീഅത്ത് വെളിപ്പെട്ടത് മൂസാനബി(അ)ക്ക് വെളിപ്പെട്ടത് പോലെ നേരിട്ട് താരതമ്യം ചെയ്തുകൊണ്ടാണ്. രണ്ട് പ്രവാചകന്മാരും സമാനതകളുള്ളവരാണ്. വീണ്ടും ഖുർആന്റെ അവകാശവാദം വിശുദ്ധ ഖുർആന്റെ നിയമം കൂടുതൽ തികവാർന്നതും സമ്പൂർണവുമാണെന്നാണ്. എവിടെയെല്ലാം രണ്ടു നിയമങ്ങൾ തമ്മിൽ വ്യത്യസ്തതകൾ ഉണ്ടോ ഖുർആന്റെ ഈ അവകാശവാദം പരിശോധിച്ചു നോക്കാവുന്നതാണ്. മറ്റു ചില കാരണങ്ങൾ താരതമ്യത്തിന് വേണ്ടി മൂസവീ നിയമത്തിലെ എല്ലാ പ്രധാനപ്പെട്ട അധ്യാപനങ്ങളും സംരക്ഷിച്ച് നിർത്തേണ്ടതുണ്ട്. അത് മതത്തിന്റെ പ

രിണാമ ചരിത്രത്തിലെ ഏറ്റവും നിർണായകമായ അടയാളമാണ്. മതപരമായ ഈ പരിണാമം ആസൂത്രണം ചെയ്തും നിയന്ത്രിച്ചതും ദൈവികമായ ആജ്ഞക്ക് കീഴിലായിരുന്നു. മൂസവീ ന്യായപ്രമാണം വ്യക്തമായും ശക്തമായും ഊന്നൽ നല്കിയത് നീതിയിന്മേലായിരുന്നു. തീർച്ചയായും മാപ്പിനെപ്പറ്റിയും പ്രതിപാദിച്ചിരുന്നു. പക്ഷേ വളരെ നേരിയ തോതിലുള്ള ഒരു പകരമായിട്ടാണ്. അതായത് ഒരു അപവാദം എന്ന നിലക്ക് മാത്രം. മൂസവീ ന്യായപ്രമാണത്തിലെ പൊതുനിയമം നീതിയുടെയും പ്രതികാരത്തിന്റെയും നിർവ്വഹണമാണ്.

നാം നല്ലത് പോലെ കാണാൻ കഴിയുന്നത് മാപ്പ് നല്കുന്നതിന്റെ വ്യവസ്ഥ ***ഇഹ്സാൻ*** എന്ന പദത്തിന്റെ അർഥ പരിധിയിൽ വരുന്നതാണ്. ഇത് സൂചിപ്പിക്കുന്നത് ***ഇഹ്സാൻ*** മൊത്തത്തിൽ നിഷേധിക്കപ്പെടുന്നില്ല. യേശു(അ)വിന്റെ അധ്യാപനങ്ങളിലും വേണ്ടവിധം അതിന്റെ പ്രാധാന്യം ആർജിക്കുന്നില്ല. ഞാൻ ന്യായപ്രമാണത്തെ നീക്കുവാൻ വന്നു എന്ന ആരോപണത്തെ യേശു അസന്നിഗ്ദമായി നിഷേധിക്കുന്നുണ്ട്. (മത്തായി 5: 17-18) അദ്ദേഹം പ്രതികാരത്തിന്റെ വ്യവസ്ഥയിൽ നിന്നും മാപ്പ് നല്കലിന്റെ വ്യവസ്ഥയിലേക്കുള്ള മാറ്റത്തിന് ഊന്നൽ നല്കുകയുണ്ടായി. അത് ഒരേ ദിവ്യ ന്യായപ്രമാണത്തിനകത്ത് നിന്നും ഒരു നിരോധനത്തിൽ നിന്നും മറ്റൊന്നിലേക്കുള്ള മാറ്റം മാത്രമാണ്. എന്നാൽ അവസാനത്തെ ന്യായപ്രമാണ വാഹകനായ പ്രവാചകൻ മുഹമ്മദ്(സ)ന്റെ കാലമാവുമ്പോഴേക്കും അതിന്റെ പക്വമായ പൂർണതയിലേക്ക് രൂപപരിണാമം വന്നു. ***അദ്ൽ ഇഹ്സാൻ ഈതാ ഇദിൽ ഖുർബാ*** എന്നീ തത്വങ്ങൾ സുശക്തമായ നിലയിൽ പാലിക്കുകയും അതിന്റെ ആക്കതൂക്കം നിലനിർത്തുകയും ചെയ്യുന്ന വളരെ വികസിതവും സമഗ്രവും സന്തുലനാത്മകവുമായ തത്വങ്ങൾ നാം അതിൽ കാണുന്നു.

നൂഹ് നബി(അ)യെകുറിച്ചുള്ള ചർച്ചയിലേക്ക് നമുക്ക് വരാം. നീതിയുടെ അധ്യാപനങ്ങളുമായി ബന്ധപ്പെട്ട് ധാരാളം ചോദ്യങ്ങൾക്ക് ഉത്തരം നൽകപ്പെടേണ്ടതുണ്ട്. ഖുർആന്റെ പഠനത്തിൽ നിന്നും അത് നിഗമനം ചെയ്തെടുക്കാൻ പ്രയാസമില്ല. നോഹ(അ)യുടെ ജനം തീർത്തും നീതി പാലനത്തിൽ നിന്നും മുക്തരായിരുന്നു, ജീവിതത്തിന്റെ സകല മേഖലകളിലും സ്വേച്ഛാധിപത്യവും മർദ്ദനവും വ്യാപിച്ചു. അനീതിയിൽ വർത്തിച്ചിരുന്ന ജനത്തിന് ഉദാരതയുടെ അധ്യാപനത്തിൽ നിന്നും മാപ്പ് നൽകാനാകുമോ? അല്ലെങ്കിൽ നീതിയുടെ താത്പര്യങ്ങൾ നിർവഹിക്കാൻ എല്ലാ അതിക്രമികളും അവരുടെ പാപങ്ങൾക്ക് ശിക്ഷിക്കപ്പെടണമോ? ഇത് നാം അഭിമുഖീകരിക്കപ്പെടേണ്ട രണ്ട് സുപ്രധാനമായ ചോദ്യങ്ങളാണ്.

നൂഹിന്റെ ജനത അദ്ദേഹത്തെ നിരന്തരം പരിഹസിച്ചുകൊണ്ടിരുന്നു. അവർ അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങളെ നിശിതമായി നിഷേധിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ നിഷ്ഫലമാക്കാനുള്ള എല്ലാ പ്രവർത്തനങ്ങളും അവർ നടത്തി. ഈ എതിർപ്പിന്റെയെല്ലാം വെളിച്ചത്തിൽ നൂഹിന്റെ ദയാദാക്ഷിണ്യത്തിന്ന് വേണ്ടിയുള്ള അഭ്യർത്ഥന ദൈവം കേട്ടു. ആയതിനാൽ ആ ജനതയുടെ നാശത്തിന്റെ നിശ്ചിത സമയം ആഗതമാവുന്നതിന്ന് മുമ്പ് അവർക്ക് വേണ്ടി മാപ്പിരക്കുന്നതിൽ നിന്നും ദൈവം അദ്ദേഹത്തെ തടഞ്ഞു. അവരുടെ കാര്യത്തിൽ പരിഷ്ക്കരണത്തിന്റെയോ സംസ്ക്കരണത്തിന്റെയോ എല്ലാ പ്രതീക്ഷകളുടെ സീമയും കഴിഞ്ഞു. എന്ന് ദൈവം നൂഹ് നബി(അ)യെ അറിയിച്ചു. ദൈവത്തിൽ നിന്നും ഈ വിധി ലഭിച്ച ശേഷം നൂഹ് നബി(അ) അന്തിമമായി അവർക്കനുകൂലം എന്നതിനെക്കാൾ അവർക്കെതിരെ പ്രാർത്ഥിച്ചു. ആ പ്രാർത്ഥനയിൽ അദ്ദേഹം ആരെയും ഒഴിവാക്കിയില്ല. അദ്ദേഹത്തെ വിശ്വസിക്കാത്തവരെയെല്ലാം അദ്ദേഹം ആ പ്രാർഥനയിൽ ഉൾപ്പെടുത്തി. അദ്ദേഹത്തിന്റെ പുത്രനെയും ആ പ്രാർഥനയിൽ ഉൾപ്പെടുത്തണമെന്ന കാര്യം നൂഹ് അറിഞ്ഞില്ല. തന്റെ പുത്രൻ കൂടി ആ നാശത്തിൽ മുങ്ങാൻ പോവുന്നു എന്ന യാഥാർഥ്യത്തെപ്പറ്റി നാടകീയമാം വിധം നൂഹ്(അ) ബോധവാനായി. ആസന്ന നിമിഷങ്ങളിൽ പ്രളയ ജലത്തിൽ മുങ്ങിത്താവാൻ പോവുന്ന മകനെ നൂഹ്(അ) കണ്ടു. എന്റെ മകനേ, എന്റെ മകനേ, എന്റെ സ്വന്തം രക്തത്തിന്റെ രക്തമേ!. പ്രളയ ദുരന്തത്തിൽ തന്റെ മകൻ പീഡകരോടൊപ്പം മുങ്ങിത്തായാൻ പോവുന്ന രംഗം കണ്ട പരിഭ്രാന്തിയിൽ നൂഹ്(അ) വിലപിച്ചു.

വരാനിരിക്കുന്ന തലമുറകൾക്ക് മഹത്തരവും പാവനവുമായ ഒരു പാഠം എന്ന നിലക്ക് ഒരു മാതൃക സ്ഥാപിച്ചുകൊണ്ടുള്ള ദൈവത്തിന്റെ ഒരു വിധിയായിരുന്നൂ അത്. കേവല നീതി ഒരു കാലഘട്ടത്തിന്റെ ഭരണ നിർവ്വഹണമായി വരുന്ന നാൾ അതിന്റെ പ്രവർത്തനത്തിൽ മറ്റു മാനുഷിക ബന്ധങ്ങളൊന്നും ഇടപെടാൻ അനുവദിച്ചിരുന്നില്ല. ദൈവം ഒരു തരത്തിൽ പെട്ട അക്രമികളെ ശിക്ഷിക്കാൻ തീരുമാനിച്ചാൽ ആ സ്വഭാവഗണത്തിൽപെടുന്ന എല്ലാവരെയും ഒരു പോലെ ഗണിക്കുന്നു. ഒരാളെ അപേക്ഷിച്ച് മറ്റെയാൾക്ക് യാതൊരു പരിഗണനയുമില്ല. അത്തരമൊരു സാഹചര്യത്തിൽ പ്രവാചകന്റെ അടുത്ത ബന്ധുക്കൾ പോലും ഒഴിവായിപ്പോവില്ല.

ലൂത്ത് നബി(അ)യുടെ ജനത സ്വവർഗ ഭോഗം എന്ന അപരാധം ചെയ്തിരുന്നവരും പരസ്യമായി ലജ്ജാ ഹീനത പ്രദർശിപ്പിച്ചിരുന്നവരും വഴിപോക്കരെ കൊള്ളയടിക്കുന്ന ഒരു ജനതയുമായിരുന്നു. ദൈവം ഇബ്രാഹിം നബി(അ)യെ അവർക്ക് വേണ്ടി പ്രാർഥിക്കാൻ അനുവദിച്ചു. അവർ ലൂത്ത് നബി(അ)യുടെ ജനതയ്ക്ക് നൽകപ്പെട്ട താക്കീതിനെ പറ്റി ചിന്തിക്കാൻ വിസമ്മതിക്കുകയും

അവരുടെ ജുഗുപ്സാവഹമായ ഹീന കൃത്യങ്ങൾ തുടരുകയും ചെയ്തപ്പോൾ അവരെ നശിപ്പിക്കാനുള്ള ദൈവത്തിന്റെ വിധി വന്നെത്തുകയായിരുന്നു. ആസന്നമായ നാശത്തെ കുറിച്ച് ലൂത്ത് നബി(അ)യും ഇബ്രാഹിം നബിയും(അ) താക്കീത് ചെയ്തതിനു ശേഷം ഗോമേര, സൊഡോം എന്നിവിടങ്ങളിലെ ജനത ഉന്മൂലനം ചെയ്യപ്പെടുമാറുള്ള അതിഭയാനകമായ ഒരു ഭൂകമ്പത്തിന്ന് വിധേയമായി. ഈ സംഭവങ്ങളിൽ പ്രവാചകന്മാർ ദൈവത്തിന്റെ ഔദാര്യത്തിനു വേണ്ടി പ്രാർത്ഥിച്ചു. അക്രമികൾക്ക് മാപ്പ് നല്കുന്നതിനേക്കാൾ ദൈവം വിധിച്ചത് അവരെ ശിക്ഷിക്കാനായിരുന്നു. ഇതായിരുന്നു കേവല നീതിയുടെ തത്വത്തിൽ തികവുറ്റ രീതിയിൽ ഉള്ളടങ്ങിയിരുന്നത്.

ഇതിനു വിപരീതമായി യൂനുസ് നബി(അ)യുടെ ജനത നശിച്ചു പോകുമെന്ന് പ്രവചിക്കപ്പെട്ടുവെങ്കിലും അവർ ദൈവത്തിന്റെ വെറുപ്പിൽ നിന്നും രക്ഷപ്പെടുകയുണ്ടായി. യൂനുസ് നബി(അ)യുടെ ജനത അദ്ദേഹത്തെ പൂർണമായും ശക്തമായും നിഷേധിച്ചു. അവരുടെ വിനാശത്തിന്റെ അന്ത്യനിമിഷങ്ങൾ ആഗതമായപ്പോൾ അവർ മാപ്പിരക്കുകയും ദൈവം അവർക്ക് പൊറുത്തുകൊടുക്കുകയും ചെയ്തു. ഇത് കാണിക്കുന്നത് ദൈവത്തിന്റെ ശിക്ഷയും അവന്റെ കോപവുമായി ബന്ധപ്പെട്ട വിധികൾ അവസാന നിമിഷത്തിൽ പോലും മാറാവുന്നതാണ് എന്നാണ്. ജനങ്ങൾ അവരുടെ അവസ്ഥ മാറ്റിയെങ്കിൽ ദൈവവും അതനുസരിച്ച് അവന്റെ വിധി മാറ്റും. കുറ്റകൃത്യങ്ങൾ അതിന്റെ അളവിലും കാഠിന്യത്തിലും അതിരു കവിയുമ്പോൾ ആ സമൂഹം നശിപ്പിക്കപ്പെടുന്നു. എന്തായിരുന്നാലും ജനങ്ങൾ മാപ്പിരന്നാൽ അവർ ദൈവത്തിന്റെ കാരുണ്യത്തിനു പാത്രമാവുന്നു. എന്നാൽ അവർ തങ്ങളുടെ കുറ്റകൃത്യങ്ങളിൽ ഉറച്ചു നിൽക്കുകയാണെങ്കിൽ ദൈവത്തിന്റെ തിരഞ്ഞെടുത്ത പ്രവാചകന്മാരുടെ പ്രാർഥനകൾക്ക് പോലും അവരെ രക്ഷിക്കാൻ സാദ്ധ്യമല്ലാതെ വരും.

നീതിയുടെ താത്പര്യങ്ങൾക്ക് എല്ലാ അതിക്രമകാരികളെയും ശിക്ഷിക്കണമെന്നില്ല. ചിലപ്പോൾ മാപ്പിന്റെയും കാരുണ്യത്തിന്റെയും വാതിലുകൾ മലർക്കെ തുറന്നിട്ടിരിക്കും. നൃശംസത അതിന്റെ എല്ലാ അതിരുകളും ലംഘിച്ച് മുന്നേറുമ്പോൾ ദൈവത്തിന്റെ ഔദാര്യം ലഭ്യമല്ല. അത്തരം സന്ദർഭങ്ങളിൽ പ്രവാചകന്മാരുടെ ഏറ്റവും ആത്മാർഥമായ പ്രാർഥനകൾ പോലും അക്രമികളായ ജനതയെ രക്ഷിക്കാൻ പര്യാപ്തമാവില്ല.

### കേവലനീതി: അദ്ധ്യാപനങ്ങളുടെ വികാസം

കാലഘട്ടങ്ങളിലൂടെ അവതീർണരായ പ്രവാചകന്മാരുടെ പഠനം നീതിയുടെ അധ്യാപനങ്ങളുടെ വികാസം പ്രാഥമിക ഘട്ടത്തിൽ നിന്നും ഇസ്‌ലാമിക നിയമങ്ങളുടെ അടിസ്ഥാനമായ ഉന്നതമായ അധ്യാപനങ്ങളിലേക്ക് എങ്ങനെ വികസിച്ചു വന്നു എന്ന് കാണിക്കുന്നു.


നാം നേരത്തെ ആദം നബി(അ) യുടെ ന്യായപ്രമാണത്തിലെ നാല് അടിസ്ഥാന നിയമങ്ങളെ പറ്റി ചർച്ച ചെയ്തു. അതായത് എല്ലാ ജനങ്ങളുടെയും ജീവിതത്തിന്റെ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, വെള്ളം, പാർപ്പിടം, വസ്ത്രം എന്നിവ ഉറപ്പ് വരുത്തിയിരുന്നു. നൂഹ് നബി(അ)യുടെ കാലത്തേക്ക് നമുക്കൊന്ന് പോകാം. വളരെ വികസിതമായ ഒരു നാഗരികതയും ഭൗതിക രംഗത്ത് വളരെ പുരോഗമിച്ച ഒരു ജനതയുമായിരുന്നു അവർ. ആ ജനത ധാർമിക ഗുണങ്ങളിൽ തികച്ചും വന്ധ്യമായ ഒരു ജനതയായി മാറി. അവർ നൂഹ് നബി(അ)യുടെ അധ്യാപനങ്ങൾ നിരസിക്കുകയും എല്ലാ പരിധികളും ലംഘിക്കുകയും ചെയ്തു. എല്ലാ അതിക്രമകാരികളും യാതൊരാളും ഒഴിഞ്ഞു പോകാത്ത വിധം ശിക്ഷിക്കുന്ന രീതിയിൽ ദൈവത്തിന്റെ വിധി വന്നെത്തുകയുണ്ടായി. അതിക്രമിയായ ആരെയും ഒഴിവാക്കിയിരുന്നില്ല ഒരു അപേക്ഷയും സ്വീകരിക്കപ്പെട്ടുമില്ല. നൂഹ് നബി(അ)യെ നിഷേധിച്ച ഓരോ ആളും നശിപ്പിക്കപ്പെട്ടു. നൂഹ് നബി (അ)യുടെ മകനു വേണ്ടിയുള്ള പ്രാർഥന പോലും കേവലനീതിയുടെ തത്വത്തിനു വിരുദ്ധമായിരുന്നു. ദൈവത്തിന്ന് നീതിയല്ലാതെ മറ്റൊന്നുമില്ല. അങ്ങനെയാണ് ***അദ്ൽ***ന്റെ അടിത്തറ ശക്തിപ്പെടുത്തുന്നത്. അതാകട്ടെ കൂടുതലായി ധാർമിക പരിണാമം അടിത്തറയായി മാത്രം വർത്തിക്കുകയും ചെയ്യുന്നു.

യൂസുഫ് നബി(അ)യുടെ കാലത്ത് നീതിയുടെ അദ്ധ്യാപനങ്ങൾ വളരെ ശക്തമായിരുന്നു. അത് സമൂഹത്തിൽ കെട്ടുറപ്പോടെ നിലകൊണ്ടു. ഏറ്റവും ശക്തനായ വ്യക്തികൾക്ക് പോലും തന്റെ സ്വാധീനം നീതിയുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായി പ്രയോഗിക്കാൻ സാദ്ധ്യമല്ലായിരുന്നു. യൂസുഫ് നബി(അ) മൊത്തം ഈജിപ്തിന്റെ ധനകാര്യ വകുപ്പിന്റെ മേധാവി എന്ന ഉയർന്ന പദവിയിലിരിലിരുന്നിട്ടും അദ്ദേഹത്തിന്റെ സഹോദരനെ അന്യായമായ നിലയിൽ അവിടെ തടഞ്ഞു നിർത്തിയില്ല.

മൂസവി നിയമം നീതിയുടെ നിർവഹണത്തിൽ അത്രമാത്രം ഉന്നത നിലവാരത്തിൽ ഊന്നൽ നല്കിയിരുന്നു. ഇഹ്സാനും മാപ്പരുളലും അപ്രസക്തമായി കാണപ്പെട്ടു. തങ്ങളുടെ അനുചരന്മാരുമായുള്ള വ്യവഹാരങ്ങളിൽ കണ്ണിന്ന് കണ്ണ് പല്ലിന്ന് പല്ല് എന്ന അധ്യാപനമാണ് പഠിപ്പിക്കപ്പെട്ടത്. അതിനു വിപരീതമായി യേശുതന്റെ അനുയായികളിൽ മറ്റെ കവിളും കാണിച്ചു കൊടുക്കാനാണ് അനുയായികളോട് ഉപദേശിച്ച് കൊടുക്കുന്നത് നാം കാണുന്നു. മൂസാനബി(അ) നീതിയുടെ പാലനത്തിന്നും ഒരാളുടെ അവകാശങ്ങൾക്കുമായിരുന്നു ഊന്നൽ നല്കിയത്. എന്നാൽ ക്രി

(ശേഷം പേജ് 36 ൽ)

ലേഖനം



# ഉച്ചനേരത്തെ ലഘു നിദ്ര.

ഉച്ചനേരത്തെ ലഘു നിദ്ര ശാരീരികമായും മാനസികമായും മാത്രമല്ല ആത്മീയമായും മനുഷ്യന് ഗുണകരമാണെന്ന് റസൂൽ തിരുമേനി(സ)യുടെ ഉപദേശങ്ങളും പഠനങ്ങളും വ്യക്തമാക്കുന്നു.

ഡോ. സെർമദ് & പ്രൊഫ. അമ്തുൽ റസാഖ്

ഉച്ചയുറക്കം (Midday Napping) സൂര്യോദയത്തിനു ശേഷമുള്ള ആറ് മണിക്കൂറിനെ സൂചിപ്പിക്കുന്ന ലാറ്റിൻ പദമായ 'ഹോറ സെക്സ്ട' എന്ന പദത്തിൽ നിന്നാണ് നിഷ്പന്നമായത്. സിയേസ്റ്റ (Siesta) എന്നും ഇത് അറിയപ്പെടുന്നു. മെഡിറ്ററേനിയൻ, തെക്കൻ യൂറോപ്പ്, മിഡിൽ ഈസ്റ്റ്, ഇന്ത്യൻ ഉപഭൂഖണ്ഡം, ചൈനയുടെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിൽ സിയേസ്റ്റ ഒരു സാധാരണ രീതിയാണ്. ഈ സ്ഥലങ്ങളിൽ ഉച്ചസമയത്തെ ഉയർന്ന താപനില ജോലിയെ അസ്വസ്ഥമാക്കുന്നു. ഈ ഉച്ചസമയത്തെ ഉറക്കത്തെ അറബിയിൽ 'തസീല', 'ഖൈലുല' എന്നും ഇറ്റാലിയൻ ഭാഷയിൽ 'കോൺട്രോറ' എന്നും വിളിക്കുന്നു.

### ഉച്ചയുറക്കത്തിന്റെ ശാസ്ത്രീയ ഗുണങ്ങൾ

ഉച്ചസമയത്തെ ഉറക്കം നിരവധി ഗുണങ്ങൾ പ്രദാനം ചെയ്യുന്നു. പ്രത്യേകിച്ച് ന്യൂറോളജിക്കലായും ഹൃദയ സംബന്ധവുമായ ആരോഗ്യത്തിന് ഉച്ചയുറക്കം വളരെ ഫലപ്രദമാണ്. ആസൂത്രണം, ഓർമ്മശക്തി നിലനിർത്തൽ, ബഹുമുഖ കർമ്മങ്ങൾ തുടങ്ങി മസ്തിഷ്ക്കം നിർവ്വഹിക്കുന്ന ജോലികൾ മെച്ചപ്പെടുത്തുന്നതിനും ജാഗ്രതയും കർമ്മശേഷിയും വർദ്ധിപ്പിക്കുന്നതിനും ഇത് സഹായിക്കുന്നു.(1),(2) ഉറക്കക്കുറവ് മൂലം കുറയാനിടയുള്ള വർക്കിംഗ് മെമ്മറി, ബോധാത്മക (കോഗ്നിറ്റീവ്) കഴിവുകൾ തുടങ്ങിയ വീണ്ടെടുക്കാൻ ഉച്ചയുറക്കം ഫലപ്രദമായി സഹായിക്കുന്നു.(3) ഹ്രസ്വമായ ഉച്ച ഭക്ഷണ ശേഷമുള്ള ഉറക്കം ബുദ്ധിപരമായ കഴിവുകൾ വർദ്ധിപ്പിക്കുകയും ക്ഷീണം, ഏകാഗ്രത, ശ്രദ്ധ എന്നിവ വർദ്ധിപ്പിക്കുകയും ചെയ്യുന്നു എന്ന കാര്യം ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതാണ്.(4),(5)

### കാർഡിയോവാസ്കുലർ, ന്യൂറോകോഗ്നിറ്റീവ് ഗുണങ്ങൾ

ഉച്ചസമയത്തെ ഉറക്കം നിരവധി ഹൃദയസംബന്ധമായ ആരോഗ്യ ഗുണങ്ങൾ വാഗ്ദാനം ചെയ്യുന്നു. ദീർഘകാലത്തെ സിയെസ്റ്റ (ഉച്ചയുറക്കം) ശീലം ഹൃദയത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്തുകയും രക്തക്കുഴലുകൾ പൊട്ടാനുള്ള (അന്യൂറിസം) സാധ്യത കുറയ്ക്കുകയും ചെയ്യുന്നു.(6)(7) സ്വിറ്റ്സർലൻഡിലെ യൂണിവേഴ്സിറ്റി ഹോസ്പിറ്റൽ ഓഫ് ലോസാനിലെ ഗവേഷകർ 35 നും 75 നും ഇടയിൽ പ്രായമുള്ള 3,400 പേരെ ശരാശരി അഞ്ച് വർഷത്തേക്ക് നിരീക്ഷിച്ചു. ആഴ്ചയിൽ ഒന്നോ രണ്ടോ തവണ ഉറങ്ങുന്നവർക്ക് ഹൃദയസംബന്ധമായ സംഭവങ്ങൾ ഉണ്ടാകാനുള്ള സാധ്യത കുറവാണെന്ന് അവർ കണ്ടെത്തി.(8)

### വിവിധ പ്രായത്തിലുള്ളവരുടെ ഉച്ചയുറക്കം

ഉച്ചഭക്ഷണ ശേഷമുള്ള ഉറക്കത്തിന്റെ ഗുണഫലങ്ങൾ മുതിർന്നവരിൽ മാത്രം ഒതുങ്ങുന്നില്ല. പതിവ് ഉച്ചഭക്ഷണ ഉറക്കം ആദ്യകാല കൗമാരക്കാരിൽ നാഡീ സംബന്ധമായ ബോധസാത്മക (ന്യൂറോ കോഗ്നിറ്റീവ്) പ്രവർത്തനം വർദ്ധിപ്പിക്കുന്നുവെന്ന് തെളിവുകൾ സൂചിപ്പിക്കുന്നു. ശാസ്ത്രീയ പഠനങ്ങൾ കാണിക്കുന്നത് രാത്രിയിലെ ദീർഘമായ ഉറക്കത്തെ കൂടാതെ ഉച്ചഭക്ഷണാനന്തര ലഘുനിദ്ര ഗുണനിലവാരവും സ്ഥിരമായ ശ്രദ്ധയിലും യുക്തിചിന്തകളിലും ഉയർന്ന കൃത്യതയുണ്ടാക്കാൻ സഹായിക്കുമെന്നാണ്.(9) ഉച്ചകഴിഞ്ഞ് ഉറങ്ങുന്നവർക്ക് വിശ്രാന്തിയും സന്തുഷ്ടിയും ലഭിക്കുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. ഹ്രസ്വമായ ഉറക്കവും മാനസികാവസ്ഥയെ ക്രിയാത്മകമായി പോഷിപ്പിക്കുന്നു.(10) കുട്ടികളിൽ, ഉറക്കം ഉയർന്ന ധൈഷണിക ശേഷിയും ഐക്യുയും (ധൈഷണിക ശേഷി) മെച്ചപ്പെട്ട അക്കാദമിക് നേട്ടങ്ങളും ഉണ്ടാക്കുന്നു. കൂടാതെ, ഉറക്കം വൈകാരികവും പെരുമാറ്റപരവുമായ പ്രശ്നങ്ങൾ കുറയ്ക്കുകയും ചെയ്യുന്നു.

തീർച്ചയായും ഉച്ചസമയത്തെ ഉറക്കം പ്രായമായവരുടെ ആരോഗ്യത്തെ മച്ചപ്പെടുത്തുമെന്നമെന്ന് സൂചിപ്പിക്കുന്ന തെളിവുകളുണ്ട്. വാർദ്ധക്യം നമ്മുടെ ഉറക്ക രീതികളെ മാറ്റുന്നു, ഉറക്കം മാനസികവും ശാരീരികവുമായ ആരോഗ്യം മെച്ചപ്പെടുത്തും. പതിവായ ലഘുനിദ്ര ബുദ്ധിപരമായ ബലഹീനതയുടെ വ്യാപനം കുറയ്ക്കുകയും പ്രായമായവരിൽ ജീവിതനിലവാരം ഉയർത്തുകയും ചെയ്യും.(11) ഹ്രസ്വമായ ഉറക്കം രക്താതിമർദ്ദത്തിനുള്ള സാധ്യത കുറയുന്നതുമായും സിസ്റ്റോളിക് രക്തസമ്മർദ്ദം കുറയുന്നതുമായും ബന്ധപ്പെട്ടിരിക്കുന്നു. കൂടാതെ, ഇഇജി അളന്നു കൊണ്ടു

ള്ള മറ്റൊരു പഠനത്തിൽ ഉച്ചഭക്ഷണത്തിനു ശേഷമുള്ള ഉറക്കം ജാഗ്രത വർദ്ധിപ്പിക്കുകയും ഡയസ്റ്റോളിക് രക്തസമ്മർദ്ദം കുറയ്ക്കുകയും ചെയ്യുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്.[12],[13],[14]. പതിവായ ലഘു നിദ്ര പ്രായമായ വ്യക്തികൾക്ക് ഗുണം ചെയ്യുമെന്ന് വൈദ്യ ശാസ്ത്രം പറയുന്നു. ജനസംഖ്യയിൽ ഉറക്കത്തിന്റെ പ്രത്യാഘാതങ്ങൾ പൂർണമായി മനസിലാക്കാൻ കൂടുതൽ ഗവേഷണം ആവശ്യമാണ്.

ഉച്ചയുറക്കം അല്ലെങ്കിൽ സിയെസ്റ്റ സ്ത്രീകൾക്ക്, പ്രത്യേകിച്ച് ഗർഭകാലത്ത്, നിരവധി ഗുണങ്ങൾ നല്കുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. അമ്മമാരിൽ ഗർഭകാല പ്രമേഹത്തിനുള്ള സാധ്യത കുറയ്ക്കാൻ ഹ്രസ്വകാല ലഘു നിദ്ര സഹായിക്കുമെന്ന് ഗവേഷണങ്ങൾ സൂചിപ്പിക്കുന്നു. പകൽ സമയത്ത് ഉറങ്ങുന്നത് ഗർഭിണികൾ സാധാരണയായി അനുഭവിക്കുന്ന ഉറക്കക്കുറവിനെ പ്രതിരോധിക്കുകയും ചെയ്യും.[15]

ഗർഭിണികൾക്ക് അതിന്റെ ഗുണങ്ങൾക്ക് പുറമേ, ശാരീരിക കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സിയെസ്റ്റ സഹായിക്കുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. രാത്രി മുഴുവൻ ജോലി ചെയ്യുന്നതിന് മുമ്പ് അൽപ്പം ഉറങ്ങുന്നത്, രാത്രി ശാരീരികമായി പ്രവർത്തന ശേഷി മെച്ചപ്പെടുത്തുമെന്നും വേദന ലഘൂകരിക്കുമെന്നും പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.[16],[17]

കായികതാരങ്ങൾ പരിശീലനത്തിനോ മത്സരത്തിനോ മുമ്പ് ഉറങ്ങുന്നത് മികച്ച പ്രകടന ഫലങ്ങളിലേക്ക് നയിക്കുന്നതാണ്.[18] 40 അല്ലെങ്കിൽ 90 മുതൽ 90 മിനുറ്റ് നീണ്ടുനിൽക്കുന്ന ഉറക്കം വ്യായാമ ചെയ്യുന്നവരിലും ശാരീരിക അദ്ധ്വാനം നടത്തുന്നവരിലും കൂടുതൽ ഫലപ്രദമാണെന്ന് അത്‌ലറ്റുകളെക്കുറിച്ചുള്ള ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്.[19]



## ലഘു നിദ്ര ഇസ്‌ലാമിൽ

വിശുദ്ധ ഖുർആനിൽ മനുഷ്യന്റെ പെരുമാറ്റത്തിന്റെ ഒരു പ്രധാന ഭാഗമായി ഉറക്കത്തെ സംബന്ധിച്ച് പറയുന്നുണ്ട്. ലഘുനിദ്രയെ 'സിനത:' എന്നും ദീർഘ നിദ്രയെ അല്ലെങ്കിൽ ആഴ്ത്തിലുള്ള നിദ്രയെ 'നൌം' എന്നുമാണ് ഖുർആൻ വിശേഷിപ്പിച്ചിരിക്കുന്നത്. ഉച്ചകഴിഞ്ഞ് ഉറങ്ങുന്നത് പ്രവാചകന്റെയും മുസ്‌ലികളുടെയും ശീലമാണെന്ന് കാണാം. മുസ്‌ലിംകൾ ഉച്ചനേരത്ത് പ്രാർത്ഥന നടത്തിയ ശേഷം. അൽപ്പം ഉറങ്ങിയതായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.[20]

വിശുദ്ധ ഖുർആൻ ഉച്ചസമയത്തെ വിശ്രമത്തെ പരാമർശിക്കുകയും വ്യക്തിപരമായ സ്വകാര്യതയുടെ മൂന്ന് സമയങ്ങളിൽ ഒന്നായി അത് ഉച്ചയുറക്കത്തെ കണക്കാക്കുന്നു. ഈ സമയങ്ങളിൽ, ഒരാളെ കാണുന്നതിന് മുമ്പ് അനുമതി തേടിയിരിക്കണം. ഈ സമയം വ്യക്തികൾക്ക് അവരുടെ സ്വകാര്യതയിൽ അഭിരമിക്കാനുള്ള സന്ദർഭമാണ്. സാധാരണ സ്വകര്യ വസ്ത്രങ്ങൾ ധരിച്ചുകൊണ്ടായിരിക്കും അവർ ഉണ്ടായിരിക്കുക.[21]

ഈ ലേഖനത്തിൽ പരാമർശിച്ചിരിക്കുന്ന പഠനങ്ങൾ ലഘുനിദ്രയുടെ ശാരീരികവും മാനസികവുമായ മേന്മകളെ എടുത്തുകാണിക്കുന്നു. റസൂൽ തിരുമേനി(സ) നമ്മുടെ ആത്മീയ മികവിനായി പരിശ്രമിക്കുന്നതിനുള്ള ശക്തമായ മറ്റൊരു ഉപകരണത്തെ സംബന്ധിച്ച് അതായത് തഹജ്ജൂദ് നമസ്ക്കാരം എളുപ്പത്തിൽ നടത്താൻ ഉച്ചയുറക്കം സഹായിക്കുമെന്ന് ഉപദേശിക്കുന്നു. റസൂൽ തിരുമേനി(സ) പറഞ്ഞു:

'അത്തായം കഴിച്ച് ഉപവാസമനുഷ്ഠിക്കുക. ലഘു നിദ്ര നടത്തിക്കൊണ്ട് രാത്രി തഹജ്ജുദ് നമസ്ക്കാരം നിർവ്വഹിക്കുക.'[22]

ശാസ്ത്രം നമുക്ക് പ്രയോജനകരമായതാണ് നിർദ്ദേശിക്കുന്നത്. ശാരീരികവും മാനസികവും വൈകാരികവുമായ അതുപോലെ ആത്മീയവുമായ മികവ് നേടാൻ സഹായിക്കുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പ് ഇസ്‌ലാം ഇത്തരം മാർഗ്ഗങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ദീർഘമായ ഉറക്കവും ലഘു നിദ്രയും മൊത്തത്തിലുള്ള ആരോഗ്യത്തിനും ക്ഷേമത്തിനും പ്രധാനമാണ്. പതിവ് ഉച്ച നേരത്തെ ഉറക്കം കുട്ടികളുടെ ബുദ്ധിപരമായ പ്രവർത്തനത്തെയും മാനസികാവസ്ഥയെയും ക്രിയാത്മകമായി ബാധിക്കുമെന്ന് തെളിവുകൾ സൂചിപ്പിക്കുന്നുണ്ടെങ്കിലും, ഈ ഫലങ്ങൾ വ്യക്തികൾക്കിടയിൽ വ്യത്യാസപ്പെടാം എന്നത് ശ്രദ്ധേയമാണ്. ചുരുക്കത്തിൽ, ഉറക്കം പ്രയോജനങ്ങൾ നൽകുന്ന ഒരു ശാരീരിക പ്രക്രിയയാണ്. സ്ഥിരമായ ഉച്ചയുറക്കവും രാത്രിയിൽ മതിയായ ഉറക്കവും ആരോഗ്യകരമായ ദിനചര്യയുടെ ഭാഗമായി നാം മാറ്റണം.

ENDNOTES:


[1] Sleep. 2006 Jun;29(6): 831-40. doi:



ശേഷം പേജ് 42 ൽ

ലേഖനം



# യേശു കുരിശിൽ ബോധശൂന്യനാകുകയാണുണ്ടായത്.

ക്രിസ്തീയ മുക്തി ശാസ്ത്രത്തിലെ കേന്ദ്രതത്ത്വമാണ് യേശു കുരിശിൽ മരിച്ചു എന്ന വിശ്വാസം. ആത്മീയ സംസ്ക്കരണാത്മകമായ യാതൊരു കർമപദ്ധതിയോ ജ്ഞാന പദ്ധതിയോ ഇല്ലാത്ത ഇത്തരമൊരു കേവല വിശ്വാസം അർഥ ശൂന്യമാണ്. അത് മഹാനായ യേശു പ്രബോധിച്ചതല്ല. ബൈബിൾ സൂക്ഷ്മ വായനയിൽ കുരിശിൽ സംഭവിച്ച യാഥാർത്ഥ്യം എന്താണെന്ന് വ്യക്തമാവും. 'യേശു കുരിശിൽ മരിച്ചിട്ടില്ല. യഥാർഥത്തിൽ സംഭവിച്ചതെന്ത്?' എന്ന 2024 മാർച്ച്-ഏപ്രിൽ ലേഖനം

**എ. എം മുഹമ്മദ് സലീം**

കുരിശിൽ പീഡിതനായ യേശു ബോധശുന്യനാവുകയാണുണ്ടായത്, മരിച്ചിരുന്നില്ല. യേശുവിന്റെ ക്രൂശീകരണത്തെ സംബന്ധിച്ച യുക്തിസഹവും സത്യസന്ധവുമായ ഈ സിദ്ധാന്തം വിദഗ്ദരായ നിരവധി വൈദ്യശാസ്ത്ര പണ്ഡിതന്മാരും വിശ്വാസത്തിന്റെ അന്ധത ബാധിക്കാത്ത നിരവധി ക്രിസ്ത്യൻ ചിന്തകന്മാരും പ്രകടിപ്പിച്ചു വരുന്നതാണ്. യേശുവിനെ ക്രൂശിക്കാൻ കൊണ്ടു പോകുന്ന വേളയിൽ മൂന്നു വ്യത്യസ്ത സന്ദർഭങ്ങളിൽ വീഞ്ഞ് കഴിക്കാൻ നല്കിയതായി ബൈബിളിൽ കാണാം ഒന്നാമതായി ഗോൽഗൊഥായിൽ വെച്ച്. ക്രൂശീകരണത്തിന് മുമ്പാണ് നൽകുന്നത് ***'അവനു കയ്പു ചേർത്ത വീഞ്ഞു കുടിക്കാൻ കൊടുത്തു. അവൻ അത് രുചിച്ചു നോക്കിയെങ്കിലും കുടിക്കാൻ വിസമ്മതിച്ചു.'***(മത്തായി 27:34). മീറാ കലർത്തിയ വീഞ്ഞായിരുന്നു വെന്നാണ് മാർക്കോസ് 16: 23 ൽ പറയുന്നത്. ഇത് വ്യക്തമായും വേദനാസംഹാരിയും മയക്ക് മരുന്നുമാണ്. രണ്ടാമതായി ***'ഭടന്മാരും അവനെ പരിഹസിച്ചു അടുത്ത് വന്ന് വിനാഗിരി കൊടുത്തു.'***(ലൂക്കോസ് 23: 36) മൂന്നാമതായി യേശു, ***'ഒമ്പതാം മണിക്കൂറിൽ യേശു ഉറക്കെ നിലവിളിച്ചു 'ഏലി, ഏലി, ലമാ സബക്താനി' അതായത് എന്റെ ദൈവമെ, എന്റെ ദൈവമെ, നീ എന്താണ് എന്നെ കൈവിട്ടത്? ഉടനെ അവരിൽ ഒരാൾ ഓടിചെന്ന് നീർ പഞ്ഞി എടുത്തു വിനാഗിരിയിൽ മുക്കി ഒരു ഞാണങ്ങായുടെ അറ്റത്ത് വച്ച് അവനു കുടിക്കാൻ കൊടുത്തു.'*** (മത്തായി 27:48, മാർക്കോസ് 15:36)

ശ്രദ്ധേയമായ കാര്യം ഇവിടെ യേശു ദാഹമകറ്റാനാണ് വെള്ളം ചോദിക്കുന്നത്. പക്ഷേ കൊടുത്തത് വീഞ്ഞാണ്. ഇത് വ്യക്തമായും ഒരു ലക്ഷ്യം സാധിതമാക്കാൻ വേണ്ടിയുള്ള ഉദ്ദേശ്യപൂർവമായ നീക്കമായിരുന്നു. അൽപ്പ സമയത്തെ ക്രൂശീകരണത്തിൽ വേദനയില്ലാതെ ബോധശൂന്യനായി മയങ്ങിക്കിടക്കാൻ പീലാത്തോസിന്റെ അറിവോടെയും റോമൻ പട്ടാളക്കാരുടെ സഹായത്താലും യേശുവിന്റെ പ്രബലരായ രഹസ്യ ശിഷ്യന്മാരും എസ്സീനികളും കൂടി യേശുവിനെ രക്ഷിക്കാൻ നടത്തിയ മഹത്തായ ഒരു രക്ഷാദൗത്യമായിരുന്നു യേശുവിന്റെ കുരിശു സംഭവത്തിൽ നടന്നത്. യേശു കുരിശിൽ മരിച്ചിട്ടില്ല മരിച്ചത് പോലെ മറ്റുള്ളവർ കരുതുകയായിരുന്നു. ഇതല്ലാതെ ദൈവം സൃഷ്ടിച്ച പ്രകൃതി നിയമങ്ങൾക്ക് വിരുദ്ധമായ യാതൊരു പ്രതിഭാസവും യേശുവിന്റെ കാര്യത്തിൽ സംഭവിച്ചിട്ടില്ല. ബെബിൾ വചനം നോക്കൂ. ***'പടയാളികൾ വന്ന് അവനോട് കൂടി ക്രൂശിക്കപ്പെട്ട രണ്ട് പേരുടെ കാലുകൾ ഒടിച്ചു. അവർ യേശുവിനെ സമീപിച്ചപ്പോൾ അവൻ മരിച്ചതായി കണ്ടു. അതിനാൽ അവർ അവന്റെ കാൽ ഒടിച്ചില്ല.'*** (യോഹ 19: 32,33) ഈ കാര്യം പിന്നീട് വിശദീകരിക്കാം. വിശുദ്ധ ഖുർആനും അർഥവത്തായ വചനങ്ങളിൽ ഇതേ കാര്യം തന്നെയാണ് വിവരിക്കുന്നത് എന്നത് അത്ഭുതകരമാണ്. ***'അല്ലാഹുവിന്റെ ദൂതനായ മസീഹ് ഈസബ്നു മർയമിനെ തീർച്ചയായും ഞങ്ങൾ വധിച്ചിരിക്കുന്നു എന്ന് അവർ പറയുന്നത് നിമിത്തവും - വാസ്തവത്തിൽ അദ്ദേഹത്തെ അവർ വധിച്ചിട്ടില്ല. ക്രൂശിച്ചു കൊന്നിട്ടുമില്ല. നേരെ മറിച്ച് അവർക്ക് അദ്ദേഹം (ക്രൂശിച്ച് കൊല്ലപ്പെട്ടവനെ പോലെ) സദൃശീകരിക്കപ്പെടുകയാണുണ്ടായത്(വലാകിൻ ശുബ്ബിഹ ലഹും). തൽസംബന്ധമായി ഭിന്നഭിപ്രായക്കാരായവർ അക്കാര്യത്തിൽ സംശയത്തിൽ തന്നെയാണ്. ഊഹത്തെ പിൻപറ്റുകയല്ലാതെ അവർക്ക് അതിനെ പറ്റി യാതൊരറിവുമില്ല. അവർ അദ്ദേഹത്തെ ഉറപ്പായും വധിച്ചിട്ടില്ല. '*** (അന്നിസാഅ് 4:157)

### മഹാ ശബ്ദം

മുമ്പ് പറഞ്ഞത് പോലെ കേവലം മൂന്ന് മണിക്കൂറിൽ കുറഞ്ഞ സമയം മാത്രമാണ് യേശു കുരിശിൽ കിടന്നത്. അദ്ദേഹം പ്രാണവേദന അനുഭവിച്ചു മരിച്ചതല്ല മറിച്ച് പെട്ടെന്ന് ബോധശൂന്യനാവുകയാണുണ്ടായത്. അതിന്റെ തെളിവാണ് ബോധശൂന്യനാകുന്നതിന് മുമ്പ് വലിയ ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് അദ്ദേ

ഹം കുരിശിൽ തലചായ്ച്ചത്. *'യേശു മഹാശബ്ദത്തോടെ പ്രാണൻ വിട്ടു.'*(മത്താ: 27: 50) എന്നാണ് മത്തായി വിവരിക്കുന്നത്. മരണാസന്നനായ ഒരാൾ മഹാശബ്ദം പുറപ്പെടുവിക്കാറില്ല. യേശു ബോധരഹിതാകുന്ന അവസരത്തിലാണ് അങ്ങനെ ശബ്ദം പുറപ്പെടുവിച്ചത്. ബോധരഹിതനാവാൻ കാരണം ശിഷ്യന്മാർ നല്കിയ മയക്ക് ചേർത്ത വീഞ്ഞായിരുന്നു എന്ന് വ്യക്തം (യോഹ: 19: 29)

### പിലാത്തോസിന്റെ ആശ്ചര്യം

യേശു മരിച്ചു എന്ന വർത്തകേട്ടപ്പോൾ ആശ്ചര്യത്തോടെ *'യേശു മരിച്ചു കഴിഞ്ഞോ?'* (മർക്കോ 15:44) എന്നുള്ള പീലാത്തോസിന്റെ ചോദ്യവും യേശു അദ്ദേഹം പ്രതീക്ഷിച്ച സമയത്തേക്കാൾ വളരെ നേരത്തെ തന്നെ സംഭവങ്ങളെല്ലാം കഴിഞ്ഞുവോ എന്ന വസ്തുതയിലേക്കാണ് സൂചന നല്കുന്നത്.

### കുന്തം കൊണ്ടുള്ള കുത്തും രക്തവും വെള്ളവും ശക്തമായി വന്നതും

യേശു കുരിശിൽ ബോധശൂന്യനായിട്ടാണ് കിടന്നത് എന്നതിന്റെ മറ്റൊരു ശക്തമായ തെളിവ്. യേശു ക്രൂശിതനായ അവസ്ഥയിൽ ഒരു റോമൻ പടയാളി നടത്തിയ പരിശോധനയാണ്. ക്രൂശിതനായ വ്യക്തി മരിച്ചുവോ എന്ന് ഔപചാരികമായി നടത്തുന്ന പരിശോധനയാണ് മൂർച്ചയുള്ള ഒരായുധം കൊണ്ടുള്ള കുത്തിപ്പരിശോധന. രണ്ട് കള്ളന്മാർക്കൊപ്പമായിരുന്നല്ലോ യേശുവിനെ ക്രൂശിച്ചത്. ക്രൂശീകരണത്തിന് ശേഷം സന്ധ്യയായപ്പോൾ കുരിശിൽ നിന്നും ശരീരം ഇറക്കേണ്ടതുണ്ട്. കാരണം യേശുവിനെ ഭക്ത്യാദര പൂർവ്വം കണ്ടിരുന്ന ശതാധിപൻ ലോങ്ങിനസ് തന്നെയായിരിക്കണം യേശുവിന്റെ കാര്യത്തിൽ ഈ പരിശോധന നടത്തിയത്. കുത്തുമ്പോൾ ജീവനുണ്ടെങ്കിൽ ഒരു പിടയൽ ഉണ്ടാകുമല്ലോ അതറിയാനായിരുന്നു ലഘുവായ ഒരു കുത്ത്. അല്ലാതെ കൊല്ലാനുള്ള കുത്തല്ലായിരുന്നു. അനന്തരമുണ്ടായ പ്രതിഭാസം യേശുവിൽ തുടിക്കുന്ന ഒരു ഹൃദയം ഉണ്ടായിരുന്നു എന്നതിന്റെ ജ്വലിക്കുന്ന ഒരു ദൃഷ്ടാന്തമാണ് ബൈബിൾ വചനം നമുക്ക് നല്കുന്നത്. അത് ഇങ്ങനെയാണ്. 'എന്നാൽ പടയാളികളിൽ ഒരാൾ അവന്റെ പാർശ്വത്തിൽ കുന്തം കൊണ്ട് കുത്തി. ഉടനെ രക്തവും വെള്ളവും പുറത്തുവന്നു. നിങ്ങളും വിശ്വസിക്കാൻ വേണ്ടി നേരിൽ കണ്ട ആൾ ഇത് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു' (യോഹന്നാൻ 19: 34,35). മരിച്ച ഒരാളുടെ ശരീരത്തിൽ നിന്ന് രക്തവും വെള്ളവും ഒഴുകാറില്ല. കുരിശിൽ വെച്ച് യേശുവിൽ സജീവമായ ഒരു ഹൃദയം പ്രവർത്തിച്ചിരുന്നു. ശക്തമായ മയക്കുമരുന്നു സേവിച്ചതിനാൽ ബോധരഹിതനായി തീർന്നതായിരുന്നു. ഇത് രഹസ്യ ശിഷ്യന്മാരും മറ്റുശിഷ്യന്മാരും സ്നേഹിക്കുന്നവരും ചേർന്ന് രക്ഷപ്പെടുത്താൻ ഒരുക്കിയ ആസൂത്രിത നീക്കമായിരുന്നു എന്നും വ്യക്തമായി മനസ്സിലാക്കാവുന്നതാണ്.

### യേശുവിന്റെ കാൽ ഒടിക്കാത്തതെന്ത്?

ക്രൂശിതനായ ഒരാളുടെ മരണം വേഗത്തിലാക്കാനാണ് അയാളുടെ ഇരുകാലുകളും തല്ലി ഒടിക്കുന്നത്. ക്രൂശീകരിക്കപ്പെട്ടയാൾ ശ്വാസം കിട്ടാതെ വെപ്രാളപ്പെടുമ്പോൾ ഇരുകാലുകളും കുരിശിന്റെ കുത്തനെയുള്ള തൂണിൽ പുറംകാൽകൊണ്ട് തള്ളാറുണ്ട്. അതില്ലാതാക്കി മരണം വേഗത്തിലാക്കാനാണ് ക്രൂരമായി കാലുകൾ ഒടിക്കുന്നത്. യേശുവിന്റെ ക്രൂശീകരണം നടന്നത് വെള്ളിയാഴ്ച്ചയായിരുന്നു. പിറ്റേന്ന് ശനിയാഴ്ച്ച ശബത്ത് ദിനമാണ്. യഹൂദ നിയമ പ്രകാരം ശനിയാഴ്ച്ച ദിവസം കുരിശിൽ ശരീരങ്ങൾ തൂങ്ങി നിൽക്കാൻ പാടില്ല. ബൈബിൾ പറയുന്നു: ***'അത് ഒരുക്കത്തിന്റെ ദിവസമായിരുന്നു, (ആ ശബത്താകട്ടെ സുപ്രധാനവുമായിരുന്നു.) അതുകൊണ്ട് ശാബത്തിൽ ശരീരങ്ങൾ കുരിശിൽ കിടക്കുന്നത് ഒഴിവാക്കുന്നതിനു വേണ്ടി, അവരുടെ കാലുകൾ ഒടിച്ച് അവരെ നീക്കം ചെയ്യാൻ യഹൂദർ പീലാത്തോസിനോട് അപേക്ഷിച്ചു. അങ്ങനെ പടയാളികൾ വന്ന് അവനോടു കൂടെ ക്രൂശിക്കപ്പെട്ട രണ്ട് പേരുടെയും കാലുകൾ ഒടിച്ചു. അവർ യേശുവിനെ സമീപിച്ചപ്പോൾ അവൻ മരിച്ചു പോയതായി കണ്ടു. അതിനാൽ അവർ അവന്റെ കാലുകൾ ഒടിച്ചില്ല.'*** (യോഹന്നാൻ 19: 31)

വാസ്തവത്തിൽ മൂന്ന് മണിക്കൂർ മാത്രമാണ് മൂവരുടേയും ക്രൂശീകരണം നടന്നത്. തീർച്ചയായും ഇത്രയും സമയം കുരിശിൽ വെച്ച് മരിക്കാൻ പര്യാപ്തമായിരുന്നില്ല. കുരിശ് മരണം എന്നത് ദിവസങ്ങൾ കുരിശിൽ കിടന്ന് കഴുകന്മാർ ശരീരം കൊത്തിവലിച്ച് വളരെ വേദനാ ജനകമായി മൃത്യു സംഭവിക്കുന്ന ഒരു ഹീന മരണം തന്നെയാണ്. ഏതായാലും അത്തരം ഒരു മരണത്തിനുള്ള പീഢാനുഭവ സമയം ലഭിച്ചിട്ടില്ല. അതു കൊണ്ടാണ് കൂടെ ക്രൂശിതരായ കള്ളന്മാർ മരിക്കാത്തത്. അവരേക്കാൾ ആരോഗ്യ ദൃഢഗാത്രനും യുവാവുമായ യേശു അവരേക്കാൾ വേഗത്തിൽ മരിച്ചു പോകുക എന്നത് തികച്ചും അസംഭ്യവമാണ്.

ക്രൂശീകരണത്തിന് കാവൽ നിന്ന പട്ടാള മേധാവി ശതാധിപനായിരുന്നുവല്ലോ. ഇദ്ദേഹം ക്രൂശീകരണത്തിനു ശേഷം യേശുവിന്റെ കാലൊടിച്ചില്ല എന്ന് മാത്രല്ല യേശുവിന് കൂടുതൽ പീഢനമേൽക്കാതിരിക്കാൻ വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തത് യേശുവിനോട് അനുഭാവം പുലർത്തിയിരുന്ന യഹൂദനല്ലാത്ത വിജാതീയനായ ഈ റോമൻ ശതാധിപനായിരുന്നു. ജൂദിയായിലെ റോമൻ ഗവർണ്ണരായിരുന്ന പീലാത്തോസിന്റെ കീഴിലെ ഉദ്യോഗസ്ഥനായി

രുന്നു ഈ റോമൻ ശതാധിപൻ പീലാത്തോസിന്റെ ആജ്ഞാനുവർത്തിയെന്നോണം യേശുവിനെ രക്ഷിക്കാൻ ക്രൂശീകരണ വേളയിൽ എല്ലാ വഴികളും അവലംബിക്കുകയുണ്ടായി.

### രണ്ട് രഹസ്യ ശിഷ്യന്മാർ എത്തുന്നു.

യേശുവിന്റെ ക്രൂശിത ശരീരം കുരിശു മരണം ആവശ്യപ്പെട്ട ശത്രുക്കളായ യഹൂദർക്കല്ല പീലാത്തോസ് വിട്ടുകൊടുത്തത് എന്ന കാര്യം ശ്രദ്ധേയമാണ്. യേശുവിന്റെ ജീവനുള്ള ശരീരം വിട്ടുകൊടുത്തത് അദ്ദേഹത്തിന്റെ ജൂതപ്രമാണിമാരായ രഹസ്യ ശിഷ്യന്മാർക്കായിരുന്നു. യഹൂദരുടെ ഉന്നത മതക്കോടതിയായ സുനേദ്രത്തിലെ അംഗങ്ങളായിരുന്ന അരിമഥ്യായിലെ ജോസേഫിനും നിക്കോദമസുമായിരുന്നു അവർ. കൂടാതെ ക്രൂശീകരണത്തിന് നേതൃത്വം നൽകിയത് റോമൻ പടനായകനായിരുന്ന ശതാധിപനുമായിരുന്നു. ലോങ്ങിനസ് എന്നായിരുന്നു അദ്ദേഹത്തിന്റെ നാമം. ഇവർ മൂന്ന് പേരായിരുന്നു യേശുവിന്റെ ക്രൂശീകരണവും ക്രൂശീകരണാനന്തര ശുശ്രൂഷകളും നിർവ്വഹിച്ചത്. ഈ മൂന്നു പേരും യേശുവിന്റെ രഹസ്യ ശിഷ്യന്മാരായിരുന്നു. ക്രൂശിതനായ ശേഷം അബോധാവസ്ഥയിലായ യേശുവിനെ ശുശ്രൂഷിക്കാൻ മാത്രമായി ധനികനായ ജോസഫ് പണികഴിപ്പിച്ച പുതിയ കല്ലറയിലാണ് യേശുവിനെ കുരിശിൽ നിന്ന് ഇറക്കിയ ശേഷം കൊണ്ട്പോയത്. യഹൂദ പ്രമാണിമാരും മതക്കോടതിയായ സുനേദ്രത്തിലെ അംഗങ്ങളുമായ അവർക്ക് കുരിശു പീഢനം ഏതായാലും ഒഴിവാകില്ല എന്ന് മുൻകൂട്ടി അറിയാമായിരുന്നു. അപ്പോൾ ആ പീഢനത്തിൽ നിന്നും നിരപരാധിയും തങ്ങളുടെ ഗുരുവുമായ യേശുവിനെ എങ്ങനെ രക്ഷിക്കാം എന്ന് അവർ സമർത്ഥമായി ആസൂത്രണം ചെയ്യുകയായിരുന്നു. പീലാത്തോസും അവരുടെ പദ്ധതിക്ക് പൂർണ പിന്തുണ നല്കിയതായും കാണാം.

നാല് സുവിശേഷങ്ങളിലും യോസേഫ് അരിമഥ്യയെ പറ്റി പരാമർശങ്ങളുണ്ട്. അത് കൂടാതെ നിരവധി പാരമ്പര്യ വിശ്വാസങ്ങളും ഇതിഹാസ വർണനകളും ഇദ്ദേഹത്തെ സംബന്ധിച്ചുണ്ട്. അതിലൊന്ന് യേശുവിന്റെ ബന്ധുവായിരുന്നു യോസഫ് അരിമഥ്യാൻ എന്നതായിരുന്നു. കാരണം യേശുവിന്റെ കുരിശ് പീഢനത്തിന് ശേഷം യേശുവിന്റെ ശരീരം അധികാരത്തോടെ പീലാത്തോസിനോടു ചോദിച്ചു വാങ്ങുന്നത് ജോസഫാണ്. അത്കൊണ്ട് അദ്ദേഹം യേശുവിന്റെ അമ്മാവനായിരുന്നു എന്ന ഒരു അഭിപ്രായമുണ്ട്. അദ്ദേഹം യേശുവുമായും റോമൻ ഭരണാധികാരിയായ പീലാത്തോസുമായും സുഹൃദ് ബന്ധമുള്ള ആളായിരുന്നു എന്ന് അപ്പോക്രിഫാ സുവിശേഷങ്ങളിലുണ്ട്. യേശു കുരിശിൽ വെച്ച് കുടിച്ച വിശുദ്ധ വീഞ്ഞു പാത്രം (Holy Grail) സൂക്ഷിച്ചത് ജോസഫ് അമരിഥ്യാൻ ആണെന്നും പറയപ്പെടുന്നു. യേശുവിൽ ദൈവരാജ്യം കണ്ടിരുന്ന വിശ്വാസിയായ ജോസഫ് അമരിഥ്യാനാണ് ഇംഗ്ലണ്ടിൽ ക്രിസ്തുമതം പ്രചരിപ്പിച്ചതെന്നും ഒരു ഐതിഹ്യമുണ്ട്.

ബൈബിളിൽ ആധികാരിക സുവിശേഷങ്ങളിലുള്ള പരാമർശങ്ങളിലേക്ക് തന്നെ തിരിച്ചു വരാം. 'അരിമഥ്യക്കാരനായ ജോസഫ് എന്ന ധനികൻ അവിടെ എത്തി. അയാളും യേശുവിന്റെ ഒരു ശിഷ്യനായിരുന്നു. അയാൾ പീലാത്തോസിനെ സമീപിച്ചു. യേശുവിന്റെ ശരീരമാവശ്യപ്പെട്ടു. അത് അയാൾക്ക് നൽകാൻ പീലാത്തോസ് കൽപ്പിച്ചു. ജോസേഫ്, ആ ശരീരം ഏറ്റു വാങ്ങി നിർമ്മലമായ ഒരു ലിനൻ കച്ചയിൽ പൊതിഞ്ഞു. പാറയിൽ വെട്ടിയുണ്ടാക്കിയ തന്റെ പുതിയ കല്ലറയിൽ സംസ്ക്കരിച്ചു.' (മത്തായി 27:57) യോഹന്നാൻ സുവിശേഷത്തിൽ ഈ വിവരം കുറച്ചുകൂടി വിശദമായി ഇപ്രകാരമാണ് വർണ്ണിച്ചിരിക്കുന്നത്. ***'ഇതിനുശേഷം അരിമഥ്യയിലെ ജോസേഫ്, യേശുവിന്റെ ശരീരം എടുത്തു മാറ്റാൻ പീലാത്തോസിനോട് അനുവാദം ചോദിച്ചു. അയാൾ യേശുവിന്റെ ഒരു ശിഷ്യനായിയിരുന്നു; എങ്കിലും യഹൂദരെ കുറിച്ചുള്ള ഭയം നിമിത്തം ശിഷ്യത്വം രഹസ്യമാക്കി വെച്ചിരുന്നു. പീലാത്തോസ് അയാൾക്ക് അനുവാദം കൊടുത്തു. അങ്ങനെ അയാൾ വന്ന് യേശുവിന്റെ ശരീരം എടുത്ത് കൊണ്ടുപോയി. കൂടാതെ ഒരു രാത്രിയിൽ യേശുവിനെ ആദ്യമായി സന്ദർശിച്ച് നിക്കോദമസ് ഏതാണ്ട് നൂറു റാത്തൽ മീറയും അകിലും ചേർന്ന ഒരു സുഗന്ധ കൂട്ട് കൊണ്ടു വന്നു.'*** (യോഹന്നാൻ 27: 38– 0)

അതുപോലെ യേശുവിനെ ശുശ്രൂഷിക്കാനെത്തിയ മറ്റൊരു പ്രമുഖ രഹസ്യ ശിഷ്യനായിരുന്നു നിക്കോദമസ്. ഏറ്റവും ആധികാരിക സുവിശേഷമായ യോഹാന്നാൻ സുവിശേഷത്തിൽ മാത്രമാണ് നിക്കോദമസിനെ കുറിച്ച് പരാമർശമുള്ളത്. സമാന സുവിശേഷങ്ങൾ എന്നറിയപ്പെടുന്ന സിനോപ്റ്റിക് സുവിശേഷങ്ങളിൽ നിക്കോദമസിനെ പറ്റി പരാമർശമില്ല. യോഹാന്നാൻ സുവിശേഷത്തിൽ മാത്രമാണ് മിക്കോദമസിനെ കുറിച്ച് പ്രതിപാദനമുള്ളത്. യോഹന്നാൻ മൂന്നാം അദ്ധ്യായത്തിൽ പകുതിയിലധികം ഭാഗം നിക്കോദമസിലൂടെ യേശുവിന്റെ അദ്ധ്യാപനങ്ങളാണ് വിവരിച്ചിരിക്കുന്നത്. നിക്കോദമസ് ഒരു ഫരിസേയനും (സുനേദ്രത്തിലെ അംഗം ) യഹൂദ പ്രമാണിയുമായിരുന്നു. പുരാതന കാലത്ത് അകിൽ മൂർ സുഗന്ധ വസ്തുക്കൾ മുതലായ ഔഷധ വസ്തുക്കൾ വൻതോതിൽ കൈകാര്യം ചെയ്യുന്ന ആളായതുകൊണ്ട് അദ്ദേഹം ഒരു വൈദ്യനായിരുന്നു എന്നാണ് പ്രബലമായ വിശ്വാസം. ഈ മൂന്നു ശിഷ്യന്മാരുടെയും എസ്സീനികളുടെയും

സഹായത്തലായിരുന്നു യേശുവിന്റെ ശുശ്രൂഷ നടന്നിരിക്കാൻ സാദ്ധ്യത.

### വിശാലമായ പുതിയ കല്ലറ

യോഹന്നാൻ സുവിശേഷത്തിലുള്ള ഒരു പ്രത്യേകത, ആ സുവിശേഷത്തിൽ രണ്ട് ശവസംസ്ക്കാര ചടങ്ങുകൾ വ്യക്തമായി വർണ്ണിച്ചിരിക്കുന്നു എന്നതാണ്. ഒന്ന് ലാസറിന്റെതാണ്. രണ്ടാമത്തേത് യേശുവിന്റെതും. ലാസറിന്റേത് യഥാർഥത്തിൽ മൃതദേഹം സംസ്ക്കരിക്കുന്ന കബറാണ്. ***'യേശു ദുഃഖവിവശനായി (ലാസറിന്റെ) കല്ലറയുടെ അടുക്കൽ വന്നു. അത് ഒരു ഗുഹ ആയിരുന്നു. അതിനു മീതെ ഒരു കല്ല് വെച്ചിരുന്നു.'*** (യോഹന്നാൻ 11: 38) അത് ഗുഹപോലെ ഇടുങ്ങിയതും തുരന്നുണ്ടാക്കിയതുമായിരുന്നു. ***'അയാളുടെ (ലാസർ) കൈകാലുകൾ നാടകൾ കൊണ്ട് കെട്ടിയിരുന്നു. മുഖം തുണി കൊണ്ട് മൂടിയിരുന്നു.'*** (യോഹന്നാൻ 11: 44) മുഖം മൃതദേഹം മറക്കുന്നത് പോലെ തുണികൊണ്ട് മൂടിയിരുന്നു. എന്നാൽ യേശുവിന്റെ കബർ എന്ന് വിളിച്ച ശുശ്രൂഷ സ്ഥലം പുതിയതായി വെട്ടിയുണ്ടാക്കിയതും വിശാലമായതുമാണ്. ബൈബിൾ വിവരണം ഇപ്രകാരമാണ്. ***'അവനെ (യേശുവിനെ) ക്രൂശിച്ച സ്ഥലത്ത് ഒരു തോട്ടവും അതിൽ ആരെയും സംസ്ക്കരിച്ചിട്ടില്ലാത്ത പുതിയ ഒരു കല്ലറയും ഉണ്ടായിരുന്നു.'*** (യോഹന്നാൻ 19: 41) യേശുവിന്റെ കുരിശ് പീഢാനന്തരമുള്ള ശുശ്രൂഷാ ചടങ്ങുകൾ ഒരിക്കലും ഒരു മൃതദേഹ കുഴിച്ചിടാനുള്ള ഉദ്ദേശത്തോടെയായിരുന്നില്ല.

കുരിശിൽ ക്ഷതമേറ്റ യേശുവിനെ കാണാമറയത്ത് തീവ്രപരിചരണത്തിന് സംശയലേശമന്യേ ചികിത്സിക്കാനായിരുന്നു ശിഷ്യന്മാർ വിശാലമായ കല്ലറ ഒരുക്കിയത്. അത് രണ്ട്മൂന്ന് പേർക്കിരിക്കാൻ മാത്രം വീതിവിസ്താരമുള്ളതായിരുന്നു. യേശുവിന്റെ മൃതദേഹം മറമാടാൻ വേണ്ടി കുഴിച്ചതല്ല എന്ന് വ്യക്തമാണ്. കുനിഞ്ഞു നോക്കിയപ്പോൾ മഗ്ദലന മറിയം കണ്ട കല്ലറയുടെ വലുപ്പം ബൈബിൾ ഇപ്രകാരമാണ്. വിവരിച്ചിരിക്കുന്നത്. ***'എന്നാൽ മറിയം കല്ലറക്ക് പുറത്തു കരഞ്ഞു കൊണ്ടു നിന്നിരുന്നു. കരയുന്നതിനിടക്ക് അവൾ കുനിഞ്ഞ് കല്ലറയിലേക്കു നോക്കി യേശുവിന്റെ ശരീരം സംസ്ക്കരിച്ചിടത്ത് വെള്ള വസ്ത്രമണിഞ്ഞ രണ്ടു മാലാഖമാർ, ഒരാൾ തലക്കലും മറ്റൊരാൾ കാൽക്കലുമായി ഇരിക്കുന്നത് അവൾ കണ്ടു'*** (യോഹന്നാൻ 20:11–12) യേശുവിന്റെ സംരക്ഷകരും ശിഷ്യന്മാരുമായിരുന്ന എസ്സീനികൾ ശുഭ്രവസ്ത്രധാരികളായിരുന്നു. അവർ യേശുവിന്റെ തല ഭാഗത്തും കാൽ ഭാഗത്തുമായി ഇരിക്കാൻ മാത്രം വിശാലമായിരുന്നു കല്ലറ എന്ന് ബൈബിളിൽ നിന്നും വ്യക്തമാണ്.

നമ്മെ സംബന്ധിച്ചേടത്തോളം ബൈബിളിൽ പരാമർശിക്കപ്പെട്ട ക്രൂശീകരണത്തിന് ശേഷം യേശുവിന്റെ ശുശ്രൂഷക്ക് വേണ്ടി ബൈബിളിൽ വിവരിച്ചിട്ടുള്ള കബറാണ് പ്രധാന ചർച്ചാ വിഷയം.

ഇന്ന് യേശുവിന്റെ കല്ലറയെന്ന് അവകാശപ്പെട്ടുകൊണ്ട് പ്രമുഖമായ നാല് ശവകുടീരങ്ങൾ ഇസ്റയേലിലുണ്ട്. ഒന്ന് നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ മാതാവ് സെന്റ് ഹെലൻ ക്രിസ്തുമതം സ്വീകരിച്ച ശേഷം ഫലസ്തീൻ സന്ദർശിച്ചിരുന്നു. അപ്പോൾ യേശുവിനെ ക്രൂശിച്ച മരക്കുരിശ് കണ്ടെത്തിയെന്നും അവിടെയാണ് യേശുവിന്റെ കല്ലറ എന്ന് ഇപ്പോൾ അറിയപ്പെടുന്ന തിരുകല്ലറ ദേവാലയം (The Church of Sepulchre) എന്നും ഉയിർത്തെഴുന്നേൽപ്പ് പള്ളി (Church of the Resurrection) എന്നും അറിയപ്പെടുന്നു. രണ്ടാമതായി ക്രിസ്തുമത വിശ്വാസികൾ അവകാശപ്പെടുന്ന കല്ലറ ആരാമ കല്ലറയാണ്. (Garden Tomb) ബ്രിട്ടീഷ് സൈന്യാധിപനും പ്രൊട്ടസ്റ്റന്റ് വിശ്വാസിയുമായ ചാൾസ് ജോർജ്ജ് ഗോർഡൻ ആണ് ഇത് കണ്ടെത്തിയത്. മൂന്നാമത്തെ യേശുവിന്റെ കല്ലറ 1980 ൽ ഇസ്റയേൽ ആർക്കിയോളജിക്കൽ വകുപ്പ് കണ്ടെത്തിയ ടൽപിയോട്ട് കല്ലറയാണ് (Talpiot Tomb) ടൽപിയോട്ട് കല്ലറ പാറവെട്ടിയുണ്ടാക്കിയ കല്ലറയാണ്. ഈ കല്ലറയുടെ കണ്ടുപിടുത്തത്തെ ആധാരമാക്കി പ്രശസ്ത കനേഡിയൻ ഫിലിം നിർമാതാവായ ജയിംസ് കാമറൂൺ 2007ൽ സംവിധാനം ചെയ്ത The Lost Tomb of Jesus എന്ന വിവാദ സിനിമയുമുണ്ട്.

മറ്റൊരു സുപ്രധാനമായ കല്ലറ ശ്രീനഗറിലെ ഖാൻയാർ തെരുവിലെ കല്ലറയാണ്. ആ കല്ലറയിലാണ് യേശുവിനെ യഥാർത്ഥത്തിൽ അടക്കം ചെയ്തതെന്നും അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ ഹദ്റത്ത് അഹ്മദ്(അ) പ്രഖ്യാപിക്കുകയുണ്ടായി. ആ കല്ലറ ഗവേഷണം ചെയ്തു നോക്കിയാൽ അനിഷേധ്യമായ തെളിവുകൾ ലഭിക്കുമെന്നും അദ്ദേഹം അക്കാദമിക് ലോകത്തെയും മത ലോകത്തെയു വെല്ലുവിളിക്കുകയുണ്ടായി. പക്ഷേ ആ വെല്ലുവിളികൾ ക്രിസ്തുമതത്തിന്റെ അടിസ്ഥാന വിശ്വാസങ്ങളെ ഖണ്ഡിക്കുന്നതിനാൽ അവ അവഗണിക്കപ്പെടുകയാണ് ചെയ്യാറ്.

### യേശുവിന്റെ ശരീരം കുളിപ്പിച്ചിരുന്നില്ല.

ശവസംസ്ക്കാര ചടങ്ങല്ല നടന്നത് എന്നതിന് മറ്റൊരു സുപ്രധാന തെളിവ് യഹൂദർ മൃതശരീരം കബറടക്കുന്നതിനു മുമ്പ് മുസ്‌ലിംകൾ ചെയ്യുന്നത് പോലെ നിർബന്ധമായും കുളിപ്പിക്കുമായിരുന്നു. 'തഹാറ' എന്നാണ് ഈ കർമ്മം അറിയപ്പെടുന്നത്. യേശു കുരിശിൽ മരിച്ചിരുന്നുവെങ്കിൽ ശരീരം കുളിപ്പിച്ചതിന് ശേഷമാണ് സംസ്ക്കരിക്കുക. കുരിശ് പീഢനാനന്തരം യേശുവിന്റെ ശരീരം കുളിപ്പിച്ചതായി ബൈബിളിൽ യാതൊരു പരാമർശവുമില്ല. അപ്പോൾ

അത് മൃതദേഹ സംസ്ക്കരണമല്ല ശരീര ശുശ്രൂഷയായിരുന്നു എന്ന് വളരെ വ്യക്തമാണ്.

മാത്രമല്ല ക്രൂശീകരണത്തിന് ശേഷം ടൂറിൻ കച്ചയിൽ പതിഞ്ഞ യേശുവിന്റെ പ്രതിരൂപത്തിൽ ക്ഷതങ്ങളുടെ മുഴുവൻ രക്തക്കറയും പരിക്കുകളും വ്യക്തമായി കാണാം. അതിൽ ശരീരം കുളിപ്പിച്ചു വൃത്തിയാക്കിയതിന്റെ യാതൊരു അടയാളവുമില്ല. യേശുവിന്റെ പ്രതിരൂപം കുരിശിൽ നിന്നും ഉണ്ടായ ക്ഷതങ്ങളും പരിക്കും ജോസേഫ് അമരിഥ്യാനും നിക്കോദമസ് വൈദ്യനും മറ്റു എസ്സീൻ ശിഷ്യന്മാരും കൂടി തീവ്ര പരിചരണം നടത്തി ഭേദമാക്കുന്ന പ്രവർത്തനമായിരുന്നു കല്ലറയിൽ നടന്നത്. കുരിശിൽ വെച്ച് ക്ഷതമേറ്റ യേശുവിനെ ശിഷ്യന്മാർ തിടുക്കപ്പെട്ട് ആസൂത്രിതമായി പുതുതായി വെട്ടിയുണ്ടാക്കിയ കല്ലറയിലേക്ക് കൊണ്ട് പോയി. തീർച്ചയായും അവിടെ നടന്നത് യേശുവിന്റെ ചികിത്സയായിരുന്നു. അതിന് ശേഷമാണ് അദ്ദേഹത്തിന് ബോധവും ആരോഗ്യവും വീണ്ടെടുത്തത്.

### അകിലും മൂറും ചേർന്ന ഔഷധക്കൂട്ട്

ഏറ്റവും ശ്രദ്ധേയമായ വസ്തുത യേശുവിന്റെ കുരിശ് പീഢാനന്തര ശുശ്രൂഷക്ക് വേണ്ടി വലിയ അളവിൽ അകിലും (Aloes) മൂറും (Myrrh) സുഗന്ധദ്രവ്യങ്ങളും കല്ലറയിൽ ശേഖരിച്ചു വെച്ചിരുന്നു എന്നതാണ്. ***'നിക്കോദമൊസ് ഏതാണ്ട് നൂറു റാത്തൽ മൂറും അകിലും കൊണ്ടുള്ള ഒരു സുഗന്ധകൂട്ട് കൊണ്ടു വന്നു.'*** (യോഹ 19: 39) ഈ വസ്തുത യോഹാന്നൻ സുവിശേഷത്തിലെ കാണൂ.

ഇത് തീർച്ചയായും ഒരു ഔഷധ കൂട്ടാണ്. യേശു കുരിശിൽ മരിച്ചെങ്കിൽ മൃതദ്ദേഹത്തിൽ പുരട്ടാൻ എന്തിനാണ് ഔഷധ കൂട്ട്.?! യഹൂദ മൃതദേഹ സംസ്ക്കരണത്തിന് ഈ വസ്തുക്കൾക്ക് ഉപയോഗിക്കാറില്ല. ഈ വസ്തുക്കൾ ഇത്ര വലിയ അളവിൽ ശേഖരിച്ചു വെച്ചതിനെപറ്റി യോഹന്നാൻ സുവിശേഷത്തിലെ പ്രസ്താവന ബൈബിൾ വ്യഖ്യാതാക്കൾക്ക് ഒരു കീറാമുട്ടിയായി അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് 'ജീസസ് ലിവ്ഡ് ഇൻ ഇന്ത്യ' എന്ന പുസ്തകമെഴുതിയ ഹോൾഗർ കേസ്റ്റൻ എഴുതുന്നു. ***'യേശുവിന്റെ ഈ വിചിത്രമായ മൃതദേഹ സംസ്ക്കരണത്തെ കുറിച്ചുള്ള വിശദീകരണം ബൈബിൾ വ്യാഖ്യാതാക്കാളെ വളരെയധികം ബുദ്ധിമുട്ടിൽ പെടുത്തിയിട്ടുണ്ട്. പ്രതികൂലമായ സാഹചര്യത്തിൽ ദുഖവെള്ളിയാഴ്ച്ചയുടെ സന്ധ്യാനേരത്ത്, ശബത്ത് ദിനം ആരംഭിക്കുന്നതിന് തൊട്ട് മുമ്പ് അനുമതിയില്ലാത്ത ദിവസമാണ് ശവസംസ്ക്കാരം നടന്നത്. ഇതെല്ലാം തന്നെ അസാധാരണമായ തിടുക്കത്തിൽ കാര്യങ്ങൾ ചെയ്യേണ്ടി വന്നു'*** എന്ന് ഒഴുക്കൻ മട്ടിൽ പറഞ്ഞ് കൊണ്ടാണ് അവർ പലപ്പോഴും ഇതിൽ നിന്നും ഒഴിഞ്ഞു മാറുന്നത്. (Holger Kersten- Jesus Lived in India.p. 170)

യഹൂദ മൃതദേഹ ശുശ്രൂഷക്ക് അകിലിനും മൂറിനും യാതൊരു സ്ഥാനവുമില്ല. കുരിശിൽ പീഢിതനായി ശരീരത്തിന് ക്ഷതമേറ്റ യേശുവിന്റെ ആരോഗ്യ ശുശ്രൂഷക്കാണ് ഈ പരമ്പരാഗത മരുന്നുകൾ കല്ലറയിൽ ശേഖരിച്ചു വെച്ചത്. വായു സഞ്ചാരമുള്ളതും വിശാലമായ കല്ലറയിൽ ചികിത്സക്കുള്ള ഔഷധങ്ങളുമായാണ് വൈദ്യനായ നിക്കോദമൊസും ജോസഫ് അമരിഥ്യാനും അവിടെ എത്തിചേർന്നത് എന്ന് വ്യക്തമാണ്. ഗുരുതരമായ ക്ഷതങ്ങൾ ഭേദപ്പെടുത്താനുള്ള ഈ ഔഷധക്കൂട്ട് പൗരാണിക കാലം മുതൽ വൈദ്യശാസ്ത്ര ഗ്രന്ഥങ്ങളിൽ ***'മർഹമെ ഈസാ'***(യേശുവിന്റെ ലേപനം) എന്ന പേരിൽ രേഖപ്പെട്ടു കിടക്കുന്നു. യേശുവിന്റെ അജ്ഞാത ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദിന്റെ[അ] എഴുതിയ വിഖ്യാതമായ **'മസീഹ് ഹിന്ദുസ്ഥാൻ മെ'** എന്ന പുസ്തകത്തിൽ എഴുതുന്നു:

'യേശു കുരിശിൽ നിന്നു രക്ഷപ്പെട്ടതു സംബന്ധിച്ച് അതിപ്രധാനവും അനിഷേധ്യവുമായ മറ്റൊരു തെളിവ് 'മർഹമെ ഈസാ' യേശുവിന്റെ ലേപനം (Ointment of Jesus) എന്ന പേരിൽ നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ അറിയപ്പെടുന്ന ഒരു കൂട്ടു മരുന്നാണ്. ശതക്കണക്കിനു വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ ഈ ഔഷധത്തെ കുറിച്ച് പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ഈ ഗ്രന്ഥങ്ങളിൽ ചിലത് ക്രിസ്ത്യാനികൾ തയ്യറാക്കിയതും മറ്റു ചിലത് മജൂസികളോ ജൂതരോ രചിച്ചതും ചിലത് മുസ്ലിംകൾ തന്നെ എഴുതിയതുമത്രെ. ഇവയിൽ മിക്കതും ചിരപുരാതനങ്ങളാണ്...... കുരിശു സംഭവം കഴിഞ്ഞ ഉടനെ യേശുവിന്റെ കാലത്തു തന്നെ ഈ കൂട്ടു മരുന്നിനെ പറ്റിയുള്ള പരാമർശമടങ്ങിയ ഒരു ഔഷധ ഗ്രന്ഥം ലത്തീൻ ഭാഷയിൽ വിരചിതമായി. ഈ കൂട്ടുമരുന്നു യേശുവിന്റെ വ്രണങ്ങളിൽ പുരട്ടാൻ വേണ്ടി തയ്യാറാക്കപ്പെട്ടതാണെന്ന് അതിൽ തന്നെ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. പിന്നീട് ഈ കൃതി നിരവധി ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടു..... ഈ ഔഷധത്തെ പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ ഒരായിരത്തിലധികം വരും. ഏതാനും ഗ്രന്ഥങ്ങളുടെ പേരുകൾ ഞാൻ ചുവടെ കുറിക്കാം' (മസീഹ് ഹിന്ദുസ്ഥാൻ മെ, പേ. 99)

### കുരിശ് രക്ഷപ്പെട്ട യേശുവിന്റെ ജീവനുള്ള ശരീരം

റോമാഭരണത്തിനു കീഴിലാണെങ്കിലും ഫലസ്തീനിലെ യഹൂദന്മാർ യഹൂദ മതനിയമ പ്രകാരമായിരുന്നു ഭരിക്കപ്പെട്ടിരുന്നത്. കുരിശ് മരണത്തിന് വിധിക്കപ്പെട്ട നിരപരാധിയായ യേശുവിനെ രക്ഷിക്കാൻ ന്യായാധിപനും ഭരണാധികാരിയും നീതിമാനുമായ പീലാത്തോസും പ്രബലരായ യേശുശിഷ്യന്മാരും

ആസൂത്രിതമായി ഏകോപിച്ചുകൊണ്ട് പ്രവർത്തിക്കുകയുണ്ടായി. ദൈവം തന്നെ സൃഷ്ടിച്ച പ്രകൃതി നിയമവും സാദ്ധ്യതകളും ബുദ്ധിപൂർവം ഉപയോഗപ്പെടുത്തി യേശു കുരിശു മരണത്തിൽ നിന്നും രക്ഷപ്പെടുകയും, യേശു തന്നെ പറഞ്ഞ പ്രകാരം കാണാതെ പോയ ഇസ്റയേൽ ഗോത്രങ്ങളെ തേടി കിഴൻ ദിക്കുകളിലേക്ക് പോകുകയാണുണ്ടായത്. അല്ലാതെ മരിച്ചതിനു ശേഷം ഉയിർത്തെഴുന്നേറ്റ് ആകാശത്തേക്ക് ആരോഹണം ചെയ്യുകയല്ല ചെയ്തത്. അബദ്ധജഡിലവും നിരർത്ഥകമായ ഒരു അന്ധവിശ്വാസം മാത്രമാണത്. സത്യവും യുക്തിയുമായി അതിനു യാതൊരു ബന്ധവുമില്ല.

കുരിശു പീഢനത്തിൽ നിന്നും രക്ഷപ്പെട്ട യേശു തീവ്ര പരിചരണത്തിന് ശേഷം കല്ലറയിൽ നിന്ന് പുറത്ത് വന്നു. ഭയപ്പെട്ട് പേടിച്ചു ഒളിവിൽ കഴിഞ്ഞിരുന്ന ശിഷ്യന്മാർ സ്വാഭാവികമായും ധരിച്ചത് യേശു കുരിശിൽ വധിക്കപ്പെട്ടു എന്നാണ്. ആരോഗ്യം വീണ്ടെടുത്ത യേശു രഹസ്യത്തിൽ ശിഷ്യന്മാരെ സന്ദർശിക്കുകയുണ്ടായി. നമ്മെ പോലെയുള്ള സ്ഥൂല ശരീരത്തോടെയാണ് യേശു ശിഷ്യരെ സന്ദർശിച്ചത്. അദ്ദേഹം ഭൂതശരീരമോ സൂക്ഷ്മ ശരീരമോ ആത്മ ശരീരമോ അല്ലായിരുന്നു. തികച്ചും അസ്ഥിയും മാംസവുമുള്ള ശരീരമായിരുന്നു എന്ന ജ്വലിക്കുന്ന സത്യം ശിഷ്യന്മാർ പരിശോധിച്ചു സാക്ഷ്യപ്പെടുത്തുന്ന രംഗം ബൈബിൾ വ്യക്തമായ വചനങ്ങളിൽ രേഖപ്പെടുത്തുന്നു: ***'അവർ പേടിച്ചു വിറച്ചു. ഒരു ഭൂതത്തെയാണ് കാണുന്നത് എന്ന് അവർക്ക് തോന്നി. അവർ അവരോട് ചോദിച്ചു. നിങ്ങൾ എന്തിനാണ് അസ്വസ്ഥരാകുന്നത്? നിങ്ങളുടെ ഹൃദയത്തിൽ സംശങ്ങൾ ഉദിക്കുന്നത് എന്ത്? ഇത് ഞാൻ തന്നെ എന്റെ കൈകളും കാലുകളും കാണുക. എന്നെ തൊട്ടു നോക്കുക. എനിക്കുള്ളത് പോലെ മാംസവും അസ്ഥികളും ഭൂതത്തിനില്ലല്ലോ? ഇത് പറഞ്ഞ് അവൻ തന്റെ കൈകളും കാലുകളും അവർക്കു കാണിച്ചു കൊടുത്തു. എന്നിട്ട് സന്തോഷാധികൃത്താൽ വിശ്വാസം വരാതെ അവർ ആശ്ചര്യപ്പെട്ടപ്പോൾ അവൻ ചോദിച്ചു: ഇവിടെ നിങ്ങളുടെ പക്കൽ തിന്നാൻ വല്ലതും ഉണ്ടോ? അവർ ഒരു വറുത്ത മീൻ കഷണം അവനു കൊടുത്തു. അവൻ അത് എടുത്ത് അവരുടെ മുമ്പിൽ വച്ചു ഭക്ഷിച്ചു.'*** (ലൂക്കോസ് 24: 30-43) വിശന്നു വലഞ്ഞ യേശു തന്റെ ശിഷ്യന്മാരെ സന്ദർശിച്ച ശേഷം ഭക്ഷണം വാങ്ങിക്കഴിക്കുകയും ചെയ്തു. യഹൂദന്മാർ വധിക്കാൻ വിധിച്ച ഒരു കുറ്റവാളിയായിരുന്നു യേശു. വീണ്ടും അറസ്റ്റ് ചെയ്യാതിരിക്കാൻ വേണ്ടി എല്ലാ മുൻകരുതലുകളും എടുത്തുകൊണ്ടായിരുന്നു യേശു നീങ്ങിയിരുന്നത്. പൊതു സ്ഥലങ്ങളിൽ അദ്ദേഹം പ്രത്യക്ഷപെട്ടതേയില്ല.

താൻ ഒരു ഭൂതമാണോ എന്ന് സംശയിച്ച തന്റെ ശിഷ്യൻ തോമസിന് കൈകാലുകൾ കാണിച്ചു കൊടുത്ത് താനൊരു ഭൂതശരീരമല്ല എന്ന് ഉറപ്പ് വരുത്തുക കൂടി യേശു ചെയ്യുന്നുണ്ട്. ശിഷ്യന്മാരെല്ലാം യഹൂദരെ പേടിച്ച് വാതിലടച്ചായിരുന്നു സമ്മേളിച്ചത് അടച്ച വാതിൽ തുറന്ന് ശിഷ്യരോടൊപ്പം യേശു ആ കൊച്ചു മുറിയിൽ കൂടിച്ചേർന്നത്. ആ മുറിയിൽ കയറി അവർ വാതിലടച്ചു. ബൈബിൾ ആ രംഗം വിവരിക്കുന്നത് ഇപ്രകരമാണ് 'പന്ത്രണ്ടു പേരിൽ ഒരാളായ ദിദിമോസ് എന്ന തോമസ് യേശു വന്നപ്പോൾ അവരോടൊപ്പം ഉണ്ടായിരുന്നില്ല അതുകൊണ്ടു മറ്റു ശിഷ്യന്മാർ അയാളോട് പറഞ്ഞു. 'ഞങ്ങൾ കർത്താവിനെ കണ്ടു. പക്ഷേ അയാൾ പറഞ്ഞു. അവന്റെ കൈകളിൽ ആണികൾ കൊണ്ടുള്ള മുറിവുകൾ കാണുകയും ആ ആണിപ്പഴുതുകളിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശത്തിൽ എന്റെ കൈ വെക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല'. എട്ടു ദിവസത്തിനു ശേഷം അവന്റെ ശിഷ്യന്മാർ വീണ്ടും ആ വീട്ടിൽ സമ്മേളിച്ചപ്പോൾ തോമസും അവരോടൊപ്പം ഉണ്ടായിരുന്നു. വാതിലുകൾ അടച്ചിരുന്നുവെങ്കിലും യേശുവന്നു, അവരുടെ ഇടയിൽ നിന്നും അവൻ പറഞ്ഞു: 'നിങ്ങൾക്കു സമാധാനം! അവൻ തോമസിനോട് പറഞ്ഞു: 'നിന്റെ വിരൽ നീട്ടുക, എന്റെ കൈകൾകാണുക നിന്റെ കൈനീട്ടി എന്റെ പാർശ്വത്തിൽ വെക്കുക. നീ അവിശ്വാസിയാകാതെ വിശ്വാസിയാവുക'(യോഹന്നാൻ 20: 24 27)

### സ്വർഗ്ഗാരോഹണം ബൈബിളിലില്ലത്തത്.

യേശുവിന്റെ സ്വർഗാരോഹണ വിഷയം മത്തായിയും യോഹാന്നനിലും അവരുടെ സുവിശേഷങ്ങളിൽ പരാമർശിച്ചിട്ടില്ല. ക്രിസ്തു വിശ്വാസത്തിന്റെ ഈ പ്രധാന സംഭവത്തെ പറ്റി രണ്ട് സുവിശേഷങ്ങളിൽ പ്രതിപാദനമില്ല. ഈയടുത്ത കാലത്ത് നടന്ന ശാസ്ത്രീയ ഗവേഷണങ്ങൾ ചൂണ്ടിക്കാണിക്കുന്നത് ബൈബിളിലെ ഈ സ്വർഗാരോഹണ പരാമർശങ്ങൾ പിൽക്കാലത്ത് കൂട്ടിചേർക്കപ്പെട്ടതാണ് എന്നാണ്. മൂലഗ്രന്ഥത്തിൽ ഈ വചനങ്ങളില്ല.

ബൈബിൾ പഴയ നിയമവും പുതിയ നിയമവും ഒന്നിച്ച് ഏകദേശം പൂർണമായ നിലയിൽ കണ്ടെത്തിയ ഏറ്റവും പഴക്കം മേറിയ ആധികാരിക ഗ്രന്ഥമാണ് കോഡക്സ് സിനിയാറ്റിക്കസ് (Codex Siniaticus). സീനാ പർവതത്തിന്റെ അടിയിലുള്ള ഒരു മോണോസ്ട്രിയിൽ നിന്നും ഈ കൃതി കണ്ടെത്തിയത് കൊണ്ട് കോഡക്സ് സിനിയാറ്റിക്കസ് എന്ന പേർ വന്നത്. സ്വർഗാരോഹണത്തെ പറ്റി മാർക്കോസും ലൂക്കോസും രേഖപ്പെടുത്തിയ വചനങ്ങൾ ഈ ഗ്രന്ഥത്തിലില്ല എന്ന് ആ ഗ്രന്ഥം തന്നെ സാക്ഷ്യം വഹിക്കുന്നു. പിൽക്കാലത്ത് ആരെങ്കിലും ബൈബിളിൽ കൂട്ടിച്ചേർത്തതാണ്

(ശേഷം പേജ് 36 ൽ)



# അഹ്മദികളും ഹജ്ജും

## ഹ്ദറത്ത് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി رضي الله عنه

സുൽത്താൻ ഇബ്നു സുഊദുമായി അഹ്മദി മുബല്ലിഗ് നടത്തിയ കൂടിക്കാഴ്ച്ച.

**മു**സ്‌ലിമായ ഒരാൾക്ക് ഹജ്ജ് നിഷേധിച്ചാൽ അവരെ അല്ലാഹു ശിക്ഷിക്കുമെന്ന് പരിശുദ്ധ ഖുർആൻ താക്കീത് ചെയ്തതാണ്. ***'അവിശ്വസിക്കുകയും, (മനുഷ്യരെ) അല്ലാഹുവിന്റെ മാർഗത്തിൽ നിന്നും മസ്ജിദുൽ ഹറാമിൽ നിന്നും അവിടെ താമസിക്കുന്നവർക്കും പുറമേ നിന്ന് വരുന്നവരായ എല്ലാവർക്കും നാം അതിനെ സമാവകാശമാക്കി വെച്ചിരിക്കുന്നു- തടയുകയും ചെയ്യുന്നവർ, ആരെങ്കിലും അവിടെ വച്ച് അക്രമവും അനീതിയും നടത്തുവാൻ ഉദ്ദേശിക്കുന്നതായാൽ അവനെ വേദനാജനകമായ ശിക്ഷ രുചിപ്പിക്കുന്നതാണ്.'*** (സൂറ:ഹജ്ജ്. 22:26) സഊദി ഭരണാധികാരികൾ ആദ്യകാലത്ത് ഹജ്ജ് നിർവ്വഹിക്കാൻ അഹ്മദികളെ അനുവദിക്കുകയുണ്ടായി. സുൽത്താൻ ഇബ്നു സുഊദിന്ന് അല്ലാഹുവിന്റെ താക്കീതിനെ പറ്റി ബോധ്യമുണ്ടായിരുന്നു. സർ സഫറുല്ലാഹ് ഖാൻ സാഹിബിനെ അമീർ ഫൈസൽ വിശിഷ്ടാതിഥിയായി ഹജ്ജിന് ക്ഷണിക്കുകയാണുണ്ടായത്. പിന്നീട് എണ്ണപ്പണം കുമിഞ്ഞു കൂടിയപ്പോൾ പാക്കിസ്താനിൽ നിന്നും ഇന്ത്യയിൽ നിന്നും എത്തിചേർന്ന ഉപചാപകരായ ഉലമാക്കന്മാരും റാബിത്തത്തുൽ ആലമിൽ ഇസ്‌ലാമിയുമാണ് അഹ്മദികൾക്ക് ഹജ്ജ് നിരോധിക്കാൻ സഊദി ഭരണകൂടത്തെ പ്രേരിപ്പിച്ചത്. അഹ്മദികൾക്ക് ഹജ്ജ് നിരോധിച്ചതിന് ശേഷം സഊദി അറേബ്യക്കും മുസ്‌ലിം ലോകത്തിന്നും രക്ഷയും ശ്രേയസ്സുമാണോ ഉണ്ടായത് അല്ലെങ്കിൽ അല്ലാഹു താക്കീത് ചെയ്തത് പോലെ അധപതനവും പരാജയവും ശിക്ഷയുമാണോ ഉണ്ടായിക്കൊണ്ടിരിക്കുന്നത്? ആലോചിച്ചു നോക്കൂ.

വാഗ്ദത്ത മസീഹിന്റെ സഹാബിയും ഗ്രന്ഥകാരനുമായ അൽഹാജ് ഹദ്റത്ത് യഅ്ഖൂബ് അലി ഇർഫാനി[റ] സഊദി ഭരണകൂട സ്ഥാപകൻ സുൽത്താൻ ഇബ്നു സുഊദുമായി നടത്തിയ കൂടിക്കാഴ്ച്ച രേഖപ്പെടുത്തിയ 'കിതാബുൽ ഹജ്ജ്' എന്ന പുസ്തകത്തിൽ നിന്നുള്ളതാണ് ഈ ലേഖനം.

'ജലാലത്തുൽ മുൽക്ക് സുൽത്താൻ ഇബ്നു സൂഊദുമായി മൂന്നു തവണ കൂടിക്കാഴ്ച്ച നടത്തുവാൻ എനിക്കവസരമുണ്ടായി. രണ്ട് തവണ എന്റെ കൂടെ മുബല്ലിഗുൽ ഇസ്‌ലാം ഹദ്റത്ത് അൽഹാജ് അബ്ദുർ റഹിം നയ്യർ സാഹിബും[റ] ഉണ്ടായിരുന്നു. മൂന്നാമത്തെ തവണ ഞാനൊറ്റക്കാണ് കൂടിക്കാഴ്ച്ച നടത്തിയത്. അത് വളരെ പ്രധാനപ്പെട്ടതുമായിരുന്നു. വിശുദ്ധ മക്കയിൽ സുൽത്താൻ ഇബ്നു സൂഊദ് പ്രവേശിച്ച് ആദ്യത്തെ കൊല്ലം തന്നൊയാണ് അതുണ്ടായത്. ധാരാളം അഹ്‌ലെ ഹദീസുകാർ അവിടെ എത്തിയിട്ടുണ്ടായിരുന്നു. മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് സൂറത്തിയും അവരിലൊരാളായിരുന്നു. എന്റെ ബോംബെ പ്രവാസകാലത്ത് അടുത്ത് പരിചയിക്കാനിടയായ ഇദ്ദേഹം വിശ്വാസപരമായി അഹ്‌ലെ ഹദീസ് കക്ഷിക്കാരനായിരുന്നതോടൊപ്പം ഒരു ഉറച്ച കോൺഗ്രസ്സ്കാരനുമായിരുന്നു. സൂറത്തി സാഹിബിന്ന് സുൽത്താന്റെ വളരെ അടുത്ത ആളുകളിൽ പെട്ട മൗലവി ഇസ്മായിൽ ഗസ്നവിയോട് (സുൽത്താന്റെ ഭരണത്തിന്റെ നിലനിൽപ്പിന്ന് വേണ്ടി വലിയ ത്യാഗങ്ങൾ ചെയ്തിട്ടുള്ള ഒരാളായിരുന്നു അദ്ദേഹം) എന്തോ നീരസം ഉണ്ടായിരുന്നു. സുൽത്താനോട് ഗസ്നവി സാഹിബിനോടുള്ള അടുപ്പവും അദ്ദേഹത്തിനു ലഭിച്ച സ്ഥാനവും മൗലവി ഇസമായീൽ സൂറത്തിക്ക് അസഹനീയമായി തോന്നി. ഗസ്നവി സാഹിബിനോട് എനിക്ക് ചെറുപ്പത്തിലേ ബഹുമാനമായിരുന്നു. അതിനാൽ അദ്ദേഹം എന്നേയും സ്നേഹിച്ചു. ഗസ്നവി സാഹിബിനെതിരെ ആരോപണം തൊടുത്തുവിടാൻ ഇത് നല്ല ഒരു അവസരമാണെന്ന് സൂറത്തി സാഹിബ് കരുതി. ഗസ്നവി സാഹിബ് എന്നെ സുൽത്താന്റെയടുക്കൽ കൂട്ടികൊണ്ടു പോകുന്നു എന്നദ്ദേഹം ഒരു ആക്ഷേപം പുറപ്പെടുവിക്കുകയും ഇത് വലിയൊരു ഫിത്നയാണെന്ന് പറഞ്ഞ് പരത്തുകയും ചെയ്തു.

സുൽത്താന്ന് എന്റെ വിശ്വാസങ്ങൾ നന്നായറിയാമായിരുന്നു. സുൽത്താൻ ഈ വിഷയം അബ്ദുല്ലാഹിബ്നു യൽഹിദുമായി ചർച്ച ചെയ്യുകയും ചെയ്തിരുന്നു. ഞാനുമായി കുടിക്കാഴ്ച്ച നടത്തുന്നതിനെപറ്റി സുൽത്താൻ അദ്ദേഹത്തോട് അഭിപ്രായമാരായുകയുണ്ടായി. ശൈഖുൽ ഇസ്‌ലാം (റഹ്മഹുല്ലാഹു) പറഞ്ഞത് ഇക്കൂട്ടർ ഇസ്‌ലാമിന്റെ തബ്‌ലീഗ് ചെയ്യുന്നവരാണെന്നും തിരുമനസ്സുകൊണ്ട് നിശ്ചയമായും അവരുമായി കൂടിക്കാഴ്ച്ച നടത്തി

അവരുടെ നിലപാടും വിശ്വാസങ്ങളും മനസ്സിലാക്കണമെന്നും അദ്ദേഹം ഉപദേശിച്ചു. ഇങ്ങനെയാണ് എനിക്ക് സുൽത്താനുമായി കൂടിക്കാഴ്ച്ച നടത്താനും എന്റെ വിശ്വാസങ്ങൾ അറിയിക്കാനും അവസരം ലഭിച്ചത്.

സുൽത്താനുമായി ഞാൻ കൂടിക്കാഴ്ച്ച നടത്തിയെന്ന് സൂറത്തി സാഹിബ് അറിഞ്ഞപ്പോൾ അദ്ദേഹം ഗസ്നവി സാഹിബിനെക്കുറിച്ച് സുൽത്താന്റെ അടുക്കൽ ആക്ഷേപം ബോധിപ്പിച്ചു. സംഗതികൾ ശരിക്കും അറിയുന്ന സുൽത്താൻ ഇബ്നു സുഊദ് ഞാൻ ശരിയായ വഴിക്കാണ് തന്നെ സമീപച്ചതെന്നും താൻ ശൈഖുൽ ഇസ്‌ലാമിനോട് ഉപദേശമാരാഞ്ഞ ശേഷമാണ് കൂടിക്കാഴ്ച്ചക്ക് അനുമതി നല്കിയതെന്നും അറിയിച്ചിച്ചു. ഞാൻ നല്കിയ ഗ്രന്ഥങ്ങൾ താൻ സ്വീകരിച്ചതായും ഈ കാര്യത്തിൽ ഗസ്നവി സാഹിബിനു യാതൊരു പങ്കുമില്ലെന്നും സുൽത്താൻ പറഞ്ഞു. തുടർന്ന് സൂറത്തി സാഹിബിനോട് അദ്ദേഹം മക്കയിൽ വന്നതെന്തിനാണെന്നും സുൽത്താൻ ചോദിക്കുകയുണ്ടായി. ഹജ്ജ് ചെയ്യാൻ വന്നതാണെന്ന് അദ്ദേഹം മറുപടി നൽകുകയുണ്ടായി. അപ്പോൾ സുൽത്താൻ തിരുമനസ്സുകൊണ്ട് ഇപ്രകാരം പറഞ്ഞു. ഞങ്ങൾ ബദുക്കളാണ് ഞങ്ങളുടെ ഭവനങ്ങളിൽ ശത്രുക്കൾക്കും അഭയം നല്കാറുണ്ട്. ഇവർ ദൈവത്തിന്റെ ഭവനത്തിലാണ് വന്നിട്ടുള്ളത്. ദൈവത്തിന്റെ ഭവനത്തിൽ നിന്ന് ഇവരെ ആട്ടിപുറത്താക്കാൻ ഞാനോ നിങ്ങളോ ആരാണ്? പിന്നെ ഫിത്നയുടെ കാര്യമല്ലേ? അദ്ദേഹം നിയമ വിരുദ്ധമായി എന്തെങ്കിലും പറയുകയുകയോ പ്രവർത്തിക്കുകയോ ചെയ്യുകയാണെങ്കിൽ അപ്പോൾ സർക്കാർ വേണ്ടത് ചെയ്യും.

ചുരുക്കത്തിൽ സൂറത്തി സാഹിബ് തന്റെ കുതന്ത്രത്തിൽ പറ്റെ പരാജപ്പെട്ടു. ഈ സംഗതി ഞാനറിഞ്ഞപ്പോൾ ഞാൻ വീണ്ടും സുൽത്താനുമായി കൂടികാഴ്ച്ചക്കുള്ള ഒരുക്കങ്ങൾ ചെയ്തു. അങ്ങനെ ഞാനും സുൽത്താനുമായി ഇപ്രകാരം ഒരു സംഭാഷണമുണ്ടായി.

**ഇർഫാനി:** ജലാലുൽമുൽക്ക്, വിശുദ്ധ ഹറമൈനുകളുടെ സേവനത്തിന്നുള്ള ഭാഗ്യം അങ്ങേക്ക് ലഭിച്ചത് എങ്ങനെയാണ്?

**സുൽത്താൻ:** ദാലിക ഫളുലുല്ലഹി യുഅ്ത്തീ മൻ യശായി (അത് ദൈവാനുഗ്രഹം അവൻ ഈഛരിക്കുന്നവർക്ക് അത് നൽകുന്നു-ഖുർആൻ)

**ഇർഫാനി:** നിശ്ചയമായും ഇതൊരനുഗ്രഹം തന്നെ, എന്നാലും ആ അനുഗ്രഹപ്രാപ്തിക്ക് കാരണമുണ്ടാകുമലോ?

**സുൽത്താൻ:** എനിക്കറിയില്ല താങ്കൾ തന്നെ പറയൂ.

**ഇർഫാനി:** ശരീഫ് ഔന്റെ കാലത്ത് അങ്ങയുടെ പിതാമഹൻ ഹജ്ജിന്നായി വന്നിട്ടുണ്ടായിരുന്നു. എന്നാൽ ശരീഫ് വിശ്വസപരമായ അഭിപ്രായ വ്യത്യാസങ്ങളെ മുൻനിർത്തി അവരെ തടഞ്ഞു. അല്ലാഹു ഇത് തീരെ ഇഷ്ടപ്പെട്ടില്ല. ആകയാൽ ശരീഫിന്റെ കുടുംബക്കാരിൽ നിന്ന് ഈ മഹാഭാഗ്യം അല്ലാഹു പിടിച്ചുപറ്റി. സുഊദ് കുടുംബത്തിന്ന് നല്കി.

**സുൽത്താൻ:** മർഹബാ! മർഹബാ!

**ഇർഫാനി:** വിശുദ്ധ മക്ക ലോകത്തുള്ള മുഴുവൻ മുസ്‌ലിംകളുടേയും കേന്ദ്രമാണ് ഇവിടെ വിവിധ തരക്കാരായ വിശ്വാസക്കാരും കക്ഷിക്കാരുമായ മുസ്‌ലിംകൾ വരും. ചിലർക്ക് അങ്ങുമായും അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം. വിശ്വാസപരമായ അഭിപ്രായ വ്യത്യാസങ്ങളെ മുന്നിർത്തി അങ്ങ് ആരെയെങ്കിലും അകറ്റുന്ന പക്ഷം ഓർമ്മവെച്ചു കൊള്ളുക സർവശക്തനായ അല്ലാഹു അങ്ങയിൽ നിന്നും ഈ സേവന ഭാഗ്യം പിടിച്ചു പറ്റും. എന്നിട്ട് വിശ്വാസപരമായ അഭിപ്രായ വ്യത്യാസങ്ങളെ മുൻനിർത്തി ആരെയും അകറ്റിക്കളയാത്ത ആൾക്ക് അത് നല്കുകയും ചെയ്യും.!

എന്റെ ഈ സംസാരം അന്നത്തെ അദ്ദേഹത്തിന്റെ പ്രസിദ്ധ മന്ത്രിയായിരുന്ന തൗഫീഖ് ശരീഫ് സാഹിബാണ് പരിഭാഷപ്പെടുത്തിയത്. ചിലപ്പോൾ ഞാൻ തന്നെ തപ്പിത്തടഞ്ഞ് എന്റെ ഭാഷയിൽ സംസാരിക്കുകയും ചെയ്തിരുന്നു. സുൽത്താൻ എന്റെ സംസാരം കേട്ടപ്പോൾ ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട് പെട്ടെന്ന് എഴുന്നേറ്റ് നിന്നു. പറഞ്ഞു: ഇൻശാ അല്ലാഹ് നാം ഒരിക്കലും അപ്രകാരം ചെയ്യില്ല.

എന്നിട്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു: താങ്കൾ തന്നെ സാക്ഷിയാണല്ലോ നാം ഒരു വിരോധവും കാണിച്ചില്ല. താങ്കളെക്കുറിച്ച് ആക്ഷേപമുണ്ടെങ്കിലും നാം അത് ചെവികൊണ്ടിട്ടില്ല! അപ്പോൾ ഞാൻ പറഞ്ഞു: ഇക്കാരണത്താൽ തന്നെയാണ് ഈ സത്യം അങ്ങയെ ഉണർത്തണമെന്ന് എനിക്ക് തോന്നിയത്. **അൽഹംദുലില്ലാഹ്!** ഞാനിതാ എന്റെ കടമ നിർവഹിച്ചു കഴിഞ്ഞു.

എന്റെ ജീവിതത്തിലെ ഒരു പ്രധാന സംഭവമാണിതെങ്കിൽ സുൽത്താൻ ഇബ്നു സുഊദിന്റെ സ്വഭാവമഹിമയിലേക്ക് വെളിച്ചം വീശുന്ന ഒന്നുമത്രേ

തന്റെ നാട്ടുകാരും പുറംനാട്ടുകാരുമായ അറബികൾ സുൽത്താന്റെ ദർബാറിൽ കടന്നുവരികയും അദ്ദേഹത്തോടൊപ്പം നിലത്തിരുന്ന് സങ്കോചലേശമന്യേ സംസാരിക്കുകയും ചെയ്യുന്നത് എനിക്ക് കാണാൻ സാധിച്ചു. ഒരാൾ തന്റെ ഒട്ടകത്തിന്റെ കുഞ്ഞിനെ പറ്റിയാണെങ്കിൽ മറ്റൊരാൾ മറ്റൊരു കാര്യത്തെക്കുറിച്ചാകും പറയുന്നത്. സുൽത്താൻ സംതൃപ്തിയോടും സഹനബുദ്ധിയോടും അവയെല്ലാം കേട്ടു മറുപടി പറയുന്നു. അദ്ദേഹത്തിന്റെ ദർബാറിൽ ഇസ്‌ലാമിക് ഭരണത്തിന്റെ ഒരു ചിത്രമാണ് ദൃശ്യമായിരുന്നത്.

(ശേഷം പേജ് 36 ൽ)

# വാഗ്ദത്ത മസീഹിന്റെ ആത്മീയ വിപ്ലവം.



ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) യുടെ രണ്ട് വിധ നിയോഗ ഘട്ടങ്ങളെക്കുറിച്ച് വിശുദ്ധ ഖുർആനിലും തിരുവചനങ്ങളിലും കാണാം. ഒന്ന് റസൂൽ തിരുമേനി(സ)യുടെ പരിശുദ്ധ ജീവിതമാണ്. മറ്റൊന്ന് അവിടുത്തെ പ്രതിഛായയിൽ വന്ന വാഗ്ദത്ത മസീഹിന്റേതുമാണ്. രണ്ട് വിശുദ്ധ ജീവിതങ്ങളിലും വ്യക്തമായ സാമ്യതകളും കാണാവുന്നതാണ്.

മഹ്മൂദ് കൽക്കുളം

ഒന്നാമത്തെ നിയോഗഘട്ടം അവിടത്തെ പ്രാദുർഭാവത്തിലൂടെ തന്നെ പൂർത്തിയായി. രണ്ടാമത്തെ നിയോഗ ഘട്ടം വാഗ്ദത്ത മഹ്ദി മസീഹ് മുഖേനയാണ് സാക്ഷാത്ക്കരിക്കപ്പെട്ടത്. വാഗ്ദത്ത മസീഹ് നബി തിരുമേനി(സ)യിൽ നിന്നും വ്യത്യസ്തനായ ഒരാളല്ല. മറിച്ച് അദ്ദേഹം നബി(സ) തിരുമേനിയുടെ സമ്പൂർണ്ണ പ്രതിരൂപവും ആത്മീയ സുതനുമാകുന്നു. ധർമ്മച്യുതി സംഭവിച്ചവരെ സംസ്കരിച്ചെടുക്കുകയും അവർക്ക് ധർമ്മവും തത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുകയെന്ന അതി പ്രധാനമായ ദൗത്യമാണ് നബി തിരുമേനി (സ) നിർവ്വഹിച്ചത്. ഇതേ ദൗത്യ പൂർത്തീകരണമണ് വാഗ്ദത്ത മസീഹിന്നും നിർണ്ണയിക്കപ്പെട്ടത്. വിശുദ്ധ ഖുർആൻ പറയുന്നു:

**അവനത്രെ അക്ഷരജ്ഞാന മില്ലാത്ത ആ ജനതയിൽ നിന്നും (അറബികൾ) അവരിൽ നിന്നുള്ള ഒരു ദൂതനെ എഴുന്നേൽപ്പിച്ചിട്ടുള്ളത്. ആ ദൂതൻ അവന്റെ വചനങ്ങൾ അവർക്ക് വായിച്ചു കേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിച്ചു കൊടുക്കുകയും ചെയ്യുന്നു. ഇതിന്ന് മുമ്പ് അവർ സ്പഷ്ടമായ വഴികേടിലായിരുന്നുവെങ്കിലും. അവരോടൊപ്പം ചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള മറ്റൊരു ജനതയിലും (അവൻ) അദ്ദേഹത്തെ എഴുന്നേൽപ്പിക്കുന്നതാണ്. അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു.**(62:34) ഈ ഖുർആനിക വചനത്തിൽ മേൽപ്പറഞ്ഞ രണ്ട് നിയോഗങ്ങളെ സംബന്ധിച്ചാണ് വിവരിച്ചിരിക്കുന്നത്. അവരോടൊപ്പം ചേർന്നിട്ടില്ലാത്ത മറ്റൊരു ജനതയിലും അദ്ദേഹത്തെ എഴുന്നേൽപ്പിക്കും എന്നതിന്റെ ഉദ്ദേശമെന്താണെന്ന സന്ദേഹത്തിന്ന് നിവാരണം നൽകിയ നബി(സ) സൽമാൻ ഫാരിസിയുടെ ചുമരിൽ കൈവെച്ചു കൊണ്ട് പറഞ്ഞതിപ്രകാരമാണ്: ഈമാൻ സുരയ്യാ നക്ഷത്രത്തോളം ഉയർന്നുപോവുന്ന കാലം വന്നാൽ ഇദ്ദേഹത്തിന്റെ വംശത്തിൽ നിന്നുള്ള ഒരാളോ ചിലരോ അതിനെ ഭൂമിയിൽ തിരിച്ചുകൊണ്ടു വരുന്നതാണ്. (ബുഖാരി)

ഈ പ്രവചനം വാഗ്ദത്ത മസീഹിന്റെ ആഗമനത്തെയാണ് കുറിക്കുന്നത്. അദ്ദേഹത്തി ന്റെ ആഗമനത്തിന്റെ രണ്ടാം ഘട്ടമാണെന്ന് വെളിപ്പെടുത്തികൊണ്ട് അദ്ദേഹം തന്നിൽ നിന്നും വിഭിന്നനല്ലെന്നും തന്റെ ദൗത്യ പൂർത്തീകരണമാണ് അദ്ദേഹത്തിന്റെ ആഗമന ലക്ഷ്യമെന്നും നബി(സ) മനസ്സിലാക്കിത്തന്നിരിക്കുന്നു. കൂടാതെ നബി(സ) ഇങ്ങനെ അരുളി: 'ഈ സമുദായത്തിൽ നല്ലവർ ആദ്യകാലത്തും അവസാന കാലത്തുമുള്ളവരാകുന്നു. ആദ്യകാലത്ത് അല്ലാഹുവിന്റെ റസൂൽ അവരിലുണ്ടായിരുന്നു അവസാനകലത്ത് മസീഹുബ്നു മറിയമും' (കൻസുൽ ഉമ്മാൾ) ഈ സമുദായത്തിന്റെ അവസന ഘട്ടത്തിൽ ഒരു കൂട്ടർ ഉണ്ടായവരും അവർക്ക് അവരുടെ ആദ്യത്തവരുടെ മാതി രി പ്രതിഫലം ലഭിക്കും. അവർ നല്ലതിനെ ഉപദേശിക്കുകയും തിയ്യതിനെ വിലക്കുകയും ചെയ്യും. ഫിത്നക്കാരോട് പൊരാടുകയും ചെയ്യും. (മിശ്ക്കാത്ത്) ചുരുക്കത്തിൽ വാഗ്ദത്ത മസീഹഇൽ നബി(സ) തിരുമേനിയോടുള്ള സാദൃശ്യങ്ങൾ ഒത്തുചേരുന്നതായി കാണാം. അവരുടെ ദൗത്യം വിഭിന്നങ്ങളല്ല. അവർ മുഖേന പരസ്പര സാദൃശ്യം പുലർത്തുന്ന സമൂഹം രൂപം കൊള്ളുന്നതുമാണ്. കൂറിലും അനുരക്തിയിലുമാദ്യം അകലത്തുള്ള വരുമായി കൂടി ചേർക്കാവുന്ന വിധത്തിൽ ഒരു വിഭാഗത്തെ വാഗ്ദത്ത മസീഹും വാർ ത്തെടുക്കുകയുണ്ടായി. ആദ്യകാലത്തും അവസാനകാലത്തുമുള്ളവരുടെ ഉദാഹരണം ഇവിടെ കുറിക്കുകയാണ്. മുമ്പേ തന്നെ നബി(സ) തിരുമേനിയിൽ വിശ്വസിക്കാനും സാമീപ്യ സമ്പർക്കത്തിൽ കഴിയാനും ഭാഗ്യം സിദ്ധിച്ച അവിത്തെ പ്രസിദ്ധനായ ഒരു ശിഷ്യനായിരുന്നു ഹദ്റത്ത് സൈദ്ബ്നു ഹാരിദ്(റ). ചെറുപ്പത്തിൽ അദ്ദേഹത്തെ തട്ടികൊണ്ടു പോകുകയും അടിമയെന്നോണം പല ഭാഗങ്ങളിലും വിൽക്കപ്പെടുകയുമാണുണ്ടായത്. ഖദീജ(റ) സഹോദര പുത്രനായ ഹകീമിബ്നു ഹിസാം അവർക്ക് വേണ്ടി സൈദിനെ വിലക്ക് വാങ്ങിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം മക്കയിലെത്തി ചേർന്നു. വിവാഹത്തെ തുടർന്ന് ഹദറത്ത് ഖദീജ(റ) തന്റെ പക്കലുണ്ടായിരുന്ന മുഴുവൻ സമ്പാദ്യങ്ങളും അടിമകളേയും നബി(സ) തിരുമേനിക്ക് മുമ്പിൽ സമർപ്പിച്ചു


അക്കൂട്ടത്തിൽ സൈദുമുണ്ടായിരുന്നു. നബി തിരുമേനി(സ) തനിക്ക ലഭിച്ച അടിമകളെയെല്ലാം സ്വതന്ത്രരാക്കിയെങ്കിലും സൈദ് നബി(സ)യെ പിരിഞ്ഞുപോകാൻ ഇഷ്ടപ്പെട്ടില്ല. ഒരിക്കൽ സൈദിന്റെ ഗോത്രത്തിലെ ചിലർ മക്കയിൽ വന്നു. ഒരിക്കൽ സൈദിന്റെ ഗോത്രത്തിൽപ്പെട്ട ചിലർ മക്കയിൽ വന്നു. അവർ സൈദിനെ കണ്ടുമുട്ടിയപ്പോൾ അവർ സൈദിനോട് പറഞ്ഞു; ഞാൻ മാന്യനായ ഒരു വ്യക്തിയുടെ അടുക്കൽ സസുഖം കഴിയുന്നുവെന്ന് എന്റെ വീട്ടുകാരോട് വിവരം പറയണം. അവർ തി രിച്ച് ചെന്ന് സൈദിന്റെ വീട്ടുകാരെ ഉടനെ തന്നെ സൈദിന്റെ പിതാവ് ഹാരിസും സഹോദരൻ കഅ്ബും മക്കയിലേക്ക് പുറപ്പെട്ടു. അവർ നബി(സ)യുടെ അടുത്തെത്തി. സൈദിനെ വിട്ടുത്തരാൻ അപേക്ഷിക്കുകയുമുണ്ടായി. സൈദ് പൂർണ്ണസ്വതന്ത്രനാണെന്നും എവിടെ എപ്പോൾ വേണമെങ്കിലും പോകാമെന്നും നബി(സ) മറുപടി നൽകി. തിരുനബി(സ) സൈദിനെ വിളിച്ചു. പിതാവിനെയും പിതൃവ്യനെയും കാണിച്ചു കൊടുത്തു. പിതാവും പുത്രനും ഏറെ നേരം കെട്ടിപിടിച്ചു. കണ്ണീർ പൊഴിച്ചു തുടർന്ന് പിതാവ് പറഞ്ഞു: ദയാലുവായ നിന്റെ യജമാനൻ നിന്നെ സ്വതന്ത്രനാക്കിയിരിക്കുന്നു. ഈ സ്വാതന്ത്ര്യത്തെ പ്രയോജനപ്പെടുത്തിക്കൊണ്ട് നീ ഞങ്ങളുടെ സ്വഭവനത്തിലേക്ക് വരുക. നിന്റെ മാതാവ് ഖിന്നയായി കഴിയുകയാണ്. സൈദ് മറുപടിയായി പറഞ്ഞു: മാതാപിതാക്കളോട് ആർക്കാണ് സ്നേഹമില്ലാത്തത്? അവർ എനിക്ക് ഏറെ പ്രിയപ്പെട്ടവർ തന്നെയാണ്. എന്നാൽ മുഹമ്മദ് എന്ന വ്യക്തിയെ വിട്ടുപിരിഞ്ഞു നിൽക്കാൻ എനിക്കാവില്ല. അത്ര മാത്രം ഞാൻ അദ്ദേഹത്തെ സ്നേഹിക്കുന്നു. തന്നോടൊപ്പം സൈദിനെ കൊണ്ടുപോകാനുള്ള ശ്രമങ്ങളൊന്നും ഫലം കണ്ടില്ല. ഒടുവിൽ നബി(സ) പ്രഖ്യാപിച്ചു. സൈദ് മുമ്പേ തന്നെ സ്വതന്ത്രനായിക്കഴിഞ്ഞിട്ടുണ്ട്. ഇന്നു മുതൽ അവൻ എന്റെ പുത്രനുമായിരിക്കുന്നു. സൈദ് കൂടെ വരാത്തതിൽ അവർക്ക് കഠിനവ്യഥ ഉണ്ടായെങ്കിലും ഒരു പിതാവിനെക്കാളുപരി തിരുനബി(സ) സൈദിനോട് പെരുമാറുന്നത് കണ്ട് സൈസദിന്റെ പിതാവും പിതൃസഹോദരനും ഏറെ സന്തോഷിച്ചു. അങ്ങനെ സൈദ് നബി(സ) തിരുമേനിയുടെ വീട്ടിലെ ഒരംഗമായി. ഉന്നതമായ ആത്മീയ പദവികൾ പ്രാപിക്കാനുള്ള ഭാഗ്യം അദ്ദേഹത്തിന്ന് ലഭിച്ചു. ശഹാദത്ത് വരിച്ചു കൊണ്ടാണ് അദ്ദേഹം പരലോകം പൂകിയത്. ഇക്കാലത്ത് ആഗതനായ വാഗ്ദത്ത മസീഹിന്റെ സ്വഭാവ ഗുണങ്ങളിൽ ആകൃഷ്ടനായി അദ്ദേഹത്തിന്റെ സാമീപ്യ സമ്പർക്കത്തിൽ നിന്നകലാൻ ഇഷ്ടപ്പെടാത്തവരുടെ ഉദാഹരണങ്ങളും ചരിത്രത്തിൽ ദർശിക്കാൻ സാധിക്കുന്നതാണ്. ഹദ്റത്ത് സൈദുബ്നു ഹാരിസിനെ പോലെ വാഗ്ദത്ത മസീന്റെ സാമീപ്യത്തിൽ കഴിയാൻ ഇഷ്ടപ്പെട്ടിരുന്ന ഒരു സഹാബിയായിരുന്നു. ഭായി അബ്ദുർഹമാൻ സാഹിബ് ഖാദിയാനി(റ) അദ്ദേഹം 1879 ൽ ഒരു ഹിന്ദു കുടുംബത്തിലാണ് ജനിച്ചത്. ആദ്യത്തെ പേര് ഹരീഷ് ചന്ദർ എന്നായിരുന്നു. പിതാവിന്റെ പേര് മേത്ത ശോരന്ദ് എന്നും മാതാവിന്റെ പേര് പാർവ്വതീ ദേവി എന്നുമായിരുന്നു. അദ്ദേഹം ചെറുപ്പത്തിലേ ശുദ്ധ പ്രകൃതിയും സത്യാന്വേഷണ തൽപരതയുമുള്ള ആളായിരുന്നു. അതുകൊണ്ടാണ് ഇസ്‌ലാം മതം സ്വീകരിക്കാനുള്ള ഭാഗ്യം അദ്ദേഹത്തിന്ന് ലഭിച്ചത്. വാഗ്ദത്ത മസീഹിന്റെ ഒന്ന് രണ്ട് ഗ്രന്ഥങ്ങൾ അദ്ദേഹം വായിക്കാനിടയായി. അപ്പോൾ ഇസ്‌ലാമിനോടുള്ള അതിരറ്റ സ്നേഹം അദ്ദേഹത്തിന്റെ ഹൃദയത്തിൽ അങ്കുരിച്ചു. പതിനഞ്ച് വയസ്സുള്ളപ്പോൾ തന്നെ അദ്ദേഹം സത്യാന്വേഷണ തൃഷ്ണ നിമിത്തം സ്വന്തം വീട്ടിൽ നിന്നും ഇറങ്ങി തിരിക്കുകയായിരുന്നു. കുറേ ദിവസങ്ങൾക്ക് ശേഷം വളരെ പ്രയാസപ്പെട്ട് ഖാദിയാനിലെത്തി ചേർന്നു. ആദ്യം മൗലാന അബ്ദുൾ കരിം, സിയാൽ കോട്ടിയുമായി കൂടിക്കാഴ്ച്ച നടത്തി. തുടർന്ന് ഹിന്ദുമതത്തിൽ നിന്നും അഹ്മദിയ്യത്ത് സ്വീകരിച്ച ഭായി അബ്ദുർറഹിം സാഹിബ് ബൈയ്യത്ത് ചെയ്യാൻ സന്നദ്ധനായി. നമസ്കാരത്തിന്നായി പള്ളിലിയിൽ വന്നു. മസീഹ് മഊദ് നമസ്ക്കാരാനന്തരം അദ്ദേഹത്തിന്ന് ബൈഅത്ത് ചെയ്തു കൊടുക്കുകയും അബ്ദുർറഹ്മാൻ എന്ന് പേരിടുകയുമുണ്ടായി. പിന്നീട് അദ്ദേഹം ഭായി അബ്ദുർറഹ്മാൻ ഖാദിയാനി എന്ന പേരിൽ പ്രസിദ്ധിയാർജ്ജിച്ചു. അദ്ദേഹം ഖാദിയാനിൽ താമസിച്ചു വിശുദ്ധ ഖുർആൻ പഠിക്കാൻ ആരംഭിച്ചു. വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങളും വായിച്ചു കൊണ്ടിരുന്നു. ഖാദിയാനിലെ ആത്മീയാന്തരീക്ഷവും വാഗ്ദത്ത മസീഹിന്റെ ആകർഷകമായ പെരുമാറ്റവും നാട്ടിൽ തിരിച്ചെത്തണമന്ന ചിന്ത തന്നിൽ നിന്നും ഇല്ലാതായിയെന്നും ജീവിതവും മരണവും ഇവിടെ വെച്ചായിരിക്കുമെന്നും താൻ ദൃഢനിശ്ചയം ചെയ്തെന്നും പിന്നീട് അദ്ദേഹം പറയുകയുണ്ടായി. ഭായി അബ്ദുർറഹ്മാൻ സാഹിബിന്റെ പിതാവ് മേത്താ ഗോരന്ദ് മകനെ അന്വേഷിച്ച് പല ഭാഗങ്ങളിലും കറങ്ങുകയും ഒടുവിൽ ഖാദിയാനിൽ എത്തിച്ചരുകയുമുണ്ടായി തന്റെ പുത്രൻ ഹരീഷ് ചന്ദർ ഇസ്‌ലാം മതം സ്വീകരിച്ചിരിക്കുന്നതിൽ വ്രണിതചിത്തനായ അദ്ദേഹം അന്നേരം ഒരു തന്ത്രം പ്രയോഗിക്കുകയാണുണ്ടായത്. അതായത് മകനെ ആശ്വസിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: നിന്റെ ഹൃദയം ഇ

ശേഷം പേജ് 41 ൽ

ഭാഗം – 48

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## ഖലീഫത്തുൽ മസീഹ് അവ്വൽ رضی اللہ عنہ



വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവിയുടെ ജീവചരിത്ര പരമ്പര ഇവിടെ അവസാനിക്കുന്നു.

ഇബ്നു വഫാ ബേപ്പൂർ

### കോഠിദാറുസ്സലാമിൽ വീണ്ടും അടിയന്തര മീറ്റിംങ്ങ്

ഹദ്റത്ത് ഭായി അബ്ദുർ റഹ്മാൻ സാഹിബ് ഖാദിയാനി വിവരിക്കുകയാണ്. ലഘുലേഖയിലെ ഈ വിവരങ്ങളെല്ലാം തന്നെ ഒട്ടും വൈകാതെ കൂടെയുള്ളവർ ആരും അറിയാതെ ഖാദിയാനിൽ മിയാ സാഹിബിനേയും മറ്റുപ്രധാനികളേയും അറിയിക്കാൻ ഞാൻ തീരുമാനിച്ചു. എങ്കിൽ മാത്രമേ ഇതിനൊരു പരിഹാരം കണ്ടെത്താനാവുകയുള്ളു. ലാഹോറിൽ നിന്നും ഖാദിയാനിലേയ്ക്കുള്ള യാത്രക്കാരിൽ ധാരാളം പേർ മൗലവി മുഹമ്മദ് അലി സാഹിബിനെ അനുകൂലിക്കുന്നവരായേക്കാം. അവർ ഖിലാഫത്തിനെ ഇല്ലാതാക്കാനാണു വരുന്നത്. അതിനാൽ ലാഹോർ സ്റ്റേഷനിൽ ബട്ടാലയ്ക്കുള്ള വണ്ടി വന്നപ്പോൾ അഹ്മദികൾ ഇരുന്ന ബോഗികൾ ഒഴിവാക്കി ഞാൻ അന്യരോടൊപ്പം വേറെ കംമ്പാർട്ടുമെന്റിൽ ചെന്നിരുന്നു.

ബട്ടാല എത്തിയ ഉടനെ ഞാൻ വണ്ടിയിൽ നിന്നും ഇറങ്ങി. കൂരിരുട്ടായിരുന്നിട്ടും അതു വകവയ്ക്കാതെ ഖാദിയാനെ ലക്ഷ്യമാക്കി ഞാൻ ഓടാൻ തുടങ്ങി. രാത്രികാലം ഈ വഴി വളരെ അപകടം പിടിച്ചതാണ്. ഇവിടെ കള്ളന്മാരും കൊള്ളക്കാരും പതിവാണ്. ഒരിക്കൽ ഒരു രാത്രി ഈ വഴിയിലൂടെ യാത്ര ചെയ്തിരുന്ന ഹദ്റത്ത് മസീഹ് മൗഊദി(അ)നേയും കൂടെയുണ്ടായിരുന്ന ഏതാനും സഹാബാക്കളേയും കള്ളന്മാർ അക്രമിക്കാൻ ശ്രമിച്ചിട്ടുണ്ടായിരുന്നു. ഇരുട്ടുള്ള ഈ വഴിയിൽ ഓടുക പോയിട്ടു തനിച്ചു നടന്നു പോകുന്നതും അപകടമാണ്. ഇവൻ കള്ളനോ കൊള്ളക്കാരനോ ആയിരിക്കുമോ എന്ന സംശയത്തിൽ ഈ വഴിയിലൂടെ വരുന്ന മറ്റു യാത്രക്കാർ ചിലപ്പോൾ പിന്തുടരാനും പിടിച്ചു നിർത്തി ചോദ്യം ചെയ്യാനും അക്രമിക്കാനും സാധ്യതയുണ്ട്. ഏതായാലും ഞാൻ ഖാദിയാൻ ലക്ഷ്യമാക്കി ഓടിക്കൊണ്ടിരുന്നു. എന്നോടൊപ്പം തീവണ്ടിയിലുണ്ടായിരുന്ന ലാഹോറിൽ നിന്നുള്ളവർ ബട്ടാലയെത്തിയ ശേഷം വളരെ സമാധാനത്തോടെ കുതിരവണ്ടി ഏർപ്പാടാക്കാനും കാൽനടക്കായി സുഹൃത്തുക്കൾ അവരവരുടെ സംഘവുമായി തിരിക്കുമ്പോഴേയ്ക്കും ഞാൻ പാതി വഴി തരണം ചെയ്തു കഴിഞ്ഞിരിക്കും.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കള്ളന്മാരുടേയും കൊള്ളക്കാരുടേയും ഭയം എന്റെ മനസ്സിൽ തീരെ ഉണ്ടായില്ലെങ്കിലും തിരക്കിട്ട് ഓടിക്കൊണ്ടിരിക്കുന്ന എന്നെ കണ്ട് കള്ളനോ മറ്റൊ ആയിരിക്കുമോ എന്ന സംശയത്തിൽ വല്ലവരും പിന്തുടരുമോ എന്ന പേടി എനിക്കുണ്ടായിരുന്നു. ഖാദിയാൻ എന്ന എന്റെ പ്രിയപ്പെട്ട നാട്, മസീഹിന്റെ പരിശുദ്ധ നാടു സമീപസ്ഥമാകുന്തോറും എന്റെ ആവേശവും ജമാഅത്തിന്നെതിരിൽപൊട്ടിപ്പുറപ്പെട്ട ഈ പുതിയ പരീക്ഷണത്തെ അതിജീവിക്കാനുള്ള വെമ്പലും ത്വരയും മനസ്സിൽ നുരഞ്ഞു പൊങ്ങി. അവസാനം അല്ലാഹുവിന്റെ കാരുണ്യത്താൽ അസാധാരണമായ വേഗതയിൽ ഞാൻ ഖാദിയാനിൽ സുരക്ഷിതമായി എത്തിച്ചേർന്നു.

ഇപ്പോൾ ഈ ലഘുലേഖ ഉണ്ടാക്കിയേക്കാവുന്ന പുതിയ ഭീഷണിയെ കുറിച്ചോ അതിനെ എങ്ങനെ പ്രതിരോധിക്കുമെന്നുള്ളതിനെ കുറിച്ചോ ഞാൻ ആരോടും അഭിപ്രായം ചോദിച്ചില്ലെങ്കിലും ഞാൻ ചിലതു സ്വയം തീരുമാനിച്ചിരുന്നു. അങ്ങനെ ഞാൻ ഖാദിയാൻ എത്തിയ ഉടനെ മസീഹിന്റെ ആ പുണ്യ ഭൂമിയിലെ ഇടവഴികൾ താണ്ടി ആദ്യം ഞാൻ മദ്റസ അഹ്മദിയയുടെ ബോർഡിങ്ങിനു മുന്നിലെത്തി. ഹദ്റത്ത് മൗലാന മൗലവി സർവർശാഹ് സാഹിബ്(റ) അവിടെ ഒരു ക്വാർട്ടറിലായിരുന്നു താമസിച്ചിരുന്നത്. വാതിലിൽ മുട്ടി. സലാം പറഞ്ഞു. ചുരുക്കത്തിൽ വിവരങ്ങൾ ധരിപ്പിച്ചു ഉടനെ കോഠി ദാറുസ്സലാമിലെത്താൻ അപേക്ഷിച്ചു കൊണ്ട് ഞാൻ ഹദ്റത്ത് ശേഖ്

യഅ്ഖൂബ് അലി സാഹിബ് ഇർഫാനിയുടെ വീട് ലക്ഷ്യമാക്കി ഓടി. അദ്ദേഹത്തിന്റെ വാതിലിൽ മുട്ടി. വിവരം പറഞ്ഞു. അവിടെ നിന്നും ശേഖ് മുഹമ്മദ് ഇസ്മായീൽ സാഹിബ് സർസാവിയുടെ വീട്ടിലേക്ക് ഓടി അദ്ദേഹത്തേയും വിവരമറിയിച്ചു കൊണ്ട് ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റെ ദാറുസ്സലാമിലെ കോഠിയിലെത്താൻ അപേക്ഷിച്ചു. പിന്നീട് ഞാനും കോഠി ദാറുസ്സലാമിലേയ്ക്കു വന്നു.

കോഠി ദാറുസ്സലാമിൽ എത്തിയപ്പോൾ കണ്ട കാഴ്ച എന്നെ തെല്ലൊന്നുമല്ല അത്ഭുതപ്പെടുത്തിയത്. രാവേറെ ചെന്നിട്ടും പകലാണെന്ന പ്രതീതി. കട്ടിലിലോ വിരിപ്പിലോ ആരേയും കണ്ടില്ല. എല്ലാവരും ഉണർന്നിരിക്കുന്നുവെന്നു മാത്രമല്ല, പലരും ഓരോ മൂലയിൽ തഹജ്ജുദ് നമസ്ക്കാരത്തിലാണ്. ചിലർ ഖിയാമിൽ ചിലർ റുക്കൂയിൽ ചിലർ സുജൂദിൽ. അവർ അല്ലാഹുവിനോടു ഏങ്ങലടിച്ചു കരഞ്ഞു ദുആ ചെയ്തു കൊണ്ടിരിക്കുകയാണ്. ചിലർ അത്താഴം കഴിച്ചു കഴിഞ്ഞിരിക്കുന്നു. ചിലർ അതിനുള്ള ഒരുക്കത്തിലാണ്. ഞാൻ പലതരത്തിലുള്ള മാനസിക സംഘർഷങ്ങളോടും ഭീതിയോടും കൂടി യാത്ര ചെയ്താണു ഇവിടെ എത്തിയതെങ്കിലും ഈ കാഴ്ച എന്റെ ഹൃദയത്തിൽ സമാധാനത്തിന്റേയും സുരക്ഷയുടേയും കോട്ടയിൽ പ്രവേശിച്ച പ്രതീതിയാണുളവാക്കിയത്. അകത്തു മിയാ മിർസാ മഹ്മ്മുദ് അഹ്മദ് സാഹിബിനെ ഞാൻ തിരിച്ചെത്തിയ വിവരമറിയിച്ചു. മിയാ സാഹിബ് ഉടനെ എന്റെയടുക്കൽ വന്നു. ഞാൻ എല്ലാ വിവരങ്ങളും നൽകി. ലഘുലേഖ കൈമാറി. അതിന്റെ ഏതാനും പേജുകളിലൂടെ കണ്ണോടിച്ച ശേഷം അദ്ദേഹം ഉടൻ തന്നെ എല്ലാവരേയും വിവരമറിയിക്കാനും യോഗം വിളിക്കുവാനും പറഞ്ഞു. വരുന്ന വഴിയിൽ ചില പ്രധാനികളോടു ഉടനെ കോഠിയിലെത്താൻ അപേക്ഷിച്ച കാര്യവും ഞാൻ മിയാൻ സാഹിബിനോടു പറഞ്ഞു.

അറിയിപ്പനുസരിച്ചു ആ പുലർകാലത്തു യോഗത്തിനായി എല്ലാവരുമെത്തി. ഈ ലഘുലേഖയെ കുറിച്ചും അതുണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങളെ കുറിച്ചുമോർത്തു എല്ലാവർക്കും വലിയ വേവലാതിയും അങ്കലാപ്പുമുണ്ടായി. ഈ ലഘുലേഖ ഖാദിയാനുപുറത്തും വലിയ തോതിൽ പ്രചരിച്ചിട്ടുണ്ടെന്നുള്ളതിനാൽ ജമാഅത്തിലുള്ള സാധാരണക്കാർക്കു അതൊരു പരീക്ഷണവും വഴിതെറ്റാൻ കാരണവുമായേക്കാമെന്നും ഇതിനു സർവ ശക്തനായ അല്ലാഹുവിന്റെ സഹായം കൂടാതെ വേറൊരു രീതിയിലും ഇത്ര പെട്ടെന്നു പ്രതിരോധിക്കുകയെന്നത് അസാധ്യമാണെന്നും യോഗം വിലയിരുത്തി. അതിനാൽ

اسْتَعِينُوا بِالصَّبْرِ وَالصَّلَاةِ

*നിങ്ങൾ സഹനവും പ്രാർഥനയും വഴി സഹായം തേടുവിൻ* (2:154)

എന്ന ഖുർആന്റെ ഉപദേശം സ്വീകരിച്ചു കൊണ്ട് അല്ലാഹുവിന്റെ തൃപ്തിയും അഭീഷ്ടവും കാംക്ഷിച്ച് നേരായതും ഋജുവായതുമായ പാത ലഭിക്കുന്നതിനായി അകമഴിഞ്ഞു അല്ലാഹുവിനോട് ദുആ ചെയ്യുവാനും സഹായമർഥിക്കാനും തീരുമാനിച്ചു. അതോടൊപ്പം ഇപ്പോൾ ഖാദിയാനിലുള്ള അഹ്മദികളെ യാഥാർഥ്യം പറഞ്ഞു ബോദ്ധ്യപ്പെടുത്തുന്നതിനായി ചെറിയൊരു നോട്ടീസ് തയ്യാറാക്കാനും പദ്ധതിയിടുകയും ചെയ്തു.

ആ നോട്ടീസിൽ ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളും ഹദ്റത്ത് മസീഹ് മൗഊദി[അ]ന്റെ വസിയ്യത്തനുസരിച്ചു ജമാഅത്തിൽ ഖിലാഫത്തു സംവിധാനം നിലനിൽക്കേണ്ടതു ഒഴിച്ചു കൂടാനാവാത്തതാണെന്നും എപ്രകാരം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനെ അനുസരിക്കാൻ ജമാഅത്തു ബാധ്യസ്ഥരായിരുന്നുവോ അതുപോലെ ഭാവി ഖലീഫയേയും അനുസരിക്കാൻ ജമാഅത്തു ബാധ്യസ്ഥരായിരിക്കുമെന്നും ഖലീഫയുടെ മേൽ യാതൊരുവിധ നിയന്ത്രണങ്ങളോ നിബന്ധനകളോ പാടില്ലാത്തതാണെന്നും എഴുതി തയ്യാറാക്കി. പിന്നീട് ജമാഅത്തിലുള്ള ഖിലാഫത്തു സംവിധാനത്തെ അനുകൂലിക്കുന്നവരെ കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്തുകയും ആ സമയം ഖാദിയാനിൽ സന്നിഹിതരായിരുന്നവരിൽ നിന്നും തെളിവിനായി ഒപ്പിടുവിക്കുകയും ചെയ്തു. അന്നു ആളുകൾ അങ്ങേയറ്റം ഹൃദയ വേദനയോടും പരിഭ്രമത്തോടും കൂടിയാണു കഴിച്ചു കൂട്ടിയത്.

### ബന്ധുക്കളുമായുള്ള മിയാ സാഹിബിന്റെ കൂടിയാലോചന

ഹദ്റത്ത് മിയാ ബശീറുദ്ദീൻ മഹ്മ്മുദ് അഹ്മദ് സാഹിബ് പറയുകയാണ് പിറ്റേ ദിവസം മാർച് 14-ാം തിയ്യതി ശനിയാഴ്ച ഞാനെന്റെ മുഴുവൻ ബന്ധുക്കളേയും വിളിച്ചു ചേർത്തു മൗലവി മുഹമ്മദ് അലി സാഹിബിന്റെ ജമാഅത്തുമായുള്ള അഭിപ്രായ ഭിന്നതയെ കുറിച്ചു ചർച്ച ചെയ്യുകയുണ്ടായി. നമുക്കൊരു ഖലീഫ ഉണ്ടായിരിക്കേണ്ടതു ഒഴിച്ചു കൂടാനാവാത്തതാണെന്ന കാര്യത്തിൽ എല്ലാവരും ഏകാഭിപ്രായക്കാരായിരുന്നു. അതിനാൽ മൗലവി മുഹമ്മദ് അലി സാഹിബും കൂട്ടരും ഈ കാര്യം സമ്മതിക്കുകയാണെങ്കിൽ പൊതു അഭിപ്രായത്തിലൂടെ നമുക്കൊരാളെ കണ്ടെത്താമെന്നു എല്ലാവരും അഭിപ്രായപ്പെട്ടു. അവർ ഈ കാര്യത്തിൽ യോജിക്കുന്നില്ലെങ്കിൽ അവരുടെ ഭാഗത്തു നിന്നും ഒരാളെ ഖലീഫയായി തെരഞ്ഞെടുക്കുകയും നാമെല്ലാവരും അദ്ദേഹത്തിന്റെ കയ്യിൽ ബൈഅത്തു ചെയ്യുകയും ചെയ്യാം എന്നു ഞാൻ പറഞ്ഞതിനെ ഹദ്റ

ത്ത് മസീഹ് മൗഊദിന്റെ മുഴുവൻ അഹ്‌ലെ ബൈത്തും സമ്മതിക്കുകയുണ്ടായി. ഈ ചർചയ്ക്കു ശേഷം ഇനി ഇതിലൂടെ ജമാഅത്തിലെ അഭിപ്രായ വ്യത്യാസങ്ങൾ അവസാനിക്കുകയും ഭിന്നിപ്പിൽ നിന്നും ജമാഅത്തു രക്ഷപ്പെടുകയും ചെയ്യുമല്ലോ എന്ന സന്തോഷവും സമാധാനവും എനിക്കുണ്ടായി. എന്നാൽ അല്ലാഹുവിന്റെ തീരുമാനം മറ്റൊന്നായിരുന്നുവെന്നു പിന്നീട് മനസ്സിലായി.

### അനുനയത്തിനുള്ള അവസാന ശ്രമം

സാഹിബ് സാദാ മിർസാ മഹ്മൂദ് അഹ്മദ് സാഹിബ് പറയുകയാണ് ദാറുസ്സലാം കോഠിയിൽ നിന്നും ഞാൻ പുറത്തു വന്നപ്പോൾ തലേ ദിവസത്തെ സംഭാഷണം തുടരാൻ ആഗ്രഹിക്കുന്നതായി അറിയിച്ചു കൊണ്ട് മൗലവി മുഹമ്മദ് അലി സാഹിബ് കൊടുത്തയച്ച ഒരു കുറിപ്പു എനിക്കു കിട്ടി. അനുനയത്തിനും അനുരഞ്ജനത്തിനുമായി അവസാന വട്ട ചർച്ചയെന്ന നിലയിൽ ഞാനുടനെ അദ്ദേഹത്തെ വിളിപ്പിച്ചു. ആ അവസരത്തിൽ മൗലവി സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ്, നവാബ് മുഹമ്മദ് അലി ഖാൻ സാഹിബ്, ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബ് എന്നിവരും എന്നോടൊപ്പം അവിടെ ഉണ്ടായിരുന്നു. മൗലവി മുഹമ്മദ് അലി സാഹിബ് തന്റെ ചില അനുയായികളോടൊപ്പം താമസിയാതെ അവിടെ എത്തി. ശേഷം ഞങ്ങളെല്ലാം ഒരു മുറിയിൽ ഇരുന്നു തലേ ദിവസത്തെ സംഭാഷണം തുടർന്നു.

ഞാൻ മൗലവി മുഹമ്മദ് അലി സാഹിബിനോടു തലേദിവസം പറഞ്ഞു കൊണ്ടിരുന്നതു തന്നെ പറയാൻ തുടങ്ങി. അതായത് ഖിലാഫത്തിന്റെ ആവശ്യമുണ്ടോ ഇല്ലയോ എന്നതു സംബന്ധിച്ചു താങ്കൾ സംസാരിക്കരുതെന്നും അതു ഒഴിച്ചുകൂടാനാവാത്തതാണെന്ന കാര്യം ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ വഫാത്തിനു ശേഷം ജമാഅത്തു നിശ്ചയിച്ചുറച്ച കാര്യമാണെന്നും അതിനാൽ ഖലീഫ ആരായിരിക്കണമെന്നു മാത്രം താങ്കൾ അഭിപ്രായപ്പെട്ടാൽ മതിയെന്നും ഞാൻ അദ്ദേഹത്തെ ഓർമപ്പെടുത്തി. എന്നാൽ അദ്ദേഹം, ആദ്യം പറഞ്ഞതു തന്നെ അതായത് ഇപ്പോൾ ഒന്നും തന്നെ തീരുമാനിക്കരുതെന്നും ജമാഅത്തിന്റെ ഭൂരിപക്ഷാഭിപ്രായം അറിയുന്നതിനായി ഏതാനും മാസങ്ങൾ കാത്തിരിക്കണമെന്നും അതിനു ശേഷം വേണ്ടതു ചെയ്യാമെന്നു ശഠിച്ചു കൊണ്ടിരുന്നു. എന്നാൽ അതിനു ശേഷവും അഭിപ്രായ ഐക്യം ഇല്ലായെങ്കിൽ എന്തു ചെയ്യുമെന്നും ഭൂരിപക്ഷാഭിപ്രായമാണു താങ്കൾ അന്വേഷിക്കുന്നതെങ്കിൽ അത് ഇപ്പോഴും ആകാമല്ലോ എന്നു ഞാനും പറഞ്ഞു കൊണ്ടിരുന്നു.

ഇടയ്ക്കു ചർചയിൽ വിശ്വാസപരമായ ചില പരാമർശങ്ങൾ വന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ നുബുവ്വത്തിനെ കുറിച്ചു വളരെ ശക്തമായ രീതിയിൽ ഹദ്റത്ത് മൗലവി സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് പ്രതികരിക്കാൻ തുടങ്ങി. ഇതു അതിനുള്ള അവസരമല്ലെന്നു പറഞ്ഞു ഞാൻ അതിനെ തടഞ്ഞു. ആ മീറ്റിംങ്ങിലൂടെ ഖിലാഫത്തു നിഷേധികളായ മുഹമ്മദ് അലി സാഹിബിനേയും കൂട്ടരേയും ഖിലാഫത്തിന്റെ ആവശ്യകതയെ കുറിച്ചും അതിന്റെ പ്രാധാന്യത്തെ കുറിച്ചും പല രീതിയിൽ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചെങ്കിലും അവർ വഴങ്ങിയില്ല. നിങ്ങൾ വ്യക്തിപരമായ അഭിപ്രായഭിന്നതകളെ വലിച്ചിഴക്കരുതെന്നും അടിസ്ഥാന തത്ത്വങ്ങളേയും സിദ്ധാന്തങ്ങളെയും ജമാഅത്തിന്റെ കെട്ടുറപ്പിനെയുമാണു പരിഗണിക്കേണ്ടതെന്നും ആവർത്തിച്ചാവർത്തി അവരോടു അപേക്ഷിച്ചിട്ടും അവർ ചെവി കൊണ്ടില്ല.

ഖിലാഫത്തിനെ ഉന്മൂലനം ചെയ്യുവാനുള്ള പദ്ധതികൾ ഉപേക്ഷിക്കുകയാണെങ്കിൽ നിങ്ങൾ പറയുന്നതു പോലെ ഏതു ചേരിയിൽ നിന്നായാലും ശരി മുഅ്മിനീങ്ങളുടെ ഭൂരിപക്ഷ അഭിപ്രായത്തോടെ തെരഞ്ഞെടുക്കപ്പെടുന്ന ഖലീഫയ്ക്കു ഞങ്ങളും ആത്മാർഥമായി ബൈഅത്തു ചെയ്യാൻ തയ്യാറാണെന്നു അല്ലാഹുവിനെ സാക്ഷി നിർത്തി ഞങ്ങൾ ഉറപ്പു നല്കുന്നുവെന്നും അവസാനം അവരോടു പറഞ്ഞു നോക്കിയെങ്കിലും അവർ അഭിപ്രായ ഭിന്നതകളെ മറയാക്കി എല്ലാ അനുരഞ്ജന ശ്രമങ്ങളേയും കാറ്റിൽ പറത്തുകയും നിരാകരിക്കുകയും സഹകരിക്കാൻ വിസമ്മതിക്കുകയുമാണു ചെയ്തു.

ചർച്ച നടക്കുന്ന അവസരത്തിൽ മുറിക്കു പുറത്തു ധാരാളം പേർ അന്തിമ തീരുമാനമറിയുന്നതിനായി അക്ഷമരായി കാത്തു നില്പുണ്ടായിരുന്നു. ഞങ്ങളുടെ ചർച്ച അനന്തമായി തുടർന്നു കൊണ്ടിരുന്നപ്പോൾ പുറത്തു തടിച്ചു കൂടിയിരുന്നവരുടെ ക്ഷമ നശിക്കുകയും അവർ ബഹളം വെക്കാൻ തുടങ്ങുകയും ചെയ്തു. ഇത്ര സമയമായിട്ടും നിങ്ങൾക്കു ഒരു തീരുമാനത്തിലെത്താൻ സാധിച്ചില്ലെന്നും ജമാഅത്തു ഒരു ആത്മീയ നേതാവില്ലാതെയാണു കഴിയുന്നതെന്നും ഇനിയും ഞങ്ങൾക്കു കാത്തിരിക്കാൻ സാദ്ധ്യമല്ലെന്നും അവർ പല ഭാഗത്തു നിന്നും വിളിച്ചു കൂവാൻ തുടങ്ങി. അവസാനം പുറത്തു കൂടിയിരിക്കുന്ന ജനങ്ങളുടെ ആവേശവും ഉൽകണ്ഠയും അതിരു കടക്കുകയും മുറിയുടെ വാതിൽ പൊളിച്ചേക്കുമോ എന്ന നില വരെയെത്തുകയും ചെയ്തപ്പോൾ, മൗലവി മുഹമ്മദ് അലി സാഹിബിനോടു വരൂ, നമുക്കു പുറത്തു പോയി അവിടെ കൂടിയിരിക്കുന്നവരോടു അഭിപ്രായം ചോദിക്കാം എന്നു ഞാൻ പറഞ്ഞു.

ഞാനിതു പറയേണ്ട താമസം, അവർ ആരെ തെരഞ്ഞെടുക്കുമെന്നു നിങ്ങൾക്കു നന്നായി അറിയുന്നതു കൊണ്ടാണു നിങ്ങളിതു പറയുന്നതെന്നു, അറിയാതെ തന്റെ മനസ്സിലുള്ളത് അദ്ദേഹം പറഞ്ഞു പോയി. ഞാൻ പറഞ്ഞു ഇല്ല, നിങ്ങളുടെ ഭാഗത്തു നിന്നുള്ള ഒരാളുടെ കയ്യിൽ ബൈഅത്തു ചെയ്യാൻ ഞാൻ ഉറച്ച തീരുമാനമെടുത്തിരിക്കുകയാണ്. അപ്പോഴും അദ്ദേഹം പറഞ്ഞു അവർ താങ്കളെയായിരിക്കും ഖലീഫയായി തെരഞ്ഞെടുക്കുന്നത്. അതിൽ നിന്നും എനിക്കൊരുകാര്യം മനസ്സിലായി. മൗലവി മുഹമ്മദ് അലി സാഹിബ് ഖിലാഫത്തിന്നെതിരല്ല. മറിച്ചു ജമാഅത്ത് അദ്ദേഹം ഇഷ്ടപ്പെടാത്ത ആരെയോ ഖലീഫയാക്കാൻ ആഗ്രഹിക്കുന്നു എന്നതാണു അദ്ദേഹത്തിന്റെ പ്രശ്നം. ആറ് വർഷം മുമ്പ് ഇങ്ങനെയൊരു വിളംബരത്തിൽ ഒപ്പു വെച്ചിരുന്നത് അദ്ദേഹം സൗകര്യപൂർവം മറക്കുകയാണ്.

'ഹദ്റത്ത് മസീഹ് മൗഊദിന്റെ അൽവസീയത്ത് എന്ന ലഘു കൃതിയിലെ നിർദേശമനുസരിച്ച് താഴെ ഒപ്പിട്ടിരിക്കുന്ന അഹ്മദികളായ ഞങ്ങൾ എല്ലാവരും തന്നെ, പ്രഥമ മുഹാജിറും തഖ്‌വയിലും പാണ്ഡിത്യത്തിലും മറ്റെല്ലാവരേക്കാളും മുന്നിട്ടു നിൽക്കുന്ന അങ്ങേയറ്റം സാത്വികനും ഹദ്റത്ത് ഇമാം മഹ്ദി(അ)യുടെ ഏറ്റവും അടുത്തതും ആദ്യകാലസ്നേഹിതനുമായ ഹദ്റത്ത് ഹാജി മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ കയ്യിൽ അഹ്മദ്(അ)ന്റെ പേരിൽ പരിപൂർണ ഹൃദയത്തോടും നിറഞ്ഞ തൃപ്തിയോടും കൂടി ഇപ്പോൾ ജമാഅത്തിലുള്ളവരും പിന്നീട് ജമാഅത്തിൽ പ്രവേശിക്കുന്നവരും ബൈഅത്തു ചെയ്യുന്നു. മേലിൽ മൗലാനാ സാഹിബിന്റെ എല്ലാ കൽപനകളും വാഗ്ദത്ത മസീഹിന്റെ കൽപനയെന്നോണം ഞങ്ങൾ സ്വീകരിക്കുന്നതാണ് 'ഈ വിളംബരത്തിൽ മൗലവി മുഹമ്മദ് അലി സാഹിബ് അടക്കമുള്ള ജമാഅത്തിലെ പ്രധാനികളിൽ മിക്കവരും ഒപ്പ് വെച്ചിട്ടുണ്ടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ അവസാന വസിയ്യത്തിലും ജമാഅത്തിൽ ഒരു ഖലീഫയുണ്ടായിരിക്കണമെന്നുള്ള നിർദേശമുണ്ട്. 'മേലിൽ മൗലാനാ സാഹിബിന്റെ എല്ലാ കല്പനകളും വാഗ്ദത്ത മസീഹിന്റെ കല്പനയെന്നോണം ഞങ്ങൾ സ്വീകരിക്കുന്നതാണ്' എന്നു ഏറ്റു പറഞ്ഞതും ഒപ്പിട്ടതും എല്ലാം അദ്ദേഹം മന:പൂർവം മറക്കുകയാണ്. അല്ലെങ്കിൽ അതിനെതിരിൽ ഒരു പുതിയ വസിയ്യത്ത് ലഭിച്ചതു പോലെ അദ്ദേഹം നിഷേധിക്കുകയാണ്. ഹദ്റത്ത് മിർസാ മഹ്മൂദ് അഹ്മദ് സാഹിബ് പറയുകയാണ്. ഇതോടെ ഞാൻ തീർത്തും നിരാശനായി. അവരിൽ നിന്നുള്ള ഒരാളെ ഖലീഫയായി തെരഞ്ഞെടുക്കാൻ മനസ്സുകൊണ്ട് ഉറച്ച തീരുമാനമെടുക്കുകയും അതിനു വേണ്ടി മറ്റുള്ളവരിൽ നിന്നും അഭിപ്രായയൈക്യം ഉണ്ടാക്കാൻ കഴിവിന്റെ പരമാവധി ഞാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

കാര്യങ്ങൾ ഇവിടം വരെയെത്തിയപ്പോൾ മൗലവി മുഹമ്മദ് അലി സാഹിബിനോടു ഞാൻ പറഞ്ഞു, ഞങ്ങളെ സംബന്ധിച്ചിടത്തോളം ഖലീഫ ഉണ്ടായിരിക്കണമെന്നതു ഒഴിച്ചു കൂടാനാവാത്ത കാര്യമാണു. കാരണം അതിന്റെ മഹത്വവും മഹനീയതയും അപരിഹാര്യതയും ഞങ്ങൾ നന്നായി ഗ്രഹിച്ചിട്ടുള്ളവരാണ്. താങ്കളെ സംബന്ധിച്ചിടത്തോളം ഖലീഫയുടെ ആവശ്യവുമില്ല. നിങ്ങൾ ഖിലാഫത്തു നിഷേധികളായി തുടരാൻ തന്നേയാണു ഉദ്ദേശിക്കുന്നതെങ്കിൽ നിങ്ങൾക്കു നിങ്ങളുടെ മതം. ഇതൊരു മതപരമായ കാര്യമാണ്. അതിനാൽ താങ്കൾ താങ്കളുടെ ഇഷ്ടം പോലെ പ്രവർത്തിച്ചു കൊള്ളുക. ഖിലാഫത്തിനെ അനുകൂലിക്കുന്നവരായ ഞങ്ങൾ സ്വന്തം നിലയിൽ ഒരുമിച്ചിരുന്നു കൂടിയാലോചിച്ചു ഒരാളുടെ കയ്യിൽ ബൈഅത്തു ചെയ്യുന്നതായിരിക്കും അല്ലാഹുവിനെ ഓർത്തു ആ വഴിയിൽ നിങ്ങൾ തടസ്സം സൃഷ്ടിക്കരുതെന്നപേക്ഷിച്ചു കൊണ്ട് ഞാൻ അവിടെ നിന്നും എഴുന്നേറ്റു. അതോടെ യോഗം അവസാനിക്കുകയും ചെയ്തു. എന്നാൽ ഈ എല്ലാ അർഥനകളും വനരോദനമായി പരിണമിക്കുകയാണു ചെയ്തു.

**രണ്ടാം ഖിലാഫത്ത് തെരഞ്ഞെടുപ്പും അല്ലാഹുവിന്റെ കരങ്ങളും**

ആ യോഗത്തിനു ശേഷം മിയാ സാഹിബ് മറ്റു ചിലരോടൊപ്പം കോഠി ദാറുസ്സലാമിന്റെ സമീപത്തു തന്നെ സ്ഥിതി ചെയ്യുന്ന മസ്ജിദ് നൂറിൽ വന്നു. മസ്ജിദ്‌ന്നൂർ ഒരു ചെറിയ പള്ളിയാണ്. അപ്പോഴേയ്ക്കും ആ ചെറിയ പള്ളിക്കു ഉൾകൊള്ളാൻ സാധിക്കാത്തവിധം ഏകദേശം രണ്ടായിരത്തോളം ആളുകൾ അവിടെ എത്തിക്കഴിഞ്ഞിരുന്നു. അവർ മിയാ സാഹിബിനേയും മറ്റു പ്രധാന വ്യക്തികളേയും പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയായിരുന്നു. സമയമായപ്പോൾ ആദ്യം അസർ നമസ്ക്കരിച്ചു. ശേഷം എല്ലാവരും അവിടെ തന്നെയിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ തന്റെ വഫാത്തിനു ഏതാനും ദിവസങ്ങൾക്കു മുമ്പു 1914 മാർച് 4-ാം തിയ്യതി ജമാഅത്തിനു വേണ്ടി തയ്യാറാക്കിയ വസീയ്യത്ത് ഒരു അമാനത്തെന്ന നിലയിൽ മാലെർകോട്ടില നവാബും ഹദ്റത്ത് മസീഹ് മൗഊദിന്റെ സഹാബിയും ജാമാതാവുമായിരുന്ന ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിനെ ഏല്പിച്ചിട്ടുണ്ടായിരുന്നു. അതിനു ഹദ്റത്ത് സാഹിബ് സാദാ മിയാ മഹ്മൂദ് അഹ്മദ് സാഹിബ്, മൗലവി മുഹമ്മദ് അലി

സാഹിബ്, ഡോക്ടർ മിർസാ യഅ്ഖൂബ് ബേഗ് സാഹിബ്, ഹദ്റത്ത് മിയാ മിഅ്റാജുദ്ദീൻ ഉമർ സാഹിബ് തുടങ്ങിയവരടക്കമുള്ള നൂറോളം പേർ സാക്ഷികളുമായിരുന്നു.

നമസ്ക്കാര ശേഷം ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബ് ആ നിറഞ്ഞ സദസ്സിൽ എഴുന്നേറ്റു നിന്നുകൊണ്ട് പ്രസ്തുത വസിയ്യത്ത് എല്ലാവരേയും വായിച്ചു കേൾപിച്ചു. എന്നിട്ടു പറഞ്ഞു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ എന്നെ ഏൽപിച്ചിരുന്ന അമാനത്ത് ഞാനിതാ നിങ്ങൾക്ക് എത്തിച്ചിരിക്കുന്നു. ഇനി ഇതനുസരിച്ചു പ്രവർത്തിക്കേണ്ടതു നിങ്ങളുടെ കടമയാണ്. ഇത്രയും പറഞ്ഞു അദ്ദേഹം ഇരിക്കാൻ തുടങ്ങിയതേയുള്ളു എല്ലാ ഭാഗത്തു നിന്നും മിയാ സാഹിബ്, മിയാ സാഹിബ്, ഹദ്റത്ത് മിയാ സാഹിബ് എന്ന ശബ്ദം ഉയരാൻ തുടങ്ങി. അതായത് ഖലീഫയായി ഞങ്ങൾ ഹദ്റത്ത് മിയാ മിർസാ ബശീറുദ്ദീൻ മഹമ്മൂദ് അഹ്മദ് സാഹിബിന്റെ പേർ നിർദേശിക്കുന്നു എന്നാണു ആ വിളികളുടെ അർഥം. മിയാ സാഹിബ് പക്ഷേ, ഒന്നും മിണ്ടിയില്ല.

ആ വിളികൾക്കും ബഹളത്തിനുമിടയിൽ ഹദ്റത്ത് മൗലാനാ സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി എഴുന്നേറ്റു കൊണ്ട് വളരെ ഉച്ചത്തിൽ പറഞ്ഞു. രണ്ടു മലക്കുകളുടെ തോളിൽ കൈവച്ചു കൊണ്ടായിരിക്കും മസീഹ് ഇറങ്ങുക എന്നു ഹദീസുകളിൽ വന്നിട്ടുള്ളതിനെ കുറിച്ചു അതിൽ ഒരു മലക്കു ഈ വിനീതനാണെന്നാണു ഹദ്റത്ത് മസീഹ് മൗഊദ്[അ] വിശേഷിപ്പിച്ചിരിക്കുന്നത്. ഞാനൊരു കാര്യം പറയട്ടെ, ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മ്മൂദ് അഹ്മദ് സാഹിബ് ഈ സ്ഥാനത്തേയ്ക്കു എല്ലാതരത്തിലും അനുയോജ്യനാണെന്നാണു ഞാൻ മനസ്സിലാക്കുന്നത്. അതിനാൽ ഞാൻ അദ്ദേഹത്തിന്റെ സന്നിധിയിൽ വിനീതമായി അപേക്ഷിക്കുന്നു അങ്ങു ഞങ്ങളുടെ ബൈഅത്തു സ്വീകരിച്ചാലും. അപ്പോഴും മിയാ സാഹിബ് തല താഴ്ത്തി ഇരുന്നതല്ലാതെ മറ്റൊന്നും പറഞ്ഞില്ല. അതിനുശേഷം ഹദ്റത്ത് ഖാസി അമീർഹുസൈൻ സാഹിബ് എഴുന്നേറ്റു ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിന്റെ അരികിൽ വന്ന് വളരെ വികാരഭരിതനായി ഇടറിയ ശബ്ദത്തിൽ അപേക്ഷിച്ചു ഹുദൂർ എന്റെ ബൈഅത്തു സ്വീകരിച്ചാലും. എന്നാൽ എല്ലാവർക്കും സുസമ്മതനായ മറ്റാരുടെയോ കൈയിൽ ബൈഅത്തു ചെയ്യാൻ നേരത്തെ തീരുമാനിച്ചുറച്ച ഹദ്റത്ത് മിയാ സാഹിബ് അതിനും ഒരു മറുപടിയും പറഞ്ഞില്ല.

ഹദ്റത്ത് ഭായി അബ്ദുർ റഹ്മാൻ സാഹിബ് ഖാദിയാനി വിവരിക്കുകയാണു, ഹദ്റത്ത് മൗലാനാ സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി തന്റെ നിലപാട് വിശദീകരിച്ചു ഇരുന്നയുടനെ മൗലവി മുഹമ്മദ് അലി സാഹിബ് ഒരു വശത്തു നിന്നും സയ്യിദ് മീർ ഹാമിദ് ശാഹ് സാഹിബ് മറ്റൊരു ഭാഗത്തു നിന്നും എഴുന്നേറ്റു നിന്നു. രണ്ടു പേരും തങ്ങളുടെ അഭിപ്രായം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നുണ്ടായിരുന്നു. സയ്യിദ് ഹാമിദ് ശാഹ് സാഹിബ്, മൗലവി മുഹമ്മദ് അലി സാഹിബിനോടു പറഞ്ഞു ആദ്യം ഞാനൊന്നു പറയട്ടെ. അതിനു ശേഷം താങ്കൾ സ്വന്തം അഭിപ്രായം വ്യക്തമാക്കിക്കൊള്ളൂ. മൗലവി മുഹമ്മദ് അലി സാഹിബ് പറഞ്ഞു താങ്കളൊന്നു ക്ഷമിക്കു ആദ്യം ഞാൻ പറയുന്നതൊന്നു കേൾക്കൂ. അങ്ങനെ തനിക്കു ആദ്യം പറയണമെന്ന നിലപാടിൽ രണ്ടുപേരും, ഒരാൾ മറ്റെയാൾക്കു വിട്ടു കൊടുക്കാൻ തയ്യാറാകാതെ നിഷേധവും അനുശാസനവും ന്യായവാദവും അല്പനേരം തുടർന്നപ്പോൾ അവിടെ കൂടിയിരുന്നവരുടെ ക്ഷമ നശിച്ചു. ഞങ്ങൾ നിങ്ങളുടെ പോരും ശണ്ഠയും കാണാനും കേൾക്കാനുമല്ല ഇവിടെ കൂടിയിരിക്കുന്നതെന്നു ജനങ്ങൾ വിളിച്ചു പറയുവാൻ തുടങ്ങി. ജനങ്ങളുടെ മുഷിച്ചിലും അസഹിഷ്ണുതയും കണ്ടപ്പോൾ അവരുടെ വികാരം ഏറ്റുപിടിച്ചു അവരിലൊരാളായി ഹദ്റത്ത് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി[റ] പറഞ്ഞു ഈ വഴക്കും ശണ്ഠയും കാരണം വിലപിടിച്ച നമ്മുടെ സമയമാണു നഷ്ടപ്പെടുന്നത്. എന്നിട്ടു മിയാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിന്റെ ഭാഗത്തേയ്ക്കു തിരിഞ്ഞു കൊണ്ട് പറഞ്ഞു ഞങ്ങളുടെ യജമാനരായ ഹുദൂർ അങ്ങു ഞങ്ങളുടെ ബൈഅത്തു സ്വീകരിച്ചാലും.

ഇതു കേൾക്കേണ്ട താമസം ലബ്ബൈക്ക് ലബ്ബൈക്ക് എന്നു പറഞ്ഞു കൊണ്ട് അവിടെ സന്നിഹിതരായിരുന്നവർ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിനെ ലക്ഷ്യമാക്കി മുന്നോട്ടു കുതിക്കാൻ തുടങ്ങി. ഈ തിക്കിലും തിരക്കിലും ഒരാൾ മറ്റൊരാളുടെ മേൽ വീണു കൊണ്ടിരുന്നു. ജനങ്ങൾ ഉന്മത്തരായി ഇയ്യാം പാറ്റകളെ പോലെ ഹദ്റത്ത് മിയാൻ സാഹിബിനു നേരെ ഖിലാഫത്തെന്ന ദീപത്തിൽ വീണു പൊലിയാനായി മുന്നോട്ടു കുതിച്ചു. ഉന്തും തള്ളും കാരണം ഹദ്റത്ത് മിയാൻ സാഹിബിനരികിൽ ഇരുന്നവരുടെ മേൽ പലരും വീണു. അവർ പുതിയ ഖലീഫയുടെ സാമീപ്യം സിദ്ധിച്ചതിൽ മതിമറന്നു സന്തോഷിക്കുന്നവരായിരുന്നു. സമീപത്തുണ്ടായിരുന്നവർക്കു കൈപിടിക്കാനുള്ള മഹാഭാഗ്യം ലഭിച്ചു. അകലെ ഇരിക്കുകയായിരുന്നവർ തലപ്പാവഴിച്ചു അതിൽ നീട്ടിപ്പിടിച്ചപ്പോൾ നിമിഷ നേരം കൊണ്ട്

وَاعْتَصِمُوا بِحَبْلِ اللّٰهِ جَمِيعًا وَلَا تَفَرَّقُوا

(*നിങ്ങളെല്ലാവരും ഒത്തു ചേർന്നു അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിക്കരുത് ഖുർആൻ* 3:104) എന്ന ഖുർആനിക നിർദേശം തികച്ചും അന്വർഥമാവുകയും അതു പുലരുകയും ചെയ്തു. പിന്നീട് എല്ലാ അപശബ്ദങ്ങളും നിലച്ചു. പൂർണമായ നിശ്ശബ്ദത കൈവന്നു.

ഇത്രയുമായപ്പോഴേയ്ക്കും എണ്ണത്തിൽ വളരെ കുറവായിരുന്ന ഖിലാഫത്തു നിഷേധികളും ആറു മാസത്തേയ്ക്കു ഖിലാഫത്തു തെരഞ്ഞെടുപ്പു പാടില്ലെന്നു ശഠിച്ചു കൊണ്ടിരുന്നവരുമായ മൗലവി മുഹമ്മദ് അലി സാഹിബും കൂട്ടരും തങ്ങളുടെ സകല സ്വപ്നങ്ങളും ആസൂത്രണങ്ങളും പദ്ധതികളും തകർന്നടിയുന്നതു കണ്ട് ഇനി ഇവിടെ ഇരുന്നതു കൊണ്ട് യാതൊരു പ്രയോജനവുമില്ലെന്നും എല്ലാം കൈവിട്ട് പോയെന്നും മനസ്സിലാക്കി ഭ്രാന്തരെ പോലെ തിങ്ങി നിറഞ്ഞിരിക്കുന്ന ജനങ്ങളെ ഉന്തി നീക്കിയും ചവിട്ടി മെതിച്ചും അപമാനകരമായ രീതിയിൽ തള്ളി മാറ്റിയും കൊണ്ട് പള്ളിയിൽ നിന്നും പുറത്തേയ്ക്കിറങ്ങി. അവിടെ കൂടിയിരുന്നവരിൽ ആരും തന്നെ അവരെ തടയുകയോ അവരോടു അപമര്യാദമായി പെരുമാറുകയോ അവർ കാണിച്ചതു പോലുള്ള ധാർഷ്ഠ്യം പ്രകടിപ്പിക്കുകയോ ചെയ്തില്ല. അവരെ അൽപം പോലും ഗൗനിച്ചതുമില്ല. മൗലവി മുഹമ്മദ് അലി സാഹിബ് ആ നിറഞ്ഞ സദസ്സിൽ താൻ പറയാൻ ഉദ്ദേശിച്ച കാര്യം പോലും പറയാനാകാതെ നിരാശനായാണ് മസ്ജിദ് നൂർ വിട്ടിറങ്ങിയത്.

അവിടെ കൂടിയിരുന്നവർ ഈ ഇറങ്ങിപ്പോകുന്നവരെ ആശ്ചര്യത്തോടും സഹതാപത്തോടും കൂടിയാണു നോക്കി നിന്നത്. എന്തൊരു ഹതഭാഗ്യർ എന്നവർ മനസ്സിൽ പറഞ്ഞു കാണും. രണ്ടാം ഖിലാഫത്തിനെ അംഗീകരിക്കാതെ തങ്ങൾ സാമൂഹികമായും സാമ്പത്തികമായും സ്വാധീന ശക്തിയുള്ളവരാണെന്നും അല്ലാഹുവിനാൽ സ്ഥാപിതമായ ജമാഅത്തായിട്ടും അവരുടെ സഹായമില്ലാതെ ഈ ജമാഅത്തിനു നിലനിൽപ്പില്ലെന്നു ദൃഢമായി വിശ്വസിച്ചിരുന്ന അവർ, ഒരു മൂഢ ലോകത്തായിരുന്നുവെന്നു അധികം താമസിയാതെ തന്നെ അറിഞ്ഞു. മനസ്സിൽ പല പദ്ധതികളുമായിട്ടായിരിക്കാം അവർ ആ സദസ്സിൽ നിന്നും എഴുന്നേറ്റത്. പിന്നീട് അവർക്കൊരു തിരിച്ചു വരവില്ലായിരുന്നു. പരിചയ സമ്പന്നനല്ലാത്ത കഴിവില്ലാത്ത അറിവില്ലാത്ത ഇരുപത്തിയഞ്ചു വയസ്സുപോലും തികയാത്ത ഖലീഫയും, അംഗങ്ങളാരുമില്ലാത്ത വിജനമായ ഖാദിയാനും മാത്രമായിരിക്കും ബാക്കിയാവുകയെന്നും ജമാഅത്തിലെ തൊണ്ണൂറ്റിയൊമ്പതു ശതമാനം അംഗങ്ങളും തങ്ങളോടൊപ്പമാണെന്നും ഒരു ശതമാനം മാത്രമാണു നിങ്ങളോടൊപ്പമുള്ളതെന്നു വീരവാദം മുഴക്കി നടന്നവർ ലാഹോറിൽ പുതിയ കേന്ദ്രം കെട്ടിപ്പടുത്തു. അങ്ങനെ നെഞ്ചു വിരിച്ചു വാദിച്ചും ദൃഢമായി വിശ്വസിച്ചും നടന്ന ആ നേതാക്കൾക്കും അണികൾക്കും പിന്നീട് എന്തു സംഭവിച്ചുവെന്നറിയാൻ വായനക്കാർക്കു അത്യധികമായ ജിജ്ഞാസയും ആകാംക്ഷയുമുണ്ടായിരിക്കാം. അതു അഹ്മദിയാ ജമാഅത്തിന്റെ ചരിത്രത്തിലെ മറ്റൊരു ചെറുതല്ലാത്ത ജീർണിച്ച അദ്ധ്യായമാണ്. ഇതു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലി(റ)ന്റെ ജീവചരിത്ര വിവരണമായതു കൊണ്ടും മുകളിൽ പറഞ്ഞ വിവരണം ഇതോടൊപ്പം ചേർക്കുന്നത് കൊണ്ട് ഇതു വീണ്ടും അനന്തമായി നീണ്ടു പോകുമെന്ന ഭയത്താലും അതിവിടെ ഒഴിവാക്കുകയാണ്.

മൗലവി ഉബൈദുല്ലാഹ് സാഹിബ് ശഹീദിന്റെ കയ്യാണു പുതിയ ഖലീഫയുടെ കരങ്ങളിൽ ആദ്യമായി ചെന്നെത്തിയത്. ഈ മഹനീയ സ്ഥാനം കരസ്ഥമാക്കിയ മറ്റൊരു കയ്യുടെ ഉടമ ഹദ്റത്ത് മൗലാനാ മൗലവി സയ്യിദ് സർവർ ശാഹ് സാഹിബിന്റേതായിരുന്നു. ബാക്കിയുള്ളവർ നിമിഷനേരം കൊണ്ട് ഇവരെ തൊട്ടും പിടിച്ചും ഒരു മാലയിൽ കോർത്ത മണികളായി മാറി. തിക്കും തിരക്കും നിമിത്തം ജമാഅത്തിലെ ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിനെ പോലുള്ള ആദരണീയരും മഹനീയരുമായ പലർക്കും അമീറുൽ മുഅ്മിനീന്റെ സമീപമെത്താനോ ആ കരങ്ങളിൽ പിടിക്കുവാനോ സാധിച്ചില്ല.

ഹദ്റത്ത് മൗലാനാ മൗലവി സയ്യിദ് സർവർ ശാഹ് സാഹിബ് വിവരിക്കുകയാണ് ഇത്രയൊക്കെ ആയിട്ടും എവിടെ നിന്നും ഒരു ശബ്ദവും കേൾക്കാതായപ്പോൾ പലരുടേയും ശരീര ഭാരത്തിലമർന്നു കിടക്കുകയായിരുന്ന എന്റെ ശിരസ്സു, ശക്തി പ്രയോഗിച്ചു ഞാൻ പുറത്തെടുത്തു. കൈകൾ തട്ടിമാറ്റി എല്ലാവരും ആവേശപൂർവം കാത്തിരിക്കുന്ന ഖലീഫയെ ഞാനൊന്നു നോക്കി. അപ്പോൾ ഹുദൂറിന്റെ കണ്ണുകൾ എന്നെ തെരയുന്നതു പോലെ എനിക്കു തോന്നി. എന്നെ കണ്ടയുടനെ ഹുദൂർ പറഞ്ഞു മൗലവി സാഹിബ്, എനിക്കു ബൈഅത്തിന്റെ വാചകങ്ങൾ ഓർമയില്ല. ഒന്നും ചിന്തിക്കാതെ അൽപം പോലും ആലോചിക്കാനുള്ള അവസരം ലഭിക്കാതെ അപ്രതീക്ഷിതമായാണു ഈ ചുമതല എന്റെ മേൽ വന്നു പെട്ടതു. അതിനാൽ താങ്കൾ ബൈഅത്തു വാചകങ്ങൾ ചൊല്ലിയാലും.

ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണ് അങ്ങനെ ഞാൻ ബൈഅത്തു വാചകങ്ങൾ ചൊല്ലാൻ തുടങ്ങി. ഹുദൂർ അത് ആവർ

ത്തിക്കുകയും ജനങ്ങളതു ഏറ്റു പറയുകയും ചെയ്തു. ഇത്തരത്തിൽ ഹുദൂർ ഏറെക്കുറെ എല്ലാവരിൽ നിന്നും ബൈഅത്തു സ്വീകരിച്ചു. അനന്തരം ദീർഘമായ ദുആക്കു ശേഷം ഹുദൂർ ചെറിയൊരു പ്രസംഗം നടത്തുകയുണ്ടായി. ഇത്തരത്തിൽ, ചിതറിപ്പോകുമോയെന്നു ഭയപ്പെട്ട, അമ്പരപ്പിലും വ്യാകുലതയിലും ഉൽകണ്ഠയിലും കഴിഞ്ഞിരുന്ന ജമാഅത്തംഗങ്ങൾ അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ വീണ്ടും ഒരു കയ്യിൽ ഒരുമിക്കപ്പെട്ടു. അതോടെ മുഅ്മിനീങ്ങളോടുള്ള അല്ലാഹുവിന്റെ വാഗ്ദാനം പോലെ

وَلَيُبَدِّلَنَّهُمْ مِّنْ بَعْدِ خَوْفِهِمْ أَمْنًا

അവരുടെ ഭയത്തിനു ശേഷം രക്ഷയും സമാധാനവും അവർക്കു അല്ലാഹു പകരം നല്കി. ഭയവും വ്യാകുലതയും മാറി. ജനഹൃദയങ്ങൾ രക്ഷയും സമാധാനവും ദൈവിക കാരുണ്യവും കൊണ്ട് നിർഭരമായി. അൽഹംദുലില്ലാഹ്.

**ബൈഅത്തിന്റെ വാചകങ്ങൾ**

ബൈഅത്തിന്റെ വാചകങ്ങൾ ഇതായിരുന്നു.

اَشْهَدُ اَنْ لَا اِلٰهَ اِلَّا اللّٰهُ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ
وَرَسُوْلُه

(മൂന്നു പ്രാവശ്യം.) ഇന്നു ഞാൻ മഹ്മൂദിന്റെ കൈകളിൽ ബൈഅത്തു ചെയ്തു കൊണ്ട് എല്ലാ പാപങ്ങളിൽ നിന്നും തൗബ ചെയ്യുകയും മേലിലും അല്ലാഹു നല്കുന്ന കഴിവനുസരിച്ചു എല്ലാ പാപങ്ങളിൽ നിന്നും വിട്ടുനിൽക്കാൻ പരിശ്രമിക്കുന്നതുമാണ്. ശിർക്ക് (ബഹുദൈവാരാധന) ചെയ്യുകയില്ല. ദീനിനെ ദുനിയാവിനേക്കാൾ മുന്തിക്കുന്നതാണ്. ഇസ്‌ലാമിന്റെ എല്ലാ വിധി വിലക്കുകളും അനുസരിക്കാൻ ഞാൻ പരിക്രമിക്കുന്നതാണ്. എല്ലാ നല്ല കാര്യങ്ങൾക്കുമുള്ള താങ്കളുടെ കൽപന ഞങ്ങൾ ശിരസാ വഹിക്കുന്നതായിരിക്കും. നബികരീ(സ)മിനെ എല്ലാ അർഥത്തിലും ഖാത്തമുന്നബിയ്യീൻ എന്നു വിശ്വസിക്കുന്നതാണ്. മസീഹ് മൗഊദി(അ)ന്റെ എല്ലാ വാദങ്ങളിലും ആത്മാർഥമായി വിശ്വസിക്കുന്നതാണ്. ഇസ്‌ലാമിക പ്രചാരണം കഴിവിന്റെ പരമാവധി നിർവഹിക്കുന്നതായിരിക്കും.

اَسْتَغْفِرُ اللّٰهَ رَبِّيْ مِنْ كُلِّ ذَنْبٍ وَّاَتُوْبُ اِلَيْهِ

(മൂന്നു പ്രാവശ്യം)

رَبِّ اِنِّيْ ظَلَمْتُ نَفْسِيْ ظُلْمًا كَثِيْرًا وَّاعْتَرَفْتُ
بِذَنْبِيْ فَاغْفِرْ لِيْ ذُنُوْبِيْ اِنَّهٗ لَا يَغْفِرُ الذُّنُوْبَ
اِلَّا اَنْتَ

എന്റെ നാഥാ ഞാനെന്റെ പ്രാണനു മേൽ വലിയ അതിക്രമമാണു ചെയ്തു പോയിരിക്കുന്നത്. ഞാനെന്റെ കുറ്റങ്ങളും പാപങ്ങളും നിന്റെ മുന്നിൽ ഏറ്റു പറയുന്നു. നിനക്കല്ലാതെ മറ്റൊരാൾക്കും ഇതു പൊറുത്തു താരാനാവുകയില്ല. നീ എന്റെ പാപങ്ങളെ പൊറുത്തു തരേണമേ.

**ഖിലാഫത്തു അല്ലാഹുവിനാൽ നല്കപ്പെടുന്ന മഹനീയസ്ഥാനം**

1914 മാർച്ച് 14-ാം തിയ്യതി ശനിയാഴ്ച പരമോന്നതനും സർവ ശക്തനും സർവലോക നിയന്താവുമായ അല്ലാഹുവിന്റെ വാഗ്ദാന പൂർത്തീകരണത്തിന്റെ ദിനമായിരുന്നു. അല്ലാഹുവിന്റെ പെരുമയുടേയും മാഹാത്മ്യത്തിന്റെയും പ്രകടനത്തിന്റെയും ദിനമായിരുന്നു. ഉമ്മത്തിലെ ഔലിയാക്കളുടെയും ദീനുൽ ഇസ്‌ലാമിലെ സുലഹാക്കളുടേയും വാക്കുകളും പ്രവചനങ്ങളും സത്യമായിരുന്നുവെന്നു സാക്ഷ്യപ്പെടുത്തുന്ന ദിനമായിരുന്നു. വാഗ്ദത്ത മസീഹ്(അ)നു അല്ലാഹുവിൽ നിന്നും ലഭിച്ച സുവിശേഷങ്ങൾ പൂർത്തിയായ ദിനമായിരുന്നു. ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വൽ തന്റെ ഖിലാഫത്തു കാലത്തു രണ്ടാം ഖിലാഫത്തിനെ കുറിച്ചു നിരന്തരം നല്കിക്കൊണ്ടിരുന്ന സൂചനകളുടെയും സൂചകങ്ങളുടെയും നിർദേശങ്ങളുടെയും ഉപദേശങ്ങളുടേയും സാക്ഷാൽക്കാരത്തിന്റെയും ദിനമായിരുന്നു.

ഇതു തന്നേയാണു ദൈവിക കാരുണ്യവും അനുഗ്രഹവും. ഇതാണു

لَيَسْتَخْلِفَنَّهُمْ فِي الْأَرْضِ

എന്ന വചനത്തിലൂടെ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നത്. അതായത് അല്ലാഹുവാണ് ഖലീഫയെ നിശ്ചയിക്കുന്നത്. ഈയൊരു മഹനീയ സ്ഥാനം ലഭിക്കുന്ന കാര്യത്തിൽ മനുഷ്യന്റെ ആഗ്രഹങ്ങൾക്കോ പരിശ്രമങ്ങൾക്കോ പദ്ധതികൾക്കോ ഉപായങ്ങൾക്കോ യാതൊരു സ്ഥാനവുമില്ല. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ അവസാന കാലം മുതൽ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിന്റെ മേൽ ജമാഅത്തിനകത്തുള്ള ശത്രുക്കൾ പല രീതിയിൽ പല ഭാവത്തിൽ അപവാദങ്ങളും അപഖ്യാതികളും ആരോപണങ്ങളും ഉന്നയിച്ചിട്ടുണ്ടായിരുന്നു. ഇയാൾ ഖലീഫയാകാനുള്ള ശ്രമത്തിലാണെന്നതാണു അവരുടെ ഏറ്റവും വലിയ ആരോപണം. അതിനെ കുറിച്ചു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി വളരെ വികാരഭരിതനായി പറയുകയാണു ഈ ആരോപണങ്ങൾക്കെല്ലാം മറുപടി പറയാൻ ഞാൻ അശക്തനാണ്. എങ്കിലും ഇന്നത്തെ ചുറ്റുപാടിൽ ഇത്രമാത്രം പറയട്ടെ.

അല്ലാഹു സർവശക്തനും സർവ ലോക പരിപാലകനും എല്ലാം കാണുന്നവനും അറിയുന്നവനുമാണെന്ന ഉത്തമ ബോധത്തോടെ അവന്റെ പേരിൽ ആണയിട്ടു കൊണ്ട് പറയട്ടെ അല്ലാഹുവാണെ സത്യം ഞാനൊരിക്കലും ഖലീഫയാകാനായി പരിശ്രമിച്ചിട്ടില്ല. പരിശ്രമിച്ചിട്ടില്ലെന്നതു പോയിട്ടു പരിശ്രമിക്കാനുള്ള നേരിയചിന്ത പോലും എന്റെ മനസ്സിൽ ഉദിച്ചിട്ടില്ല. അത്തരത്തിലുള്ള ഒരു പ്രതീക്ഷയോ ആഗ്രഹമോ എന്റെ മനസ്സിൽ ഒരിക്കലും ഉണ്ടായിട്ടില്ല. ഇത്തരം

വ്യാജാരോപണങ്ങൾ പ്രചരിപ്പിച്ചവർ എന്നെ കൊല്ലാ കൊല ചെയ്യുകയാണു ചെയ്തതു. അതിനവർക്കു അല്ലാഹുവിനു മുന്നിൽ ഉത്തരം പറയേണ്ടി വരും.

### മയ്യത്തു നമസ്ക്കാരവും ഖബറടക്കവും

ബൈഅത്തിനു ശേഷം വൈകുന്നേരം 4:45 നു ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റെ വീടായ കോഠി ദാറുസ്സലാമിനും തഅ്ലീമുൽ ഇസ്‌ലാം ഹൈസ്ക്കൂളിനും ഇടയിലുള്ള വളരെ വിശാലമായ മൈതാനത്തേയ്ക്കു ജനസാ നമസ്ക്കാരത്തിനായി മയ്യത്തു കൊണ്ടു വന്നു. ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് സാനി ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിന്റെ നേതൃത്വത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ജനാസാ നമസ്ക്കാരം നിർവഹിക്കപ്പെട്ടു. ജനങ്ങളുടെ പങ്കാളിത്തവും ആധിക്യവും ആരേയും അതിശയിപ്പിക്കുന്നതായിരുന്നു. നമസ്ക്കാരത്തിൽ മലക്കുകളും പങ്കെടുത്തോ എന്നു സംശയിച്ചു പോകും. അഹ്മദികൾക്കു പുറമെ അനഹ്മദികളും സിഖുകാരും ഹിന്ദുക്കളും സാധാരണ മുസ്‌ലിംകളും സ്ത്രീകളും പുരുഷന്മാരും വൃദ്ധരും കുട്ടികളും എല്ലാവരും പങ്കുചേർന്നിട്ടുണ്ടായിരുന്നു. ജനാസ നമസ്ക്കാരത്തിനായി പതിനൊന്നു വരി (സ്വഫ്) കളിലായിരുന്നു ജനങ്ങൾ നിന്നിരുന്നത്. ഒരു വരിയിൽ തന്നെ നൂറ്റിയറുപത് പേർ. ഇരുന്നൂറോളം സ്ത്രീകളുമുണ്ടായിരുന്നു. അവർ മൂന്നു വരികളിലാണു നിന്നിരുന്നത്. നമസ്ക്കാര ശേഷം മയ്യത്ത് ബഹിശ്ത്തി മഖ്ബറയിലേയ്ക്കു കൊണ്ടു വരികയും മസീഹ് മൗഊദി(അ)ന്റെ ഖബറിന്റെ വലതു വശത്തു വൈകുന്നേരം 6:15 നു ഖബറടക്കം നടത്തുകയും ചെയ്തു.

### ജമാഅത്തുകൾക്കുള്ള അറിയിപ്പ്

ഖിലാഫത്ത് സാനിയ നിലവിൽ വന്നതിന്റെ പിറ്റേദിവസം തന്നെ ഖാദിയാനു പുറത്തുള്ള മുഴുവൻ ജമാഅത്തുകളുടേയും അറിവിലേക്കായി 1914 മാർച്ച് 15-ാം തിയ്യതിയിലെ അൽഫസ്ൽ ഉർദു ദിനപത്രത്തിൽ കേന്ദ്രം ഇങ്ങനെ വാർത്ത നല്കുകയുണ്ടായി.

സഹോദരന്മാരെ,

*അസ്സലാമു അലൈകും വ റഹ്മത്തുല്ലാഹി വ ബറകാത്തുഹു*

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അവ്വൽ സയ്യിദുനാ വ മൗലാനാ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) അല്ലാഹുവിന്റെ നിശ്ചയപ്രകാരം 1914 മാർച്ച് 13-ാം തിയ്യതി ജുമുഅ നമസ്ക്കാര ശേഷം ഈ നശ്വരലോകത്തു നിന്നും അനശ്വര ലോകത്തേയ്ക്കു യാത്രയായിരിക്കുന്നു. *ഇന്നാലില്ലാഹി വ ഇന്നായിലൈഹി റാജിഊൻ.* പിറ്റേ ദിവസം 1914 മാർച്ച് 14ാം തിയ്യതി ശനിയാഴ്ച അസർ നമസ്ക്കാരാനന്തരം മസ്ജിദ്ന്നൂറിൽ വച്ചു ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് സല്ലമഹുല്ലാഹു തആലവ അയ്യദഹു ഏകദേശം രണ്ടായിരത്തോളം ആളുകളുടെ സാന്നിദ്ധ്യത്തിൽ രണ്ടാം ഖലീഫയായി തെരഞ്ഞെടുക്കപ്പെടുകയും അവരെല്ലാം ബൈഅത്തു ചെയ്യുകയും ചെയ്തിരിക്കുന്നു.

ആ അവസരത്തിൽ ദുആയ്ക്കും ചെറിയൊരു പ്രസംഗത്തിനും ശേഷം ഹുദൂർ തഅ്ലീമുൽ ഇസ്‌ലാം ഹൈസ്ക്കൂളിന്റെ വടക്കു ഭാഗത്തുള്ള വിശാലമായ മൈതാനത്തു വെച്ചു ഖലീഫത്തുൽ മസീഹിന്റെ മയ്യിത്തു നമസ്ക്കാരം നിർവഹിക്കുകയും അതിനു ശേഷം മഗ്‌രിബ് നമസ്ക്കാരത്തിനു മുമ്പായി ബഹിശ്ത്തി മഖ്ബറയിൽ ഹദ്റത്ത് മസീഹ് മൗഊദി(അ) ന്റെ ഖബറിന്റെ വലതു ഭാഗത്തു ഖബറടക്കം ചെയ്യുകയും ചെയ്തിരിക്കുന്നു.

اَللّٰھُمَّ اَکْرِمْ نُزُلَہٗ وَوَسِّعْ مَدْخَلَہٗ

ഈ അവസരത്തിൽ ഇവിടെ എത്താൻ സാധിക്കാതിരുന്നവർ എത്രയും വേഗം നേരിട്ടോ കത്തു മുഖേനയോ ബൈഅത്തു ചെയ്യേണ്ടതാണ്. ബൈഅത്തിന്റെ വാചകങ്ങളും ഹുദൂറിന്റെ പ്രസംഗവും പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. ഹദ്റത്ത് ഉമ്മുൽ മുഅ്മിനും മറ്റു അഹ്‌ലെ ബൈത്തും ബൈഅത്തു ചെയ്തു കഴിഞ്ഞിരിക്കുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ നിര്യാണത്തിൽ വടക്കെ ഇന്ത്യയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന പ്രധാനപ്പെട്ട ധാരാളം ദിനപത്രങ്ങൾ മരണ വാർത്ത പ്രസിദ്ധീകരിക്കുകയും ജമാഅത്തിനോടും ഹുദൂറിന്റെ ബന്ധുമിത്രാദികളോടും അനുശോചനമറിയിക്കുകയും സഹതാപം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ചില പത്രങ്ങൾ വാർത്തയോടൊപ്പം ഹുദൂറിന്റെ ലഘു ജീവചരിത്രവും നല്കിയിട്ടുണ്ടായിരുന്നു.

ഈ പരമ്പര ഇവിടെ അവസാനിക്കുന്നു. നിർദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കാം:

mraalain@gmail.com

വിളിക്കാം: 830 1851 726

***കടപ്പാട് & അവലംബം***

1. ഹയാത്തെ നൂർ By മൗലാനാ അബ്ദുൽ ഖാദർ സാഹിബ് സൗദാഗർ മൽ. റബ്‌വാ

2. താരീഖെ അഹ്മദിയ്യത്ത് വാള്യം.III By മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ് റബ്‌വാ

3. മിർഖാത്തുൽ യഖീൻ ഫീ ഹയാതി നൂറുദ്ദീൻ By അക്ബർ ശാഹ് ഖാൻ സാഹിബ്. നജീബാബാദി.

4.സിൽസില അഹ്മദിയാ By ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) റബ്‌വാ

5.HadratMaulawiNur-ud-Din(Ra)

Khalifatul Masih I (English) By Hadrat Sir Muhammad Zafarullaah khan sahib[Ra]

6. Hakeem Noor-ud-deen (Khalifatul Masih I) The way of Righteous (English) By Syed Hasanat Ahmad sahib.

7. സവാനിഹ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ By റസിയ ദർദ് സാഹിബ കറാച്ചി.

8. അൽ ഫസ്ൽ ഉറുദു ദിനപത്രങ്ങൾ റബ്വാ.

പേജ് 25 ൽ നിന്ന്

വിദേശ നയതന്ത്ര പ്രതിനിധികളുടെ ഒരു സമ്മേളനത്തിൽ സുൽത്താൻ ഒരു സാധാരണക്കാരനെപ്പോലെ പങ്കെടുത്തിരുന്നതായി മക്കപ്രവാസ കാലത്ത് എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. സംഭാഷണമദ്ധ്യേ അദ്ദേഹം പറഞ്ഞു: നിങ്ങളുടെ രാജ്യത്തുള്ളത് പോലെ സുഖസൗകര്യങ്ങളൊന്നും ഇവിടെ ഇല്ല. തെരുവുകളും ഇല്ല. അവിടെ വലിയ ജയിലറകളുണ്ട്. വലിയ വലിയ കുറ്റങ്ങളും ചെയ്യപ്പെടുന്നു. എന്നാൽ എന്റെ രാജ്യത്ത് അത്തരം കുറ്റങ്ങളൊന്നുമില്ല. കേസ് വിസ്താരണം നീണ്ടു പോകുന്നില്ല. നിയമത്തിന്ന് പഴുതുകളില്ല. ആകയാൽ നിങ്ങളുടെ സംസ്ക്കാരം ഇവിടെ ഇല്ലാത്തതിനാൽ എനിക്ക് യാതൊരു വ്യസനവും ഇല്ല. മറിച്ച് എനിക്കതിൽ വലുതായ സന്തോഷമാണുള്ളത്. എന്റെ രാജ്യം (ഇത് ദൈവത്തിന്റെ രാജ്യമാണ്) എല്ലാവിധത്തിലുള്ള പാതകങ്ങളിൽ നിന്നും പരിശുദ്ധമായിരിക്കുന്നു.

ഞാൻ ദിവസവും ബൈത്തുല്ലാഹിൽ പോകും ചിലപ്പോൾ മണിക്കൂറുകളോളം അവിടെ കഴിച്ചു കൂട്ടും അവിടെപോയിരുന്ന് ദൈവിക ദൃഷ്ടാന്തങ്ങൾ ഭക്തിപൂർവം ഞാനോർക്കും ചിലപ്പോൾ തിരുനബി(സ) യുടെ പാദസ്പർശമേറ്റ സ്ഥലങ്ങളിൽ ചുറ്റി നടക്കും. ചിലപ്പോൾ ദാറുന്നദ്‌വ ചുറ്റിക്കാണും. ചിലപ്പോൾ നബി തിരുനബി(സ)ക്കെതിരായി മക്കത്തെ അവിശ്വാസികൾ നടത്തിയ ഗൂഢാലോചനയുടെ രൂപം എന്റെ മനോതലത്തിൽ നിഴലിക്കും. ചുരുക്കത്തിൽ സത്യവിശ്വാസോദ്ദീപകമായ നാളുകളായിരുന്നു അവ. ജീവിതത്തിലെ ബാക്കികാലം മുഴുവൻ ഇവിടെ തന്നെ കഴിച്ചു കൂട്ടണമെന്ന് ആഗ്രഹം ഹൃദയത്തിൽ അപ്പോളുയരും. സത്യവും അതു തന്നെ. ഒരിക്കൽ കണ്ടാൽ പിന്നെയും പിന്നെയും കാണാൻ കൊതിവരുന്ന ഒരു പുണ്യസ്ഥാനമാണത്.

(വിവ:എൻ. അബ്ദുർറഹീം)

പേജ് 23ൽ നിന്ന്

ഈ സ്വാർഗരോഹണ കഥ എന്ന് വ്യക്തമാണ്. സിനിയാറ്റിക്കസിൽ മാർക്കോസിന്റെ സുവിശേഷം അവസാനിക്കുന്നത് 16-ാം അദ്ധ്യായത്തിൽ 8-ാം വചനത്തോടെയാണ് ലൂക്കോസിന്റെ സുവിശേഷത്തിലെ 'സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു' എന്ന വചനം കോഡക്സ് സിനിയാറ്റിക്കോസിൽ കാണുന്നില്ല.

സി എൻ ആർ സൊസൈറ്റി ഓശാന മൗണ്ട് എടമറ്റം കോട്ടയം പ്രസിദ്ധീകരിച്ച മലയാളം ബൈബിളിലും (സെപറ്റ്മ്പർ 2000) ലൂക്കോസിന്റെ സുവിശേഷത്തിൽ 24:51 വചനത്തിന് കൊടുത്ത അടിക്കുറുപ്പിൽ ഇങ്ങനെ കാണാം. 'സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു' എന്ന് ചില കൈയ്യെഴുത്തു പ്രതികളിൽ കാണുന്നില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അപ്രകാരം 16:9-20 വരെ സ്വർഗാരോഹണ കഥയുള്ള മാർക്കോസ് സുവിശേഷത്തിലെ വചനങ്ങളും ചില സുവിശേഷങ്ങളിൽ കാണുന്നില്ല. അത്പോലെ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ ആന്റ് സിലോൺ ബാഗ്ലൂർ പ്രസിദ്ധീകരിച്ച (1963) ബൈബിളിലും, സ്വർഗാരോഹണം ചെയ്തു എന്ന ഭാഗം മൂല കൃതിയിലില്ലാത്തത് കൊണ്ടായിരിക്കാം ബ്രാക്കറ്റിലാണ് കൊടുത്തത്.

മരിച്ചതിന് ശേഷം യേശു ഉയിർത്തെഴുന്നേറ്റുവെന്നും ആകാശത്തേക്ക് ഉയർന്നു പോയെന്നുമുള്ള വിശ്വാസം സത്യവിരുദ്ധവും ചരിത്രവിരുദ്ധവും ശാസ്ത്ര വിരുദ്ധവുമാണ് സർവോപരി ദൈവവിരുദ്ധവുമാണ്.

പേജ് 15 ൽ നിന്ന്

സ്ത്യൻ അധ്യാപനങ്ങൾ ഔദാര്യത്തിന്റെ അങ്ങേയറ്റമായിരുന്നു. അപരനു വേണ്ടി തന്റെ അവകാശങ്ങൾ പോലും ത്യജിക്കാനായിരുന്നു പഠിപ്പിച്ചിരുന്നത്.

ചില കാലഘട്ടങ്ങളിൽ നീതിക്കായായിരുന്നു ശക്തമായി ഊന്നൽ നല്കിയിരുന്നത്. ചില കാലങ്ങളിൽ ഔദാര്യങ്ങൾക്കും. പക്ഷേ അത് നീതിയെ ബലികഴിച്ചു കൊണ്ടായിരുന്നില്ല. എന്ത് തരം അധ്യാപനങ്ങളായാലും അതൊന്നും നീതിയുടെ തത്ത്വങ്ങളെ ഒരിക്കലും തന്നെ ലംഘിച്ചിരുന്നില്ല. ഒരു കാര്യം നാം ഓർക്കേണ്ടതുണ്ട്. സ്വയം പരിത്യാഗം ഒരിക്കലും തന്നെ നീതിയുടെ തത്ത്വങ്ങൾക്ക് വിരുദ്ധമല്ല. ഔദാര്യങ്ങളുടെ നിർവ്വഹണത്തിന്ന് വേണ്ടി അന്യന്റെ അവകാശങ്ങളെ ചവിട്ടി ഞെരിക്കുക എന്നത് മതത്തിൽ പോലും അചിന്ത്യമാണ്. മാപ്പ് കൊടുക്കുന്നതിന്ന് അല്ലെങ്കിൽ സ്നേഹം പ്രദർശിപ്പിക്കാൻ വേണ്ടി ക്രിസ്തുമതം ഒരിക്കലും തന്നെ അന്യന്റെ അവകാശങ്ങൾ തട്ടിപ്പറിക്കുന്നില്ല.

അധ്യാപനങ്ങളെല്ലാം തന്നെ കാലഘട്ടത്തിന്റെ ആവശ്യങ്ങളുമായി തദാത്മ്യമുള്ളവയായിരിക്കും. മൂസാനബി(അ)യുടെ കാലത്ത് ഇസ്രയേൽ സന്തതികളുടെ പ്രത്യേകമായ ആവശ്യമായി പരിഗണിച്ചതും ഊന്നൽ നൽകിയതും നീതി നിർവഹണത്തിന്നും തത്തുല്യമായ പ്രതിക്രിയയുമായിരുന്നു. യേശു(അ)വിന്റെ കാലഘട്ടമെത്തിയപ്പോഴേക്കും ആതുരമായ സമൂഹത്തിന്റെ തികച്ചും മറ്റൊരു രീതിയിലുള്ള ചികിത്സക്കായിരുന്നു മുറവിളി. ഈ ഒരു താരതമ്യത്തിൽ ഒരാൾക്ക് രണ്ട് വ്യത്യസ്ത കാലഘട്ടവുമായി ബന്ധപ്പെട്ട നീതിയുടെ നാരായ വേര് എന്താണെന്ന് കണ്ടെത്താവുന്നതാണ്.

# ഇറാൻ പ്രസിഡണ്ടിന് ആദരാഞ്ജലികൾ



ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് ഇറാന്റെ പ്രസിഡണ്ട് ഡോ. സെയ്ദ് ഇബ്രാഹിം റയീസിയുടെയും വിദേശ കാര്യമന്ത്രി ഹുസൈൻ അമീർ അബ്ദുല്ലാഹിനിന്റെയും ദാരുണാന്ത്യത്തിൽ അഗാതമായ ദുഃഖവും അനുശോചനം രേഖപ്പെടുത്തുന്നു. റയീസിയുടെ മരണത്തിൽ നമ്മുടെ രാജ്യവും ദുഖാചരണം പ്രഖ്യാപിക്കുകയും ദേശീയ പതാക താഴ്ത്തിക്കെട്ടുകയും ചെയ്തു. അന്താരാഷ്ട്രാ തലത്തിൽ ഇന്ത്യയുടെ ഏറ്റവും അടുത്ത സുഹൃത്താണ് ഇറാൻ. ഹെലികോപ്റ്റർ അപകടത്തിൽ ഇറാനിലെ ഭരണാധികാരികളും ഉന്നത ഉദ്യോഗസ്ഥരുമായ ഒമ്പതു പേരാണ് മരിച്ചത്. ഇടക്കാല പ്രസിഡണ്ടായി വൈസ് പ്രസിഡണ്ട് മുഹമ്മദ് മുഖ്ബറിനെ നിയമിച്ചു. ഉപവിദേശ കാര്യമന്ത്രി അലി ബഖിരി കനിയേയും താൽക്കാലിക ചുമതല നൽകിയിട്ടുണ്ട്. 50 ദിവസത്തിനുള്ളിൽ തിരഞ്ഞെടുപ്പു നടത്തി പുതിയ പ്രസിഡണ്ടിനെ നിശ്ചയിക്കുന്നതായിരിക്കും. ഭാര്യ അലമുൽ ഹുദാ. രണ്ടു മക്കളുമുണ്ട്.

ഇറാൻ അസർബൈജാൻ സംയുക്ത സംരംഭമായ അറാസ് നദിയിലെ ഖിസ്ഖലാസി അണക്കെട്ട് ഉദ്ഘാടനം ചെയ്ത് തബ്രീസിലേക്ക് മടങ്ങുമ്പോഴാണ് ഈ ദുരന്തം സംഭവിച്ചത്. ഈറാൻ പ്രസിഡണ്ട് എബ്രാഹിം റയീസിയോടൊപ്പം അസർ ബൈജാൻ പ്രസിഡണ്ട് ഇൽഹാം അലിയേവും കൂടിയാണ് ഡാമിന്റെ ഉദ്ഘാടനം നിർവഹിച്ചത്. 14 മണിക്കൂർ തുർക്കിയും റഷ്യയും കൂടി ഡ്രോണുപയോഗിച്ചു തെരഞ്ഞതിഞ്ഞു ശേഷമാണ് അപകട സ്ഥലം കണ്ടെത്താനായത്. ഹെലികോപ്റ്റർ പൂർണമായും കത്തിനശിച്ചു. പ്രസിഡണ്ടിനെ അനുഗമിച്ച് മറ്റ് രണ്ട് ഹെലിക്കോപ്റ്ററുകളും സുരക്ഷിതമായി തിരിച്ചെത്തി പ്രസിഡണ്ടിന്റെ ഹെലികോപ്റ്റർ മാത്രമാണ് അപകടത്തിൽ പെട്ടത് എന്നത് അവിശ്വസനീയമാണ്. കനത്ത മഞ്ഞിൽ നിയന്ത്രണം നഷ്ടപ്പെട്ട ഹെലികോപ്റ്റർ അപകടത്തിൽ പെട്ടതാകാനാണ് സാദ്ധ്യത. അപകടത്തിൽ ഇത്വരെ ഇറാൻ മറ്റൊരു ദുരൂഹതയും പ്രകടിപ്പിച്ചിട്ടില്ല. അമേരിക്കയിൽ രൂപകൽപ്പന ചെയ്ത് കാനഡയിൽ നിർമ്മിച്ച ബെൽ 212 എന്ന ഹെലിക്കോപ്റ്റർ ആണ് അപകടത്തിൽ പെട്ടത്.

ഇറാൻ ഷാ ഭരണ കൂടത്തെ താഴെ ഇറക്കാൻ 1979 ൽ ആയാത്തുല്ലാ ഖുമേനി നയിച്ച ശിയാ ഇസ്ലാമിക വിപ്ലവത്തിൽ യുവാവായ ഇബ്റാഹിം റയീസി പങ്കെടുത്തിരുന്നു. മതപാഠശാലയിൽ പഠിച്ച അദ്ദേഹം രാജ്യത്തെ നീതിന്യായ രംഗത്തായിരുന്നു പ്രവർത്തിച്ചത്. ഇറാന്റെ പരമോന്നത നേതാവ് ആയാത്തുല്ല അലി ഖാംനഈ യുടെ പിൻഗാമിയായി പരിഗണിക്കപ്പെട്ട നേതാവും ഖാംനഈ യുടെ മാനസ പുത്രനുമായിരുന്നു റഈസി. മുൻ ഇറാൻ പ്രസിഡണ്ട് ഹസൻ റൂഹാനിയെ പോലെ അദ്ദേഹം മിതവാദിയായിരുന്നില്ല. റൂഹാനിയുടെ കാലത്തായിരുന്നു അമേരിക്കയുമായി ന്യൂക്ലിയർ ഡീൽ ഉണ്ടാക്കിയത്. ജ5+1 (അമേരിക്ക, ചൈന, ഫ്രാൻസ്, റഷ്യ, ബ്രിട്ടൻ)+ ജർമ്മനിയും ചേർന്നായിരുന്നു കരാർ. പിന്നീട് ഡൊണാൾഡ് ട്രമ്പാണ് ആ കരാർ അട്ടിമറിക്കുകയും ഇറാന്റെ നേരെ വീണ്ടും ഉപരോധം ഏർപ്പെടുത്തുകയും ചെയ്തത്. റയീസിയുടെ കാലത്താണ് റഷ്യയുമായും ചൈനയുമായും ഇറാൻ അടുക്കാൻ തുടങ്ങിയത്. യാഥാസ്ഥിതികനും തീവ്രനിലപാടുകാരനുമായാണ് റയീസി അറിയപ്പെടുന്നത്. മാശാ അമീനി എന്ന യുവതി ഇറാൻ ജയിലിൽ വെച്ച് കൊല്ലപ്പെട്ട സംഭവം ലോകത്തുള്ള മനുഷ്യാവകാശ പ്രവർത്തകരെയും വനിതാവിമോചക പ്രവർത്തകരേയും റയീസിക്കെതിരെ തിരിയാൻ പ്രേരിപ്പിക്കുയുണ്ടായി. 'വിലായത്തെ ഫഖീഫി' എന്ന ശിയാ ഭരണ സംവിധാനത്തെ പറ്റി നന്നായി അറിയുന്നയാളായിരുന്നു അദ്ദേഹം. 1988 ഇറാൻ ഇറാഖ് യുദ്ധത്തിനു ശേഷം രാഷ്ട്രീയ തടവുകാരായ 5000 ത്തോളം പേരെ വിചാരണ കൂടാതെ വധിച്ച നാല് വിധികർത്താക്കളിൽ ഒരാൾ റയീസിയാണെന്നാണ് അദ്ദേഹത്തിനു മേൽ ചാർത്തുന്ന ഗുരുതരമായ ഒരു കുറ്റം.

ചിരപുരാതനമായ പേർഷ്യൻ സത്വബോധവും ശിയാ വിഭാഗീയത

യും നിമിത്തം ഇറാൻ മറ്റു അറബ് മുസ്‌ലിം രാജ്യങ്ങളുമായി ഒരു അകലം പാലിച്ചിരുന്നു. അമേരിക്കയും ഇസ്റയേലും ഈ അവസരം മുതലെടുത്ത് ഇറാനെ മറ്റു അറബ് മുസ്‌ലിം രാജ്യങ്ങളിൽ നിന്ന് അകറ്റാൻ ആവുന്നത്ര പരിശ്രമിക്കുകയും ചെയ്തു. പക്ഷേ സഊദി അടക്കം ഗൾഫ് രാജ്യങ്ങളുമായി ചൈനയുടെ മദ്ധ്യസ്ഥതയിൽ സൗഹൃദം സ്ഥാപിക്കുന്നതിൽ റയീസി വിജയിച്ചു. ഫലസ്തീൻ പ്രശ്നത്തിൽ ഹമാസിനെ തുറന്ന രീതിയിൽ പിന്തുണച്ചു കൊണ്ടും ഇസ്റയേലിനോട് പോർവിളിച്ചുമുള്ള റയീസിയുടെ നിലപാട് വലിയ തോതിൽ മുസ്‌ലിം ലോകത്തിന്റെ അനുഭാവം പിടിച്ചു പറ്റുകയുണ്ടായി. ഇസ്റയേൽ- ഫലസ്തീൻ സംഘർഷത്തിനിടയിൽ ഹമാസ്, ലബനാനിലെ ഹിസ്ബുല്ല, യമനിലെ ഹൂതികൾ സിറിയയിലും ഇറാഖിലെയും ശിയ ഗ്രൂപ്പുകൾ എന്നിവരെ ഫലസ്തീനികൾക്ക് വേണ്ടി ആയുധമണിയിക്കുന്നത് ഇറാനാനെന്നാണ് ഇസ്റയേലിന്റെ പ്രചാരണം. ഇസ്റയേലിന്റെ വംശഹത്യാപരമായ നിലപാടുകളും ഫലസ്തീനികളെ ഉന്മൂലനത്തിനും അധിനിവേശത്തിനെതിരെയും മറ്റു മുസ്‌ലിം രാജ്യങ്ങളിൽ നിന്നും വിഭിന്നമായി ശക്തമായ നിലപാടാണ് ഇറാൻ സ്വീകരിക്കുന്നത്.

ഇറാന്റെയും ഇസ്റയേലിന്റെയും ചരിത്രം പരിശോധിച്ചാൽ ഇസ്റയേൽ രൂപീകരണത്തെനെതിരെ നിലപാടെടുത്ത രാജ്യമായിരുന്നു ഇറാൻ എന്ന് കാണാം. 1948 ൽ ഇസ്റയേൽ രൂപീകരണത്തിനെതിരെ 30,000 സൈനികരെ പ്രതിരോധിക്കാനായി റിസർവ്വ് പട്ടാളക്കാരായി സംഘടിപ്പിച്ചു നിർത്തിയ രാജ്യമായിരുന്നു ഇറാൻ. പക്ഷേ ഇസ്റയേൽ രൂപീകരിച്ചതിന് ശേഷം സ്ഥിതിയാകെ മാറി. ഇസ്റയേലിനെ ആദ്യം അംഗീകരിച്ച രണ്ട് മുസ്‌ലിം രാജ്യങ്ങളിൽ ഒന്നാണ് അന്ന് ഷായുടെ പഹ്‌ലവി രാജവംശം ഭരിച്ചിരുന്ന ഇറാൻ. മറ്റേരാജ്യം തുർക്കിയായിരുന്നു. 1979 ഇറാനിൽ ശിയാ ഇസ്‌ലാമിക വിപ്ലവം വന്നതോടുകൂടി ഇസ്റയേലുമായുള്ള എല്ലാ ബന്ധങ്ങളും വിഛേദിക്കുകയാണുണ്ടായത്. 2010 മുതൽ 2020 വരെ 5 ന്യൂക്ലിയർ ശാസ്ത്രജ്ഞന്മാർ വിദേശത്തു വെച്ചു കൊല്ലപ്പെടുകയുണ്ടായി. ഇറാൻ ആണവപ്ലാന്റ് നിർമ്മിക്കുന്നതിനെതിരെ ഏറ്റവും ഭയപ്പെടുന്ന രാജ്യമാണ് ഇസ്റയേൽ. 2024 ഏപ്രിൽ 1 സിറിയയിലെ ഡമാസ്ക്കസിൽ ഇറാനിയൻ കോൺസുലേറ്റിൽ ബോംബ് വർഷിച്ചു കൊണ്ട് ഇസ്റയേൽ ആക്രമിക്കുകയും ഇറാന്റെ ബ്രിഗേഡിയർ ജനറൽ മുഹമ്മദ് റെസാ സെഹദി അടക്കം 16 പേർ കൊല്ലപ്പെടുകയും ചെയ്തു. ഒരു രാജ്യത്തിന്റെ കോൺസുലേറ്റിനേയോ എംബസിയേയോ ആക്രമിക്കുന്നത് ആ രാജ്യത്തെ തന്നെ ആക്രമിക്കുന്നതിന് തുല്ല്യമാണെന്ന് പറഞ്ഞ് ലോകം മുഴുവനുമുള്ള നീതിമാന്മാർ ആ അക്രമത്തെ അപലപിക്കുകയുണ്ടായി. 35,000 ത്തോളം ഫലസ്തീനികളെ കൊന്നൊടുക്കുന്നതിനിടയിൽ ആയിരുന്നു സിറിയയിലെ ഇറാൻ കോൺസുലേറ്റിനെതിരെയുള്ള ഇസ്റയേലിന്റെ ഈ ആക്രമണം. ഏപ്രിൽ 13 ന് ഇസ്റയേലിനെതിരെ പരിമിതമായ തോതിൽ മിസൈലും ഡ്രോണും ഉപയോഗിച്ച് ഇറാൻ തിരിച്ചടിക്കുകയാണുണ്ടായത്. ആക്രമണം യുദ്ധമായി വ്യാപിക്കരുത് എന്ന് ഇറാന് നിർബന്ധമുണ്ടായിരുന്നു. ഇസ്റായേലിനെതിരെ തിരിച്ചടിക്കാൻ ധൈര്യം കാട്ടിയ ഇറാനെതിരെ പ്രതികാരം ചെയ്യുമെന്ന് ഇസ്റയേൽ അന്ന് പറഞ്ഞിരുന്നു. ടെഹ്റാൻ ഇസ്റയേലുമായി അപ്രഖ്യാപിതമായ യുദ്ധമുഖത്ത് നിൽക്കുമ്പോഴാണ് ഇറാൻ രാഷ്ട്രനായകന്മാർ കൊല്ലപ്പെട്ട ഈ ദുരന്തം സംഭവിക്കുന്നത് സ്വാഭാവികമായും ഇറാനിലെ ഈ പരമോന്നത നേതാക്കന്മാർ കൊല്ലപ്പെട്ടതിൽ ഇസ്റായേലിനുള്ള പങ്കെന്താണെന്ന് ആരാഞ്ഞു കൊണ്ടായിരുന്നു പലരുടെയും അന്വേഷണം. പക്ഷേ ഇറാൻ ഔദ്യോഗിക വൃത്തങ്ങളിൽ നിന്നും അത്തരമൊരു സൂചന ഇതുവരെ ഉണ്ടായിട്ടില്ല. മാത്രമല്ല ഇസ്റയേലിന്റെ ഭാഗത്തു നിന്നും ഉടൻ തന്നെ തങ്ങൾക്ക് ഇതിൽ യാതൊരു പങ്കുമില്ല എന്ന വിശദീകരണം വരുകയും ചെയ്തു. ഇത് വരെ ലഭിച്ച സൂചനകൾ പ്രകാരം മൂടൽ മഞ്ഞ് മൂലമുള്ള ഒരു വ്യോമ അപകടമാണെന്നാണ് ഇതെന്നാണ് കരുതുന്നത്. ദീർഘകാലമയി ഉപരോധം കാരണം പുതിയ ഹെലികോപ്റ്റർ വാങ്ങാനോ ഹെലികോപ്റ്ററിന്റെ യന്ത്രഭാഗങ്ങൾ മാറ്റാനോ ഇറാന് സാധ്യമാവാതെ വന്നതിനാലാണ് ഇത്തരം അപകടങ്ങൾ ഉണ്ടാവുന്നതായി ചൂണ്ടികാണിക്കപ്പെടുന്നത്. ഏതായാലും പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന ഇറാന് ഐശ്വര്യപൂർണമായ ഒരു ഭാവി പ്രദാനം ചെയ്യുന്ന നല്ല നേതാവിനെ അല്ലാഹു നൽകി അനുഗ്രഹിക്കട്ടെ.

The Official Website of
the Ahmadiyya Muslim Community
AL-ISLAM



# ഇസ്റയേലിനുണ്ടായ രണ്ട് വൻ തിരിച്ചടികൾ



മനുഷ്യവംശം അപൂർവ്വം സന്ദർഭങ്ങളിൽ മാത്രം അഭിമുഖീകരിച്ചിട്ടുള്ള മനുഷ്യത്വരഹിതമായ കൂട്ടക്കൊലകളാണ് ഇസ്റയേൽ എന്ന രാജ്യം ഒരു ജനതക്കെതിരെ ലോകം നിസ്സംഗരായി നോക്കി നിൽക്കെ നിർബാധം നടത്തിക്കൊണ്ടിരിക്കുന്നത്. ആ രാജ്യത്തിനെതിരെ കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ രണ്ട് വൻതിരിച്ചടികൾ ചരിത്രത്തിൽ നിർണായകമാണ്. ഒന്നാമത്തേത് അന്തരാഷ്ട്രാ ക്രിമിനൽ കോടതി പ്രോസിക്യൂട്ടറുടെ അറസ്റ്റ് വാറന്റ് പുറപ്പെടുവിക്കാനുള്ള അപേക്ഷയാണ്. രണ്ടാമത്തേത് സ്പെയിൻ നോർവ്വേ, അയർലണ്ട് എന്നീ മൂന്ന് യൂറോപ്യൻ രാജ്യങ്ങൾ ഫലസ്തീനെ സ്വതന്ത്ര രാഷ്ട്രമായി അംഗീകരിക്കാൻ പോകുന്നു എന്ന പ്രഖ്യാപനവും! 2023 ഡിസംബറിൽ ദക്ഷിണാഫ്രിക്ക ഇസ്റയേലിനെതിരെ വംശഹത്യ കേസ് വേൾഡ് കോർട്ട് ഓഫ് ജസ്റ്റീസിൽ ഫയൽ ചെയ്തിരുന്നു. *(സത്യദൂതൻ, കുറിപ്പ് 2023 ഫെബ്ര.)* ആ കേസിൽ മെയ് 24 (ഇന്ന്- വെള്ളി) ഹേഗിൽ വെച്ച് ഇസ്റയേലിനോട് ഗസ്സയിലെ റഫയിലെ എല്ലാ സൈനിക നടപടിയും നിർത്തിവെക്കാനും ഫലസ്തീനികളെ ഈജിപ്ഷ്യൻ അതിർത്തി കടക്കാൻ അനുവദിക്കാനും മാനുഷികസഹായം നല്കാനും ഉത്തരവിടുകയുണ്ടായി. അത്യധികം ധിക്കാരത്തോടെ മിനുട്ടുകൾക്കകം ആ കോടതി ഉത്തരവ് ലംഘിച്ച് റഫ നഗരത്തിൽ തലങ്ങും വിലങ്ങും വമ്പിച്ച രീതിയിൽ ബോംബാക്രമണം നടത്തിയാണ് ഈ കോടതി ഉത്തരവിനോട് പ്രതികരിച്ചത്. അനുസരിക്കാൻ ബാദ്ധ്യസ്ഥമായ ഒരു കോടതി വിധിയോട് ഇത്തരത്തിലുള്ള പ്രതികരണം കണ്ട് ലോകം ഞെട്ടിത്തരിച്ചിരിക്കയാണ്.




**കരീം ഖാൻ**

കഴിഞ്ഞ 7 മാസത്തിനുള്ളിൽ മുപ്പത്തയ്യായിരത്തിലധികം ഫലസ്തീനികളെ കൊന്നൊടുക്കി ആ കുറ്റകൃത്യം യാതൊരു കൂസലുമില്ലാതെ അഭംഗുരം തുടരുന്ന ഇസ്റയേൽ പ്രധാനമന്ത്രി ബന്യാമിൻ നെതന്യാഹു, പ്രതിരോധ മന്ത്രി യൊയാവ് ഗലാന്റ് എന്നിവർക്കെതിരെ മനുഷ്യ വംശത്തിന്നെതിരായ കുറ്റകൃത്യത്തിന് അറസ്റ്റ് വാറന്റ് പുറപ്പെടുവിക്കണമെന്ന് ഇന്റർ നാഷണൽ ക്രിമിനൽ കോർട്ടിന്റെ (ഐസിസി) ചീഫ് പ്രൊസിക്യൂട്ടർ കരിം ഖാൻ മെയ് 20 ന് ലോക കോടതിയിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. അതുപോലെ ഹമാസ് നേതാവ് യഹ്യാ സിൻവറിനെതിരെയും അറസ്റ്റ് വാറന്റിന് അപേക്ഷ നല്കിയിട്ടുണ്ട്. അറസ്റ്റിന് വിശ്വാസയോഗ്യവും യുക്തിസഹമായ എല്ലാ കാരണങ്ങളുമുണ്ടെന്ന് കരീം അസദ് അഹ്മദ് ഖാൻ പറഞ്ഞു. അന്താരാഷ്ട്രാ രംഗത്ത് ശക്തിശാലികളായ രാജ്യങ്ങൾക്കെതിരെ ഇഴഞ്ഞു നീങ്ങാറുള്ള അന്താരാഷ്ട്ര നീതിന്യായത്തിന്റെ ഭാഗത്ത് നിന്നുള്ള ലോക കോടതി പ്രോസിക്യൂട്ടറുടെ ഇസ്റായേലിനെതിരെയുള്ള രൂക്ഷമായ പരാമർശങ്ങൾ അമേരിക്കയേയും ഇസ്റായേലിനെയും ഞെട്ടിച്ചിരിക്കയാണ്. അന്താരാഷ്ട്രാ മനുഷ്യാവകാശ നിയമത്തിലും അന്താരാഷ്ട്രാ ക്രിമിനൽ നിയമത്തിലും വിദഗ്ദനായ കരീം ഖാൻ ബ്രിട്ടനിൽ പ്രാക്റ്റീസ് ചെയ്യുന്ന നിയമ പണ്ഡിതനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അംഗവുമാണ്. 'ഇസ്റയേലിലും ഗാസയിലും വെസ്റ്റ് ബാങ്കിലും നട



**അയർലണ്ട് പ്രധാനമന്ത്രി സൈമൺ ഹാരിസ്, നോർവീജിയൻ പ്രധാനമന്ത്രി യൂനാസ് ഗാർ സ്റ്റോർ, സ്പെയിൻ പ്രധാനമന്ത്രി പെഡ്രോ സാഞ്ചസ്**

ന്നു കൊണ്ടിരിക്കുന്ന കുറ്റകൃത്യങ്ങളെ സംബന്ധിച്ച് ലഭിച്ചുകൊണ്ടിരിക്കുന്ന ആരോപണങ്ങളെ പറ്റിയും തെളിവുകളെ പറ്റിയും ഞാൻ അത്യധികം ആശങ്കാകുലനാണെന്നും ഞങ്ങളുടെ അന്വേഷണം തുടർന്നു കൊണ്ടിരിക്കുകയാണെന്നും' കരിം ഖാൻ പറഞ്ഞു. '2023 ഒക്ടോബർ 7 മുതലുള്ള അക്രമങ്ങളെ പറ്റിയും, ലൈംഗിക അതിക്രമങ്ങളും സംബന്ധിച്ചുമുള്ള റിപ്പോർട്ടുകളടക്കം ബഹുമുഖമായ അന്വേഷണങ്ങളിൽ എന്റെ ഓഫീസ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ഗാസയിലെ വൻ തോതിലുള്ള ബോംബിംങ് നിരന്തരം സിവിലിയൻ മരണങ്ങൾക്കും പരിക്കുകൾക്കും കാരണമായിക്കൊണ്ടിരിക്കുകയാണ്. നെതന്യാഹു സാധാരണ സിവിലിയൻ ജനങ്ങളെ ഗസ്സയിലെ എല്ലാ കോണുകളിൽ നിന്നും കരുതിക്കൂട്ടിയും വ്യവസ്ഥാപിതമായും പട്ടിണിക്കിട്ട് കൊല്ലുന്ന കുറ്റകൃത്യമാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്നും നടുക്കുന്ന മനുഷ്യാതിജീവനത്തിന്റെ കഥയാണ് ഗസ്സയുടെത്' എന്നും കരീം ഖാൻ പറഞ്ഞു. കുറ്റങ്ങൾക്ക് തെളിവുണ്ടെന്ന് ജഡ്ജിമാർക്ക് ബോധ്യപ്പെട്ടാൽ മാത്രമെ വാറന്റ് പുറപ്പെടുവിക്കുകയുള്ളൂ. ഇതുവരെയില്ലാത്തവിധം നെതന്യാവിനും ഗലാന്റിനുമെതിരായ ലോക കോടതിയുടെ പ്രൊസിക്യൂഷൻ നീക്കം ഇസ്റയേലിനു വൻ തിരിച്ചടിയായി. ഹമാസും ഖാന്റെ പ്രസ്തവനക്കെതിരെ രൂക്ഷമായി പ്രതികരിച്ചു. 'ഇരകളോടും വേട്ടക്കാരോടും ഒരേ സമീപനം ശരിയല്ല' എന്നാണ് ഹമാസ് നേതാക്കന്മാർ പറഞ്ഞത്.

അന്താരാഷ്ട്രാ ക്രിമിനൽ കോടതിയുടെ പ്രൊസിക്യൂട്ടറുടെ അറസ്റ്റ് ആവശ്യത്തിനെതിരെ അമേരിക്കൻ പ്രസിഡണ്ട് ജോ ബൈഡൻ രൂക്ഷമായാണ് പ്രതികരിച്ചത്. 'അതിരുകടന്ന ആവശ്യം' എന്നാണ് ബൈഡന്റെ പ്രതികരണം. സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ ക്രിമിനൽ കോടതിക്ക് അങ്ങനെ വാറണ്ട് പുറപ്പെടുവിക്കാൻ അധികാരമില്ലെന്നാണ് പറഞ്ഞത്. ശ്രദ്ധേയമായ കാര്യം അമേരിക്കയുടെയും ഇസ്റയേലിന്റേയും എല്ലാ അതിക്രമങ്ങളെയും പിന്തുണച്ചിരുന്ന ഫ്രാൻസ് അന്താരാഷ്ട്രാ ക്രിമിനൽ കോടതി മുഖ്യ പ്രൊസിക്യൂട്ടർ കരീം ഖാന്റെ അറസ്റ്റ് വാറന്റ് ആവശ്യത്തെ പിന്തുണക്കുന്ന കാഴ്ച്ചയാണ് കാണുന്നത്.

അന്താരാഷ്ട്രാ രംഗത്ത് ഇസ്റയേലിനുണ്ടായ മറ്റൊരു വമ്പിച്ച ആഘാതവും ഫലസ്തീൻ അനുകൂല മുന്നേറ്റവും മൂന്ന് യൂറോപ്യൻ രാജ്യങ്ങൾ ഫലസ്തീനെ ഈ മാസം 28 ന് സ്വതന്ത്രരാഷ്ട്രമായി അംഗീകരിക്കാൻ പോകുകയാണ് എന്നതാണ്. അയർലണ്ട്, സ്പെയിൻ, നോർവ്വേ എന്നീ മൂന്ന് രാജ്യങ്ങളാണ് അവ. കരീം ഖാന്റെ പ്രഹരത്തിനു ശേഷമുണ്ടായ ഈ പ്രഖ്യാപനം കുറച്ചൊന്നുമല്ല ഇസ്റയേലിനെ അസ്വസ്ഥമാക്കുന്നത്. മറ്റു പശ്ചാത്യ രാജ്യങ്ങളും തങ്ങളുടെ പാത പിന്തുടരുമെന്ന് ഈ മൂന്നു പാശ്ചത്യൻ രാജ്യങ്ങളും പ്രതീക്ഷ പ്രകടിപ്പിച്ചു. തീർച്ചയയും യൂറോപ്യ രാജ്യങ്ങളിൽ ഫലസ്തീൻ അനുകൂല നീക്കം വർദ്ധിക്കാൻ ഇത് സഹായകമാണ്. ഈ പ്രഖ്യാപനത്തിൽ കുപ്പിതരായ ഇസ്റയേൽ പ്രസ്തുത മൂന്നു രാജ്യങ്ങളിൽ നിന്നും തങ്ങളുടെ സ്ഥാനപതിമാരെ പിൻവലിച്ചിച്ചിട്ടുണ്ട്.

ആയിരക്കണക്കിനു മനുഷ്യർ മരിച്ചുക്കൊണ്ടിരിക്കുന്ന പശ്ചിമേഷ്യയിലെ പ്രശ്നത്തിനു രാഷ്ട്രീയ പരിഹാരം ഇസ്റയേലികളും ഫലസ്തീനികളും അടുത്തടുത്ത രണ്ടു രാജ്യങ്ങളിൽ സമാധാനത്തോടെയും സുരക്ഷിതമായും കഴിയലാണെന്ന്. രണ്ട് രാഷ്ട്രങ്ങൾ രൂപീകരിക്കലല്ലാതെ പശ്ചിമേഷ്യൻ പ്രശ്നത്തിന് വേറെ പരിഹാരമില്ലെന്ന് നോർവീജിയൻ പ്രധാനമന്ത്രി യൂനാസ് ഗാർ സ്റ്റോർ അഭിപ്രായപ്പെട്ടു. ഗസ്സയിൽ ഏഴു മാസത്തിലേറെയായി നടക്കുന്ന ഇസ്റയേൽ ഹമാസ് യുദ്ധം അവസാനിപ്പിക്കുന്ന ശ്രമങ്ങൾക്ക് ആക്കം പകരുകയാണ് ഫലസ്തീനെ അംഗീകരിക്കുന്നതിലൂടെ സ്പെയിൻ ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രി പെഡ്രോ സാഞ്ചസ് പാർലമെന്റിൽ പറഞ്ഞു. ഫലസ്തീനിലെ സാഹചര്യം ഞങ്ങളുടെ നേതാക്കന്മാർ പഠിച്ചു. ഒരു കാര്യം വളരെ വ്യക്തമായി ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടു. അതായത് നെതന്യാഹുവിന് ഫലസ്തീനിനെ സംബന്ധിച്ച് ഒരു സമാധാന പ്രൊജക്റ്റ് ഇല്ല എന്ന്. അന്തരാഷ്ട്രാ സമൂഹത്തെ ശ്രദ്ധിക്കാൻ നെതന്യാഹു കൂട്ടാക്കുന്നില്ല. അദ്ദേഹം സിവിലി

യൻ മേഖലകളിൽ ബോംബ് വർഷിച്ചുകൊണ്ടിരിക്കുകയാണ്. ജനങ്ങൾക്ക് സഹായം നൽകുന്നത് നിരാശജനകമാം വിധം തടഞ്ഞുകൊണ്ടിരിക്കുകയുമാണ്. സ്പെയിൻ പ്രധാനമന്ത്രി പെഡ്രോ സാഞ്ചസ് പറഞ്ഞു. ഡബ്ലിനിൽ വാർത്ത സമ്മേളനം നടത്തിയാണ് ഫലസ്തീനെ രാഷ്ട്രമായി അംഗീകരിക്കാനുള്ള തീരുമാനം അയർലണ്ട് പ്രധാനമന്ത്രി സൈമൺ ഹാരിസ് അറിയിച്ചത്. ഐക്യരാഷ്ട്ര സഭയിൽ അംഗങ്ങളായ 193 രാജ്യങ്ങളിൽ 144 എണ്ണം ഫലസ്തീനെ രാഷ്ട്രമായി അംഗീകരിക്കുന്നവരാണ് ഇന്ത്യ, ചൈന, റഷ്യ എന്നിവ ഇതിലുൾപ്പെടുന്നു. എന്നാൽ 27 അംഗ യൂറോപ്യൻ യൂണിയനിലെ 7 രാജ്യങ്ങൾ ഫലസ്തീനിനെ രാജ്യമായി അംഗീകരിച്ചിട്ടില്ല. പഴയ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളും സ്വീഡനും സൈപ്രസും മാത്രമേ ഫലസ്തീനെ അംഗീകരിക്കുന്നുള്ളൂ. ബ്രിട്ടൻ ഓസ്ട്രേലിയ യൂറോപ്യൻ യൂണിയൻ അംഗങ്ങളായ മാൾട്ട എന്നീ രാജ്യങ്ങൾ ഫലസ്തീനെ ഉടൻ അംഗീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. പോർറ്റുഗൽ ബെൽജിയം അടക്കം പല യൂറോപ്യൻ രാജ്യങ്ങളിലും അത്തരം ചർച്ചകൾ സജീവമായി നടക്കുകയാണ്.

ചുരുക്കത്തിൽ പൈശാചികവും ഭീകരവും മനുഷ്യത്വരഹിതവുമായ ഇസ്റായീൽ നയങ്ങൾക്കെതിരെ ലോക ജനാഭിപ്രായം രൂപപ്പെടുകയാണ്. തീർച്ചയായും അനീതിയും അസത്യവും ദീർഘനാൾ വാഴില്ല.

പേജ് 27 ൽ നിന്ന്

ഷ്ടപ്പെടുന്നത് നിനക്ക സ്വീകരിക്കാം അതിന്ന് ആരും തടസ്സം നിൽക്കുകയില്ല. നീ വീടുവിട്ടതിൽ പിന്നെ ഒരു വിവരവും ഞങ്ങൾ അറിഞ്ഞിട്ടില്ല. നിന്റെ മാതാവ് അതീവ ദുഖത്തിൽ കഴിയുകയാണ്. സഹോദരീ സഹോദരന്മാരുടെ അവസ്ഥയും ഇത് തന്നെയാണ്. അത് കൊണ്ട് നീ ഇപ്പോൾ എന്റെ കൂടെ വരിക. എല്ലാവരെയും കണ്ടതിന്ന് ശേഷം നിനക്ക് തിരിച്ചു വരാവുന്നതാണ്. പിതവിന്റെ ഈ ഉപദേശങ്ങൾ ഒക്കെയും ശ്രവിച്ചിട്ടും വാഗ്ദത്ത മസീഹിനെ വിട്ടുപോകാൻ ഭായി അബ്ദുർറഹ്മാൻ സാഹിബ് തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. ഒടുവിൽ മേത്താ ഗോരന്ദ് വാഗ്ദത്ത മസീഹിന്റെ സവിധത്തിലെത്തി. അരമണിക്കൂർ സംസാരിക്കുകയും മകനെ തന്റെ കൂടെ വരാൻ പ്രേരിപ്പിക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. വാഗ്ദത്ത മസീഹ് ഭായി സാഹിബിനെ മാറ്റി നിർത്തി അഭിപ്രായമാരാഞ്ഞു. എനിക്ക് എന്റെ മാതാപിതാക്കളോടും ബന്ധുക്കളോടും അതിയായ സ്നേഹമുണ്ട്. എന്നാൽ എനിക്കതിലും അതിലും വലുത് ലഭിച്ചിരിക്കുന്നു. അങ്ങയുടെ ശിഷ്യത്വം സ്വീകരിക്കാൻ എനിക്ക് സൗഭാഗ്യം സിദ്ധിച്ചിരിക്കുന്നു. ഇസ്ലാമിനെക്കുറിച്ച് എനിക്ക് ഇനിയും കൂടുതൽ പഠിക്കണം. അതിനാൽ ഞാൻ അദ്ദേഹത്തിനോടൊപ്പം പോകാൻ ഒട്ടും ആഗ്രഹിക്കുന്നില്ല. നോക്കുക! വാക്കുകൾ വ്യത്യസ്തമാണെങ്കിലും സൈദ്ബ്നു ഹാരിസും ഭായി അബ്ദുർറഹ്മാൻ സാഹിബും പ്രകടിപ്പിച്ച ഹൃദയ വികാരം ഒന്നുതന്നെയായിരുന്നു. ഭായി അബ്ദുർറഹ്മാൻ സാഹിബിന്റെ ഇഷ്ടത്തിന്നെതിരായി നിർദ്ദേശം കൊടുക്കാൻ വാഗ്ദത്ത മസീഹ് ഉദ്ദേശിച്ചിരുന്നില്ല. പക്ഷേ താൻ ഭായിയെ പിടിച്ചിച്ചു നിർത്തയതാണെന്ന തോന്നൽ പിതാവിന്നുണ്ടാകാതിരിക്കുന്നതിന്ന്, മകൻ ഖാദിയാനിൽ വരാൻ ആഗ്രഹിച്ചാൽ ഒരു തടസ്സുവുമുണ്ടാകരുത് എന്ന നിബന്ധന വാങ്ങിക്കൊണ്ട് ഭായി സാഹിബിനോട് പിതാവിന്റെ കൂടെ പോകാൻ വാഗ്ദത്ത് മസീഹ് നിർദ്ദേശിച്ചു. അങ്ങനെ വളരെ ദുഖകരമായ അന്തരീക്ഷത്തിലാണ് ഭായി സാഹിബ് പിതാവിന്റെ കൂടെ പോയത്. വീട്ടിലെത്തിയതിന്ന് ശേഷം പിതാവ് വാഗ്ദത്ത മസീഹിനോട് ചെയ്ത കരാറിന്ന് വിരുദ്ധമായി പ്രവർത്തിക്കുകയുണ്ടായി. മകനോട് ഇസ്ലാം ഉപേക്ഷിക്കാൻ നിർബന്ധിക്കുകയും മർദ്ദിക്കുകയും കൊന്നുകളമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. ഭായി സാഹിബ് എല്ലാ പീഢനങ്ങളും സഹിച്ചു. രഹസ്യമായി നമസ്ക്കാരമനുഷ്ഠിക്കുകയും ഖുർആൻ ഓതുകയും ചെയ്തു. ഈ അവസ്ഥയിൽ നിന്നും മോചന മുണ്ടാകുന്നതിന്ന് അല്ലാഹുവിനോട് കരഞ്ഞ് പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ അല്ലാഹു അദ്ദേഹത്തിന്ന് അത്ഭുതകരമായ നിലയിൽ മോചനത്തിന്നുള്ള വഴിയൊരുക്കി ക്കൊടുത്തു. അദ്ദേഹം വീണ്ടും ഖാദിയാനിലെത്തുകയും വാഗ്ദത്ത മസീഹി(അ)ന്റെ സാമീപ്യത്തിൽ ജീവിതകാലം മുഴുവൻ കഴിച്ചുകൂട്ടുകയും ചെയ്തു. വാഗ്ദത്ത മസീഹിന്റെ ചരമത്തിന്ന് ശേഷവും അദ്ദേഹത്തിന്ന് ദീർഘകാലം ഇസ്ലാമിന്ന് സേവനം ചെയ്യാനുള്ള അവസരമുണ്ടായി. ഇത്തരത്തിൽ ആദ്യകാല സഹാബത്തിന്റെ മാതൃകയിലുള്ള ഒരു സമൂഹം വാഗ്ദത്ത മസീഹ് മുഖേനയും ജന്മമെടുത്തതായി കാണാൻ സാധിക്കുന്നതാണ്.

പേജ് 8 ൽ നിന്ന്

ത്തേയും അവസാനത്തേയും സ്ഥാനം ഒരു യുദ്ധനിപുണൻ എന്നുള്ളത് അല്ലായിരുന്നു; മറിച്ച് ധാർമികവും ആത്മീയവുമായ ഒരു നേതാവിന്റെതായിരുന്നു. ആ കൈകളിൽ ഉന്നത സ്വഭാവങ്ങളുടെ പതാക ഉണ്ടായിരുന്നു. ആ പതാക ഉയർത്തിയതിനും അത്യുന്നതിയിൽ നിലനിർത്തുന്നതിനുംവേണ്ടി ആ മഹാത്മാവ് മഹത്തായ ജിഹാദിൽ ഏർപ്പെട്ടിരുന്നു. അത് നൈരന്തര്യമുള്ള ഒരിക്കലും അവസാനിക്കാത്ത അത്യധ്വാനമായിരുന്നു. അത് സമാധാനഘട്ടത്തിലും യുദ്ധാവസ്ഥയിലേതുപോലെ തുടർന്നു വന്നിരുന്നു.

ഈ യുദ്ധം നബി(സ)ന്റെ സത്യസാക്ഷ്യത്തിനുള്ള ഒരു വലിയ ദൃഷ്ടാന്തമായിരുന്നു. ഈ യുദ്ധത്തിൽ

നബി(സ)ന്റെ പ്രവചനമനുസരിച്ച് മുസ്‌ലിംകൾക്ക് ആദ്യം വിജയം ലഭിക്കുകയുണ്ടായി, നബി(സ)ന്റെ പ്രിയപ്പെട്ട പിതൃവ്യൻ കൊല്ലപ്പെട്ടു, യുദ്ധാരംഭത്തിൽ തന്നെ കാഫിരീംകളുടെ പതാകവാഹകൻ കൊല്ലപ്പെട്ടു, പ്രവചനം പോലെ തന്നെ നബി(സ)നു പരിക്ക് പറ്റുകയും നിരവധി സ്വഹാബാക്കൾ ശഹീദാകുകയും ചെയ്തു. കൂടാതെ ചരിത്രത്തിൽ മറ്റൊരിടത്തും കാണാൻ കഴിയാത്ത ആത്മാർഥതയും കൂറും മുസ്‌ലിംകൾക്ക് പ്രകടിപ്പിക്കാനുള്ള അവസരവും ലഭിക്കുകയുണ്ടായി.

ഉഹുദ് യുദ്ധത്തിനു തൊട്ടുശേഷമുള്ള സംഭവങ്ങളും ഹംറാഉൽ അസദ് യുദ്ധനീക്കത്തിന്റെ വിവരണങ്ങളും ഇവിടെ അവസാനിക്കുകയാണ്.

ലോകത്തിന്റെയും മുസ്‌ലിംകളുടെയും അവസ്ഥകളിലേക്കും ഫലസ്തീനെ സംബന്ധിച്ചും ദുഃആകളിലേക്ക്, ശ്രദ്ധക്ഷണിക്കുകയാണ്. കുറച്ചു കാല ത്തേക്ക് യുദ്ധവിരാമം വേണമെന്ന് പ്രത്യക്ഷത്തിൽ ചില കേന്ദ്രങ്ങളിൽ നിന്ന് ആവശ്യമുയരുന്നു. ഇതു ണ്ടായാൽ പോലും ഫലസ്തീനികൾക്ക്മേൽ അക്രമം അവസാനിക്കില്ലെന്നാണ് തോന്നുന്നത്. അതുകൊണ്ട് ഒരുപാട് ദുഃആ ചെയ്യുക. അല്ലാഹുവിലേക്ക് കുനിയാൻ ഫലസ്തീനികൾക്കും തൗഫീഖ് നൽകുമാറാകട്ടെ. ഏതായാലും ഈ അവസ്ഥകൾ അഹങ്കാരികളുടെ ഗർവ് ഇല്ലാതാക്കാൻ അല്ലാഹു തന്നെ ഒരു പദ്ധതി ഉണ്ടാക്കിയതായി തോന്നുന്നു. അത് എപ്പോൾ പൂർത്തിയാകുമെന്ന് അല്ലാഹുവിന് മാത്രമേ നന്നായറിയൂ. ഏതായാലും അവരുടെ അഹങ്കാരം തകരാൻ തുടങ്ങിയിരിക്കുന്നു. അവരുടെ ഉള്ളിൽനിന്നു തന്നെ അവരുടെ എതിരാളികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അമേരിക്കയിലും പ്രതിഷേധം ഉണ്ടായിക്കൊണ്ടിരിക്കുന്നു. പ്രതിഷേധം അവസാനിപ്പിക്കാൻ ഇപ്പോൾ ശക്തി പ്രയോഗിക്കുകയാണ്. പക്ഷെ ഈ തീപ്പൊരികൾ താൽക്കാലികമായി തടഞ്ഞാലും വീണ്ടും പൊങ്ങുക തന്നെ ചെയ്യുന്നതാണ്. അല്ലാഹു ലോക ത്തിലെ വൻശക്തികൾക്ക് വിവേകം നൽകുമാറാകട്ടെ. അവർ നീതിപൂർവം പ്രവർത്തിക്കുന്നവരാകുമാറാകട്ടെ. തങ്ങൾക്കുള്ള നിയമം വേറെയും മറ്റുള്ളവർക്ക് വേറൊന്നുമാണ്. ഇത് തന്നെ പിന്നീട് യു. എൻ.ഒ.യെ പൊളിക്കാനും കാരണമാകുന്നതാണ്.

ഇനി ഞാൻ എനിക്ക് വേണ്ടി ദുഃആക്ക് പറയാൻ ആഗ്രഹിക്കുന്നു. കുറച്ചു കാലമായി എനിക്ക് ഹൃദയവാൾവ് സംബന്ധമായി പ്രയാസമുണ്ടായിരുന്നു. ഡോക്ടർ പ്രൊസീജറുകളും മറ്റും പറയാറുണ്ട്. പക്ഷെ ഞാൻ അത് മാറ്റിവെച്ചു കൊണ്ടിരുന്നു. ഇനിയും കാത്തിരിക്കുന്നത് ഉചിതമല്ലെന്നും അത്തരം ഘട്ടത്തിലാണെന്നും ഡോക്ടർമാർ പറ യുകയുണ്ടായി. അങ്ങനെ അവർ പറഞ്ഞ പ്രകാരം വാൾവ് മാറ്റുന്ന പ്രൊസീജർ നടത്തി. അത് ശരിയാകുകയും ചെയ്തു. അതുകൊണ്ട് ഡോക്ടർ മാരുടെ നിർദേശപ്രകാരം എനിക്ക് മസ്ജിദിൽ വരാൻ കഴിഞ്ഞില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മെഡിക്കൽ പ്രൊസീജറുകൾ വിജയകരമായി പൂർത്തിയായെന്നാണ് ഡോക്ടർമാർ പറഞ്ഞത്. അല്ലാഹു ആയുസ്സ് തരുന്ന അത്രയും ഊർജസ്വലമായ ജീവിതം നൽകാൻ ദുഃആ ചെയ്യുക.

**പേജ് 17 ൽ നിന്ന്**

10.1093/sleep/29.6.831. Amber Brooks , Leon Lack. A brief afternoon nap following nocturnal sleep restriction: which nap duration is most recuperative?

[2] Sleep Med. 2017 Sep; 37: 88-97. Exploring the nap paradox: are mid-day sleep bouts a friend or foe?

[3] Ibid

[4] Int J Gen Med. 2022; 15: 1381-1391. Qian Wang, Huanhuan Zhu, 1 Ruiming Dai, and Tiantian Zhang. Associations Between Total Sleep Duration and Cognitive Function Among Middle-Aged and Older Chinese Adults: Does Midday Napping Have an Effect on It?

[5] https://www.researchgate.net/publication/288727341_The_effects_of_a_20-minute_midday_nap_on_tiredness_concentration_and_attention

[6] Kang H, Feng X, Zhang B, Guo E, Wang L, Qian Z, Liu P, Wen X, Xu W, Li Y, Jiang C, Wu Z, Zhang H, Liu A. The Siesta Habit is Associated with a Decreased Risk of Rupture of Intracranial Aneurysms. Front Neurol. 2017 Sep 1;8:451.

[7] The Journal of Clinical Endocrinology & Metabolism, Napping Reverses the Salivary Interleukin-6 and Urinary Norepinephrine Changes Induced by Sleep Restriction. Brice Faraut, Samir Nakib, Catherine Drogou, Maxime Elbaz, Fabien Sauvet, Jean-Pascal De Bandt, Damien LWpger.Volume 100, Issue 3, 1 March 2015, Pages E416-E426

[8] Heart. 2019 Dec;105(23):1793-1798. Nadine Häusler, Jose Haba-Rubio, Raphael Heinzer, Pedro Marques-Vidal. Association of napping with incident cardiovascular events in a prospective cohort study

[9] Behav Sleep Med. 2019 Sep-Oct; 17(5): 537-551. Xiaopeng Ji, Junxin Li, and Jianghong Liu, The Relationship between Midday Napping and Neurocognitive Function in Early Adolescents

[10] Psychiatry Clin Neurosci. . 2000 Apr;54(2):207-12. Z Luo 1, S InouWp. A short daytime nap modulates levels of emotions objectively evaluated by the emotion spectrum analysis method

[11] Naps and exercise: reinforcing a range of benefits for elderly health, Felipe Hideki Arakaki,Sergio Tufik &Monica Levy Andersen, Pages 886-887 | Received 25 Jan 2019, Accepted 28 Mar 2019, Published online: 16 Apr 2019

[12] Effects of a daytime nap in the aged. Munehisa Tamaki, Ai Shirota, Hideki Tanaka, Mitsuo Hayashi, Tadao Horiformat_quoteCITE-https://doi.org/10.1046/j.1440-1819.1999.00548.xPublished inPsychiatry and Clinical NeurosciencesPublisherJohn Wiley & Sons, LtdISSN1323-1316eISSN1440-1819Published12 February 2002Volume53Issue2Pages273 - 275

[13] Front. Public Health, 25 August 2022. Sec. Aging and Public Health https://doi.org/10.3389/fpubh.2022.963105. Association of sleep quality and nap duration with cognitive frailty among older adults living in nursing homes

[14] Cai M, Huang Y, Sun X, He Y, Sun C. Siesta is associated with reduced systolic blood pressure level and decreased prevalence of hypertension in older adults. J Hum Hypertens. 2016 Mar;30(3):216-8.

[15] J Clin Sleep Med. 2015 Jun 15; 11(6): 635-643. Minimal Effect of Daytime Napping Behavior on Nocturnal Sleep in Pregnant Women, Rebecca M. Ebert, BS,1 Annette Wood, BA,1 and Michele L. Okun, PhD1,2

[16] Neuroscience & Biobehavioral Reviews. Volume 96, January 2019, Pages 272-289. Neuroscience & Biobehavioral Reviews Fatigue and its management in the workplace. John A.CaldwellaJ. LynnCaldwellbLauren A.ThompsoncHarris R.Liebermanc

[17] PLoS One. 2015; 10(2): e0117425. Napping Reverses Increased Pain Sensitivity Due to Sleep Restriction. Brice Faraut, Damien LWpger, Terkia Medkour,, Alexandre Dubois, Virginie Bayon, 1 Mounir Chennaoui, and Serge Perrot Manabu Sakakibar

[18] Nat Sci Sleep. . 2021 Jun 24;13:841-862. doi: 10.2147/NSS.S315556. eCollection 2021. To Nap or Not to Nap? A Systematic Review Evaluating Napping Behavior in Athletes and the Impact on Various Measures of Athletic Performance. Michele Lastella, Shona L Halson, Jacopo A Vitale, Aamir R Memon, Grace E Vincent


[19] Physiological response and physical performance after 40 min and 90 min daytime nap opportunities. Omar Boukhris,Khaled Trabelsi,-David W. HillORCID Icon,Hsen Hsouna,Raouf Abdessalem,Achraf Published online: 25 May 2022

[20] Sahih al-Bukhari, Hadith 940

(21) The Holy Quran 24:59

(22) Sun Ibn Majah, Book of Fasting

# www.mta.tv




Muslim Television Ahmadiyya International (MTA)

*Reaching The Corners Of The Earth*

MTA International emerged in 1994 with the aim of providing a positive alternative in the broadcasting world.

MTA was the brainchild of Hadhrat Mirza Tahir Ahmad, Khalifat-ul-Masih IV ra, and ever since its inception MTA has been a unique channel in many respects. Its focus lies in producing programs that can be enjoyed by people of all ages at all times. It recognizes that television plays a significant role in the world and has accordingly devoted itself to applying this influence positively for the purpose of educating its viewers. MTA's future is not dependant upon commercial sponsorships or license fees, thus allowing it to concentrate on producing a variety of programs on a range of subjects for its viewers in all parts of the world, without sacrificing standards.

MTA offers quality family viewing right across the globe. It broadcasts internationally in up to eight languages simultaneously and features programs focusing on the different cultures of the world and the environments in which they exist. MTA has also kept pace with technology and broadcasts in both analogue and digital. MTA features many thought-provoking discussions and programs on issues of great relevance to society, with some of MTA's programs being unmatched in their high level of quality.

Published on 07.06.2024 Pages 44 Vol: 96 Issue.06
RNI No. 3332/1957, Registered KL/EKM/726/2024-26 Price Rs. 30/-
Licence No. KL/CR/EKM/WPP-19/2024-26. Licensed to post without Prepayment
The Sathyadoothan Monthly


## വായിക്കുക, വരിക്കാരാവുക!

# സത്യദൂതൻ

Rs. 30/-




ഒരു നൂറ്റാണ്ടിനോടടുക്കുന്ന
മലയാളത്തിലെ
ഏക ഇസ്‌ലാമിക
പ്രസിദ്ധീകരണം

## SUBSCRIBE

ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ

*കൂടുതൽ വിവരങ്ങൾക്ക്:*
**മാനേജർ**
**സത്യദൂതൻ, മസ്ജിദ് ഉമർ**
**സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം**
***Email : sathyadoothan1@gmail.com***
***Phone No: 9447086862 (G. Pay)***

G Pay
accepted here
ISLAM INTERNATIONAL PUBLICATIONS
+91 94470 86862
9447086862@okbizaxis
BHIM UPI


Printed & Published by B.B.Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at A-One Offset Prints, Ramanattukara, Calicut, Kerala - 673 633
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim.